SINCE 1976

# ഐക്യദീപം

വില ₹10

2021 ഏപ്രിൽ




## ഏവർക്കും ഈസ്റ്റർ ആശംസകൾ

www.malankaralibrary.com



2021 ഫെബ്രുവരി 22 മുതൽ 24 വരെ തിരുവനന്തപുരം പട്ടം കാതോലിക്കേറ്റ് സെന്ററിൽ നടന്ന
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പരിശുദ്ധ സുന്നഹദോസിൽ പങ്കെടുത്ത
അഭി. പിതാക്കന്മാർ അത്യഭിവന്ദ്യ കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവായോടൊപ്പം

www.malankaralibrary.com

# ഐക്യദീപം





2021 ഏപ്രിൽ
പുസ്തകം 52 ലക്കം 14



രക്ഷാധികാരി
**മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ**

ചീഫ് എഡിറ്റർ
**ഫാ. ഡോ. ഐസക് പറപ്പള്ളിൽ**

അസോ. എഡിറ്റർ
**ഫാ. മാത്യു ചിറയിൽ**

പ്രസാധകൻ
**റൈറ്റ് റവ. തോമസ് കൊടിനാട്ടുകുന്നേൽ കോർ എപ്പിസ്കോപ്പാ**

സർക്കുലേഷൻ മാനേജർ & കോ-ഓർഡിനേറ്റർ
**ഫാ. കോശി മണ്ണിൽ**

ഓഫീസ് സെക്രട്ടറി
**ചിന്നു എൽസ ഐസക്**

**പത്രാധിപസമിതി**

ഫാ. ഡോ. തോമസുകുട്ടി പതിനെട്ടിൽ
ഫാ. ഡോ. തോമസ് പാറയ്ക്കൽ
റവ. സി. അലീന എസ്.ഐ.സി.
റവ. സി. റാണി മരിയ ഒ.എസ്.എസ്.
ലൈജു കോശി മാത്യു
ജയിസ് കോഴിമണ്ണിൽ
വർഗീസ് ഐസക് തെക്കേടത്ത്



Annual Subscription ₹ 120.00
Single Copy ₹ 10.00
Overseas : $40.00 or ₹ 2750

Bank Details :
Chief Editor, Aikyadeepam
Union Bank, Tiruvalla 689 101
A/c No. 110110100023901
IFSC. UBIN0811017
SWIFT CODE : ANDBINBB

Printed at :
Mangalam Webmedia, Kottayam
Designed by :
St. Joseph Press
Kacherippady, Tiruvalla
Ph : 0469 2602936
sjtvla10@gmail.com


## ഉള്ളടക്കം


എഡിറ്റോറിയൽ – ശൂന്യമായ കല്ലറയും യേശുവിന്റെ ഉത്ഥാനവും ........ 04

ഇടയശബ്ദം – മരണത്തെ ജയിച്ച് ഭയത്തെ ദൂരീകരിച്ച ഉയിർപ്പ് ........ 06
മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ

ഈസ്റ്റർ – സഹോദരരേ, ഒരു പുതിയ വാർത്ത ........ 08
ഫാ. ജോബിൻ പുളിവിളയിൽ

എല്ലാ നാടാർക്കും സംവരണം ........ 15
കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവ

സഭയുടെ സംരക്ഷകനായ യൗസേപ്പുപിതാവ് ........ 19
ഫാ. ഡോ. ജോസഫ് കളരിപ്പറമ്പിൽ

ഫാ.ഡോ. മത്തായി കടവിലുമായുള്ള അഭിമുഖം ........ 24
ഫാ. ജോൺ കരപ്പനശ്ശേരിമലയിൽ

ഭാഗ്യസ്മരണാർഹനായ ഐസക് മാർ യൂഹാനോൻ മെത്രാപ്പോലീത്ത ........ 30
മോൺ. ചെറിയാൻ താഴമൺ

കേരളത്തിന്റെ പൊതുബോധം ആരുടെ നിർമ്മിതിയാണ് ? ........ 34
ഫാ. വർഗീസ് വള്ളിക്കാട്ട്

സുറിയാനി ഭാഷ – പഠന പരമ്പര (മൂന്നാം ഭാഗം) ........ 38
ഫാ. ഡോ. രാജു പറക്കോട്ട്

Teacher, Are you a Mentor ? ........ 42
ലൈജു കോശി മാത്യൂ കൊട്ടുവിരുത്തിൽ





All correspondence regarding Agency and Subscription : Chief Editor, Aikyadeepam Monthly
St. John's Metropolitan Cathedral, Tiruvalla - 1. Phone : 0469 2600626. E-mail : aikyadeepamtvla@gmail.com



www.malankaralibrary.com

## എഡിറ്റോറിയൽ



# ശൂന്യമായ കല്ലറയും യേശുവിന്റെ ഉത്ഥാനവും

**തി**രുനാളുകളുടെ തിരുനാളാണ് ഉത്ഥാന തിരുനാൾ. ക്രൈസ്തവരുടെ വിശ്വാസത്തിന്റെ അടിസ്ഥാനവുമാണ് യേശുക്രിസ്തുവിന്റെ ഉത്ഥാനം. പൗലോസ് അപ്പസ്തോലൻ പറയുന്നു: ''ക്രിസ്തു ഉയിർപ്പിക്കപ്പെട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥമാണ്, നിങ്ങളുടെ വിശ്വാസവും വ്യർത്ഥം'' (1 കോറി. 15:14). യേശുക്രിസ്തുവിന്റെ ഉത്ഥാനത്തെപ്പറ്റിയുള്ള വിവരണങ്ങൾ നാല് സുവിശേഷങ്ങളുടെയും അവസാന ഭാഗത്ത് നാം കാണുന്നു (മത്താ. 28:1-10, മർക്കോ. 16:1-13, ലൂക്ക 24:1-12, യോഹ. 20:1-18). തുറന്ന് കിടന്ന ശൂന്യമായ കല്ലറയും, ഉയിർത്തെഴുന്നേറ്റ കർത്താവിന്റെ പ്രത്യക്ഷീകരണവും, അപ്പസ്തോലന്മാരുടെ പ്രബോധനങ്ങളുമാണ് ഉത്ഥാനത്തിന് തെളിവായി നിലകൊള്ളുന്നത്. അപ്പസ്തോലന്മാരുടെയും ആദിമ ക്രൈസ്തവരുടെയും പ്രഘോഷണത്തിന്റെ കാതലും കേന്ദ്രവും കർത്താവിന്റെ ഉത്ഥാനമായിരുന്നു. അവർ കണ്ടതും കേട്ടതും അനുഭവിച്ചറിഞ്ഞതുമായ ആ സത്യം വി.ഗ്രന്ഥത്തിൽ അനേക തവണ രേഖപ്പെടുത്തിയിട്ടുണ്ട് (അ.പ്ര. 1:21, 2:23-24, 3:15, 4:2, 4:33, 13:30, 17:3, 23:6, 24:21, 26:23, 1 തെസ. 1:10, 1 കോറി. 15:3-5, റോമ 10:9, 2 തിമോ. 2:8.....). കുരിശിൽ മരിച്ച് യാഗമായവൻ, ആ യാഗത്തെ മഹത്വീകരിച്ചതാണ് ഉത്ഥാനത്തിൽ കാണുന്നത്. ഉത്ഥാനത്തിലൂടെ ലോകാവസാനം വരെ അവിടുന്ന് നമ്മോടുകൂടെ ആയിരിക്കുന്നു എന്നതാണ് ക്രൈസ്തവന്റെ സന്തോഷവും സമാധാനവും. ദൈവം മനുഷ്യനായി അവതരിച്ച്, കുരിശിൽ മരിച്ച്, ഉത്ഥാനത്തിലൂടെ നമ്മെ മഹത്വത്തിലേക്ക് ഉയർത്തി. മരണത്തെ ഭയപ്പെടേണ്ടതില്ലെന്ന് ഉത്ഥാനത്തിലൂടെ യേശു നമ്മെ പഠിപ്പിച്ചു. കാരണം, മരണം നിത്യജീവനിലേക്കുള്ള കവാടമാണ്. യേശു ഉത്ഥാനത്തിലൂടെ മരണത്തിന്റെ ശക്തിയെയും പാപത്തിന്റെ ശക്തിയെയും തകർത്തു.

നമ്മുടെ മനസ്സിൽ ആകുലതകൾ നിറയുന്നത് നമ്മൾ നമ്മെപ്പറ്റി മാത്രം ചിന്തിക്കുന്നതുകൊണ്ടും ദൈവത്തിന്റെ നമ്മോടൊപ്പമുള്ള സാന്നിധ്യം ചിന്തിക്കാത്തതുകൊണ്ടുമാണ്. ഈലോകജീവിതത്തിന്റെ ആകുലതകളിൽനിന്ന് മോചനം നല്കുകയാണ് കർത്താവിന്റെ ഉത്ഥാനത്തിന്റെ ലക്ഷ്യം. ഉത്ഥാനത്തിന്റെ സന്ദേശവും അതാണ് - ''നിങ്ങൾ ഭയപ്പെടേണ്ടാ ഞാൻ നിങ്ങളുടെ കൂടെയുണ്ട്'' എന്ന ഉറപ്പ്. യേശുവിന്റെ ഉത്ഥാനം, യേശുവിനോടുകൂടി ഒരു പുതിയ ജീവിതം നയിക്കുവാൻ നമ്മെ സഹായിക്കണം. ഇന്നലെകളുടെ പരാജയഭൂതങ്ങൾ നമ്മെ ഭയപ്പെടുത്താതിരിക്കണം, തളർത്താതിരിക്കണം. കാരണം, പരിമിതികളെയും പരാജയങ്ങളെയും പ്രതിസന്ധികളെയും അതിജീവിക്കുവാനുള്ള ആത്യന്തികമായ സാധ്യതയാണ് ഉയിർപ്പ്. ഇനി നമ്മൾ അന്ധകാരത്തിലല്ല, ഉത്ഥാനാനുഭവം സ്വന്തമാക്കിയവൻ പ്രകാശത്തിലാണ് ജീവിക്കേണ്ടത്. ഉയിർപ്പിന്റെ ശുശ്രൂഷപോലും രാത്രിയുടെ ഇരുട്ടിൽ പൂർത്തിയാക്കി പ്രകാശത്തിന്റെ പകലിലേക്കാണ് നമ്മെ കൂട്ടിക്കൊണ്ടുവരുന്നത്. ഉയിർപ്പ് പ്രകാശത്തിലേക്ക് നമ്മെ നയിക്കുന്നു, ഉയിർപ്പ് അനുഭവമാക്കിയവൻ പ്രകാശത്തിൽ ജീവിക്കുന്നു. അങ്ങനെ ഉത്ഥാനം, എന്റെ സകല വേദനകൾക്കും സഹനങ്ങൾക്കും പുതിയ അർത്ഥം നല്കുന്നു, ജീവിതത്തിന് പ്രത്യാശ നല്കുന്നു, അനുദിനജീവിതത്തിലെ ക്ലേശങ്ങൾ ഏറ്റെടുക്കാൻ എന്നെ ശക്തിപ്പെടുത്തുന്നു. മനുഷ്യന്റെ എല്ലാ പ്രശ്നങ്ങൾക്കും ദുരിതങ്ങൾക്കും ഒരു പരിഹാരമുണ്ട് - അതാണ് ഈസ്റ്ററിന്റെ സുവിശേഷം. ആരെയും ആർക്കും എക്കാലത്തേക്കും കുഴിച്ചുമൂടാൻ സാധ്യമല്ലെന്നും, സത്യത്തിന് മരണമില്ലെന്നും, ദൈവത്തിന് ഒരിക്കലും മരിക്കാൻ ആവില്ലെന്നും, അവനിൽ വിശ്വസിക്കുന്നവർക്കും അവനോട് ചേർന്നു നില്ക്കുന്നവർക്കും നാശമില്ലെന്നും ലോകത്തെ ദൈവം വിളിച്ചറിയിച്ച ദിവസമാണ് ഈസ്റ്റർ. യേശുവിന്റെ ഉത്ഥാനത്തെ ആർക്കും, ഒരു വ്യക്തിയ്ക്കും, ഒരു കല്ലറയ്ക്കും തടഞ്ഞു വയ്ക്കാനാവില്ല എന്നാണ് സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ള ഉത്ഥാനസംഭവങ്ങൾ വെളിവാക്കുന്നത്. എന്നിട്ടും ഉത്ഥാനമെന്ന യാഥാർത്ഥ്യത്തെ മറച്ചു വയ്ക്കുവാൻ വൈരികൾ ശ്രമിക്കുന്നത് വി. മത്തായിയുടെ സുവിശേഷം 28-ാം അദ്ധ്യായം 13-ാം വാക്യത്തിൽ നാം കാണുന്നു. ''ഞങ്ങൾ ഉറങ്ങിക്കിടന്നപ്പോൾ, അവർ മോഷ്ടിച്ചു കൊണ്ടുപോയി എന്ന് അവരോട് പറയണം''. ഉത്ഥാനം ചെയ്തതല്ല, അവർ യേശുവിന്റെ ശരീരം കല്ലറയിൽനിന്ന് മോഷ്ടിച്ചു കൊണ്ടുപോയതാണെന്ന് വരുത്തുവാനുള്ള വിഫലശ്രമം ഇവിടെ നാം കാണുന്നു. വി. അഗസ്തീനോസ് ഈ



www.malankaralibrary.com

വാദത്തെ ഖണ്ഡിക്കുന്നത് ഇങ്ങനെയാണ്: ഉറങ്ങിക്കിടക്കുമ്പോൾ നിങ്ങൾ എങ്ങനെയാണ് മോഷ്ടിച്ചത് കണ്ടത്? അഥവാ നിങ്ങൾ കണ്ടെങ്കിൽ എന്തുകൊണ്ട് അതിനെ തടഞ്ഞില്ല? വലിയ ശക്തിയുള്ള കാവൽക്കാർ ഉണ്ടായിട്ടും അവരേക്കാൾ ശക്തി കുറഞ്ഞവർ വന്ന് മോഷ്ടിച്ചുവെങ്കിൽ എന്തുകൊണ്ട് തടയാൻ ശ്രമിച്ചില്ല? ഉറങ്ങിക്കിടക്കുമ്പോൾ എങ്ങനെ നിങ്ങൾ കണ്ടു, കണ്ടെങ്കിൽ എന്തുകൊണ്ട് നിങ്ങൾ തടഞ്ഞില്ല?

ഒഴിഞ്ഞ കല്ലറ നമുക്ക് ഒരു അടയാളമാണ്, ഒരു സന്ദേശമാണ്, ഒരു ധ്യാനമാണ്. മരണത്തോടുകൂടി എല്ലാം നഷ്ടപ്പെട്ടുവെന്നും അവസാനിച്ചുവെന്നും കരുതുന്ന നിമിഷങ്ങളിൽ കർത്താവിന്റെ കല്ലറയിലേക്ക്, ശൂന്യമായ കല്ലറയിലേക്ക് നാം നോക്കണം. അവിടെ എന്താണ് സംഭവിച്ചത്? അത് അറിയാൻ നാം അവിടേക്ക് പോകണം, അതിന്റെ മുമ്പിൽ ശാന്തമായി നില്ക്കണം, സംഭവിച്ചതെന്തെന്ന് ബോധ്യപ്പെടണം. യുക്തിയുടെയോ വിചാരത്തിന്റെയോ അറിവിന്റെയോ തലത്തിൽനിന്ന് ഉയർന്ന് വിശ്വാസത്തിന്റെ തലത്തിലേക്ക് ഉയരുമ്പോൾ ശൂന്യമായ കല്ലറ നമുക്കും ഉത്ഥിതനായ കർത്താവിനെ വെളിപ്പെടുത്തും. മരിച്ചുവെന്ന് കരുതി എഴുതി തള്ളുന്ന പലതിന്റെയും മുമ്പിൽ ഉത്ഥാനം നമുക്ക് വെളിപാടാണ്. അത് നമുക്ക് ബോധ്യപ്പെടുന്നില്ലെങ്കിൽ ക്രിസ്തുവിന്റെ ഉത്ഥാനം ബൈബിളിന്റെ ചില പേജുകളിലും വാക്യങ്ങളിലും മാത്രം ഒതുങ്ങി പോകുന്ന കാര്യമാകാം. ശൂന്യമായ കല്ലറ നമുക്ക് ഒരു വെളിപാടാണ് – 'അവൻ ഇവിടില്ല' (മത്താ. 28:6) എന്ന വെളിപാട്. ബിഷപ്പ് ഫുൾട്ടൻ ജെ. ഷീൻ പറയുന്നു, എല്ലാ കുഴിമാടങ്ങളിലും അതിന്റെ ഉള്ളിലുള്ളവന്റെ പേരും, മരിച്ചവൻ ഇതിനകത്ത് ഉണ്ടെന്നും വ്യക്തമായി എഴുതി വയ്ക്കും. എന്നാൽ ശൂന്യമായ കല്ലറ നമ്മെ ഓർമ്മപ്പെടുത്തുന്നത് 'അവൻ ഇവിടെയില്ല' എന്നാണ്. ലോകത്തിൽ ഒരേ ഒരു കല്ലറ മാത്രമേ 'അവൻ ഇവിടെ ഇല്ലാ'യെന്ന് എഴുതി വച്ചിട്ടുള്ളൂ. മറ്റെല്ലാ കല്ലറകളിലും മരിച്ചവൻ ഇവിടെ ഉണ്ട് എന്ന് എഴുതി വയ്ക്കുമ്പോൾ, യേശുവിന്റെ കല്ലറയുടെ മുമ്പിൽ 'അവൻ ഇവിടെ ഇല്ലാ'യെന്നത് ശൂന്യമായ കല്ലറയുടെ അർത്ഥവ്യാപ്തി വർദ്ധിപ്പിക്കുന്നു, ഒരു വെളിപാട് നമുക്ക് നല്കുന്നു.

ഉത്ഥാനം നമുക്ക് അനുഭവമായാൽ നാം, സന്തോഷമുള്ളവരും സമാധാനമുള്ളവരുമാകും. മരണത്തിന് അടിപ്പെട്ടവനല്ല, മരണത്തെ വിജയിച്ചവനാണ് ദൈവം. അതിൽ വിശ്വസിക്കുമ്പോൾ നാമും മഹത്വത്തിലേക്ക് പ്രവേശിക്കും. അതിലൂടെ നമ്മുടെ വിശ്വാസത്തിന്റെ കാഴ്ചശക്തി വർദ്ധിക്കും. മനുഷ്യനിൽ ദൈവത്തെ കാണാൻ കഴിയുന്നവനാകണം ക്രൈസ്തവനെന്ന് യേശുവിന്റെ ഉത്ഥാനം നമ്മെ ഓർമ്മപ്പെടുത്തുന്നു. ദൈവത്തെ കണ്ടവന്റെ കണ്ണുകൾക്ക്, ദൈവികഛായയിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യനിലെ ദൈവത്തെ കാണാതിരിക്കാനാവില്ല. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യനിൽ ദൈവത്തെ കാണുന്നവനാണ് യഥാർത്ഥ ദൈവ വിശ്വാസി. ഉത്ഥാനം മനുഷ്യനിലെ ദൈവത്തെ കണ്ടുമുട്ടാനുള്ള അവസരമാണ്. അനേക മണിക്കൂറുകൾ നിരന്തരമായി പ്രാർത്ഥിച്ചിട്ടും വചനം ശ്രവിച്ചിട്ടും, ആകുലത വെടിഞ്ഞ് സമാധാനം അനുഭവിക്കുവാൻ നമുക്ക് കഴിയാത്തത് എന്തുകൊണ്ടാണ്? 'ദൈവമേ നീ മാത്രം മതി, നിന്റെ കൃപ മാത്രം മതി' എന്ന് പറഞ്ഞ് ജീവിക്കാൻ സാധിക്കാത്തത് എന്തുകൊണ്ടാണ്? അതിന് സാധിക്കുന്നില്ലെങ്കിൽ ഉത്ഥിതനെ മനസ്സുകൊണ്ടും ഹൃദയംകൊണ്ടും നാം സ്വീകരിച്ചില്ലായെന്ന് അർത്ഥം. സ്വീകരിച്ചിരുന്നുവെങ്കിൽ ഉത്ഥിതൻ നമ്മുടെ ജീവിതത്തിന്റെ ആകുലതകൾ ഏറ്റെടുക്കുമെന്നും, ഇനി അസ്വസ്ഥതപ്പെടേണ്ട ആവശ്യമില്ലെന്നുമുള്ള വിശ്വാസത്തിൽ നാം വളരുമായിരുന്നു. ഒന്നോർക്കുക, ജീവിത ക്ലേശങ്ങളിലും കൊടുംനിരാശയിലും കിടന്നു നട്ടം തിരിയുന്നവർക്ക് സന്തോഷത്തിന്റെയും പ്രത്യാശയുടെയും തിരിനാളമാണ് ഉയിർപ്പ്.

ഉത്ഥാനത്തിന് സാക്ഷികളായവർക്ക് സ്നേഹത്തിന്റെ പാരമ്യത്തിൽ ജീവിക്കുവാനുള്ള അനുഗ്രഹം ലഭിക്കും. കാരണം ഉയിർപ്പ് സ്നേഹത്തിൽ സംഭവിക്കുന്നതാണ്. ലാസർ, യേശുവിന്റെ സ്നേഹത്തിൽനിന്നാണ് ഉയിർത്തത്. "പുറത്തു വരുക" എന്ന ലാസറിനോടുള്ള യേശുവിന്റെ ആഹ്വാനം സ്നേഹത്തിൽനിന്നുള്ളതാണ്. പിതാവിന്റെ സ്നേഹത്തിൽനിന്നാണ് പുത്രന്റെ ഉയിർപ്പും എന്ന് യേശുവിന്റെ ഉത്ഥാനവും നമ്മെ ഓർമ്മിപ്പിക്കുന്നു. ഉയിർപ്പിന്റെ അനുഭവം ഉണ്ടാകുന്നതും, അത് ജീവിതത്തിൽ യാഥാർത്ഥ്യമാകുന്നതും, അത് മനസ്സിലാക്കാൻ സാധിക്കുന്നതും നമ്മെ മൂടിവച്ചിരിക്കുന്ന മൂടിക്കല്ല് മാറ്റുമ്പോഴാണ്. മരിച്ചവർക്കും ജീവിച്ചിരിക്കുന്നവർക്കും മൂടിക്കല്ല് ഉണ്ടാകാം. ആ മൂടിക്കല്ല് മാറണം. മൂടിക്കല്ല് മാറ്റി കല്ലറയിൽനിന്ന് പുറത്തുവന്ന ഉത്ഥിതനായ കർത്താവ് ഇന്നും എന്നും നമ്മോടൊപ്പം ഉണ്ട്. വി. കുർബാനയിലൂടെ, തിരുശരീരരക്ത സ്വീകരണത്തിലൂടെ ഓരോ ദിവസവും അവിടുന്ന് നമ്മിൽ വസിക്കുന്നു. വി. കുർബാനയിലൂടെ തന്റെ സാന്നിധ്യം മാനവരാശിക്ക് എന്നന്നേക്കുമായി അവിടുന്ന് നല്കി. സ്വന്തം ശരീരവും രക്തവും എല്ലാവർക്കുംവേണ്ടി, എല്ലാക്കാലത്തേക്കുംവേണ്ടി അവിടുന്ന് നല്കി. നമ്മോടൊപ്പമുള്ള ഉത്ഥിതനായ കർത്താവിന്റെ സാന്നിധ്യവും ചൈതന്യവും ഉൾക്കൊള്ളുവാൻ നമുക്ക് കഴിയട്ടെ.

ഏവർക്കും ഉയിർപ്പു തിരുനാളിന്റെ മംഗളങ്ങൾ

**ഫാ. ഡോ. ഐസക് പറപ്പള്ളിൽ**



www.malankaralibrary.com





**മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ്**
മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പ്



# മരണത്തെ ജയിച്ച് ഭയത്തെ ദൂരീകരിച്ച ഉയിർപ്പ്

യേശുവിന്റെ പീഡാനുഭവ വിവരണങ്ങളിലൂടനീളം ഭയം തളംകെട്ടി നില്ക്കുന്ന കാഴ്ച ദൃശ്യമാണ്. ഭയംമൂലം പത്രോസ് തന്റെ നാഥനെ തള്ളിപ്പറയുന്നു. മറ്റു ശിഷ്യർ ഓടി ഒളിക്കുന്നു. പീലാത്തോസ് ഭയംമൂലം കൈകഴുകുകയും നിരപരാധിയെ കുരിശുമരണത്തിന് വിധിക്കുകയും ചെയ്തു. പീലാത്തോസിന്റെ ഭാര്യ ഭയംമൂലം ഏതെങ്കിലും തരത്തിൽ യേശുവിനെ മോചിപ്പിക്കാൻ ശ്രമിക്കുന്നു. യേശുവിന്റെ കുരിശുമരണം ദർശിച്ച ശതാധിപൻ ഭയപ്പെട്ട് യേശുനാഥന്റെ ദൈവികത ഏറ്റുപറയുന്നു. യഹൂദരെ ഭയന്നിരുന്ന നിക്കോദേമോസ് സന്ധ്യായാമത്തിൽ കടന്നുവന്ന് യേശുവിന്റെ മൃതസംസ്ക്കാരത്തിനു നേതൃത്വം നല്കുന്നു. പ്രധാന പുരോഹിതന്മാർ യേശുവിനെ ഭയന്നിരുന്നതിനാൽ അവന്റെ കല്ലറയ്ക്കു കാവൽ ഏർപ്പെടുത്തുന്നു. ഉയിർപ്പുസമയത്തെ ഭൂകമ്പത്തിൽ കാവൽക്കാർ ഭയന്നുവിറച്ച് മരിച്ചവരെപ്പോലെയായി..... ഭയത്തെയും മരണത്തെയും ഇല്ലാതാക്കി സ്വാതന്ത്ര്യത്തിന്റെയും ജീവന്റെയും അരൂപി മനുഷ്യന് ഉറപ്പുനല്കിയ സുദിനമാണ് യേശുവിന്റെ ഉത്ഥാനം. ഭയരാഹിത്യത്തിന്റെയും സമൃദ്ധമായ ജീവന്റെയും സ്വാതന്ത്ര്യത്തിന്റെയും സംസ്ക്കാരത്തെ ലോകത്തിൽ ഉറപ്പിക്കുവാൻ ഉയിർപ്പ് നമ്മെ ക്ഷണിക്കുന്നു.

മനുഷ്യചരിത്രത്തിലേക്ക് ഭയം കടന്നു വരുന്നത് ആദിപാപത്തോടുകൂടിയാണ്. ദൈവത്തോടൊപ്പം സന്തോഷകരമായി കഴിഞ്ഞിരുന്ന ആദിമാതാപിതാക്കൾ പാപത്തിനുശേഷം ദൈവത്തിൽനിന്നും ഓടിയൊളിച്ചു (ഉല്പ. 3: 8-10). പാപമാണ് മനുഷ്യനിൽ ഭയം ഉളവാക്കിയത്. കാരണം, പാപം മനുഷ്യനെ ദൈവത്തിൽ നിന്നുമകറ്റി. ദൈവത്തിൽ നിന്നുമകന്ന അവസ്ഥയിൽ ദൈവത്തിന്റെ കാൽപെരുമാറ്റം പോലും മനുഷ്യനിൽ ഭയം ഉളവാക്കുന്നതായി കാണുന്നു. ചുരുക്കത്തിൽ, ദൈവത്തിൽനിന്നുള്ള അകൽച്ചയാണ് ഭയത്തിനു കാരണം.

ദൈവത്തിൽ നിന്നകലുകയും ഭയത്തിനും മരണത്തിനും അടിമയാക്കുകയും ചെയ്ത മനുഷ്യനെ അതിൽനിന്നും വിമുക്തമാക്കി ദൈവത്തോട് അടുപ്പിക്കുവാനാണല്ലോ ദൈവം മനുഷ്യനായത്. അതുകൊണ്ടല്ലേ അവന്റെ ജനനവാർത്ത അറിയിച്ച മാലാഖമാർ പറഞ്ഞത് 'ഭയപ്പെടേണ്ടാ' എന്ന്. ഇനി ഭയത്തിന് സ്ഥാനമില്ല. എന്നാൽ, യേശുവിന്റെ മരണശേഷം അവന്റെ ശിഷ്യന്മാരെപ്പോലും മരണം പിടികൂടുന്നു. അതുകൊണ്ടല്ലേ അവൻ ശിഷ്യർക്ക് പ്രത്യക്ഷപ്പെട്ടു പറയുന്നത്, 'ഭയപ്പെടേണ്ടാ... ഇതു ഞാനാണ്....' എന്ന്. വി. പൗലോസ് അപ്പസ്തോലനും പറയുന്നുണ്ട്, 'എന്തെന്നാൽ, ഭീരുത്വത്തിന്റെ ആത്മാവിനെയല്ല ദൈവം നമുക്ക് നല്കിയത്' എന്ന് (2 തിമോത്തി. 1: 7). ഭയത്തിന് ഇനി ഇവിടെ ഇടമില്ലെന്നതാണ് ഉയിർപ്പിന്റെ സന്ദേശം. ഇനി ഭയത്തിന് സ്ഥാനമില്ല എന്നുള്ള സദ്വാർത്ത ലോകത്തെ മുഴുവൻ അറിയിക്കുവാനുള്ള ചുമതല യേശുനാഥൻ തന്റെ ശിഷ്യഗണത്തെയാണ് ഭരമേല്പിച്ചത്. ഈ ചുമതലയാണ് ഇന്ന് സഭയായ നമ്മുടെ മേൽ ഭരമേല്പിക്കപ്പെട്ടിരിക്കുന്നത്.



www.malankaralibrary.com

യേശുനാഥൻ ശിഷ്യരുടെ ഭയത്തെ അകറ്റിയത് അത്ഭുതങ്ങൾ കാട്ടിയല്ല, മറിച്ച്, മുറിവുകൾ കാട്ടിയാണ്. 'ഇപ്രകാരം പറഞ്ഞുകൊണ്ട് അവൻ തന്റെ കൈകളും പാർശ്വവും അവരെ കാണിച്ചു' (യോഹ. 20: 20). ഉത്ഥാനം ചെയ്ത യേശുനാഥൻ ശിഷ്യരുടെ ഭയത്തെ ദൂരീകരിക്കുന്നതും അവരുടെ അടഞ്ഞ ഹൃദയങ്ങളെ തുറക്കുന്നതും തന്റെ മുറിവേറ്റ കരങ്ങളാലാണ്. ശിഷ്യന്മാർ ഇരുന്നിരുന്ന മുറി തുറക്കാതെ അവൻ അകത്തു കയറി. എന്നാൽ മനുഷ്യ ഹൃദയങ്ങളിൽ അവൻ പ്രവേശിക്കുന്നത് തന്റെ മുറിവുകൾ കാട്ടിയാണ്. അത്ഭുതങ്ങൾക്കല്ല, മുറിവുകൾക്കാണ് ഹൃദയകവാടങ്ങൾ തുറക്കാൻ കരുത്തുള്ളത്. ഉയിർത്ത യേശുവിന്റെ ശരീരത്തിലും മുറിവിന്റെ വടുക്കൾ ഉണ്ടായിരുന്നതല്ലേ ഉയിർപ്പിന്റെ ഏറ്റവും വലിയ തെളിവായി ശിഷ്യർപോലും കണ്ടത്. അവന്റെ മുറിവുകൾ അവൻ ഏറ്റുവാങ്ങിയ സഹനത്തിന്റെ നിത്യസ്മാരകങ്ങളാണ്. അത് നിഷേധിക്കാൻ ആർക്കും സാദ്ധ്യമല്ല.




മുറിവുകൾ നാവിനേക്കാൾ വാചാലമാണ്. അപരനുവേണ്ടി സഹിച്ചതിന്റെ മുറിപ്പാടുകൾ കാണിക്കുവാനുള്ളവനു മാത്രമേ അവനെ നേടാനാകൂ. മുറിവേല്ക്കാൻ മനസ്സില്ലാത്തവർക്ക് രക്ഷകനാകാനാവില്ല. ഉത്ഥാനത്തിന്റെ സാക്ഷികളാകാൻ ചുമതലപ്പെട്ട ശിഷ്യർക്കും അവരിലൂടെ വിളിച്ചുചേർക്കപ്പെട്ട സഭയ്ക്കും തങ്ങളുടെ ദൗത്യനിർവ്വഹണമദ്ധ്യേ പീഡനങ്ങളും മുറിവുകളും നിശ്ചയമാണ്. 'ശിഷ്യൻ ഗുരുവിനെക്കാൾ വലിയവനാണ്'. സഭയ്ക്കുണ്ടാകുന്ന പീഡനങ്ങളും സഭാ ശുശ്രൂഷകർക്കുണ്ടാകുന്ന മുറിവുകളും വിശ്വാസികൾക്കു നേരിടേണ്ടി വരുന്ന പരീക്ഷകളും എല്ലാം ഉത്ഥിതനായ യേശുവിനെ സാക്ഷ്യപ്പെടുത്തുവാൻ ഉപകരിക്കുന്ന അടയാളങ്ങളായിരിക്കും. കുരിശിലൂടെ മഹത്വം, മരണത്തിലൂടെ ഉയിർപ്പ്, നഷ്ടത്തിലൂടെ ലാഭം....

മാതാപിതാക്കളുടെയും ഗുരുക്കന്മാരുടെയും അജപാലകരുടെയും വാക്കുകളെ ചിലർ ചിലപ്പോഴെങ്കിലും ചെവിക്കൊള്ളാതെ തള്ളിക്കളയുന്നെങ്കിൽ അതിനു കാരണം അവർക്കുവേണ്ടി സഹിച്ചതിന്റെ മുറിപ്പാടുകൾ കാണിച്ചുകൊടുക്കാനില്ലാത്തതുകൊണ്ടാവില്ലേ എന്ന ചിന്തിക്കുന്നത് നല്ലതാണ്.

ഏവർക്കും ഉയിർപ്പു തിരുനാളിന്റെ മംഗളാശംസകൾ നേരുന്നു. ഈ കൊറോണക്കാലത്തും അത്ഭുത കരമായി നമ്മെ പരിപാലിക്കുന്ന തിനെയോർത്ത് ദൈവത്തിന് നന്ദി പറയാം. തുടർന്നും അവിടുന്ന് നമ്മെ പ്രത്യാശയുടെ വഴിയിലൂടെ നടത്തട്ടെ. ദൈവം നമ്മെ എല്ലാവരെയും അനുഗ്രഹിക്കട്ടെ.



www.malankaralibrary.com

# സഹോദരരേ ഒരു പുതിയ വാർത്ത....



**ഫാ. ജോബിൻ പുളിവിളയിൽ**
(മാവേലിക്കര ഭദ്രാസനം)

**എ**മ്മാവൂസിലേക്ക് യാത്ര ചെയ്യുന്ന ശിഷ്യന്മാരുടെ കൂടെനടന്ന് അവരുടെ സംഭാഷണത്തിലിടപ്പെട്ടുക്കൊണ്ട് ഉത്ഥിതനായ ക്രിസ്തു അവരോട് ചോദിച്ചു: എന്തിനെക്കുറിച്ചാണ് നിങ്ങൾ സംസാരിക്കുന്നത്? വളരെ ആശ്ചര്യത്തോടെ അവരിൽ ക്ലെയോപാസ് എന്ന് പേരുള്ള ശിഷ്യൻ ഒരു മറുചോദ്യം ഉന്നയിക്കുകയാണ്: ഈ ദിവസങ്ങളിൽ ജറുസലേമിൽ നടന്ന സംഭവമൊന്നും അറിയാത്ത അപരിചിതനാണോ നീ? യേശു ചോദിച്ചു: ഏതു കാര്യങ്ങൾ? അവർ പറഞ്ഞു, നസ്രായനായ യേശുവിനെക്കുറിച്ച് തന്നെ. ഉത്ഥിതനായ യേശുവിനെ



ക്കുറിച്ചുള്ള സംഭാഷണങ്ങളും ചോദ്യങ്ങളും വാദപ്രതിവാദങ്ങളും ഇവിടെ അവസാനിക്കുന്നില്ല. അത് ഇന്നും തുടർന്നുക്കൊണ്ടിരിക്കുകയാണ്. എണ്ണിയാലൊടുങ്ങാത്ത ലൈക്കും കമന്റ്സുമൊക്കെയായി യേശുക്രിസ്തുവിന്റെ ഉത്ഥാന വാർത്ത ഇന്നും ഷെയർ ചെയ്യപ്പെടുകയാണ്.

ദൃശ്യം എന്ന ചലച്ചിത്രത്തിന്റെ രണ്ടാം വരവും അത്യുജ്ജ്വലമായ വിജയവും ഏറെ വാർത്താ പ്രാധാന്യത്തോടുക്കൂടിയാണ് മാധ്യമലോകം ഏറ്റെടുത്തത്. എന്നാൽ വർഷങ്ങൾക്ക് മുമ്പ് ടീവിയോ ഇന്റർനെറ്റോ മറ്റു സാമൂഹിക മാധ്യമങ്ങളോ ഇല്ലാതിരുന്ന ഒരു കാലഘട്ടത്തിൽ ക്രിസ്തുവിന്റെ ഉത്ഥാനത്തോളം ചർച്ച ചെയ്യപ്പെടുകയും പ്രചരിക്കുകയും ചെയ്ത മറ്റൊരു ബ്രേക്കിംഗ് ന്യൂസ് ഇന്നുവരെ ലോകത്തിൽ കേട്ടിട്ടില്ല. ''അവൻ ഇവിടെയില്ല, അവൻ പറഞ്ഞതുപോലെ ഉയർത്തെഴുന്നേറ്റു'''(മത്തായി 28:6) എന്ന മാലാഖയുടെ സന്ദേശം ആദ്യമായി റിപ്പോർട്ട് ചെയ്തതോ സാക്ഷാൽ മഗ്ദലേന മറിയവും. ഈ ദിവ



www.malankaralibrary.com

സങ്ങളിൽ ജറുസലേമിൽ നടന്ന സംഭവമൊന്നും അറിയാത്ത അപരിചിതനാണോ നീ? (ലൂക്കാ 24:18) എന്നു എമ്മാവൂസ് ശിഷ്യന്റെ ചോദ്യംതന്നെ ഈ ബ്രേക്കിംഗ് ന്യൂസിന് എത്രത്തോളം കവറേജ് ലഭിച്ചു എന്നതിന് തെളിവാണ്. യേശുക്രിസ്തുവിന്റെ ഒന്നാം വരവിനെ ത്രില്ലിംഗ് ആക്കുന്നത് ക്ലൈമാക്സിലെ ഉത്ഥാനം എന്ന ട്വിസ്റ്റ് തന്നെയാണ്. ദൃശ്യമായ അടയാളങ്ങളിലൂടെ അദൃശ്യനായവന്റെ സാന്നിധ്യം അനുഭവിക്കുന്ന, രണ്ടാം വരവിനെ നോക്കി പാർക്കുന്ന ക്രൈസ്തവർക്ക് പ്രത്യാശ നൽകുന്നതും യേശുക്രിസ്തുവിന്റെ ഉത്ഥാനം തന്നെയാണ്. ക്രിസ്തുവിന്റെ ഉത്ഥാനത്തെ മനുഷ്യാവതാരത്തിന്റെയോ പീഡാനുഭവങ്ങളുടെയോ ക്ലൈമാക്സ് ആയിട്ടല്ല നാം മനസ്സിലാക്കേണ്ടത്. മറിച്ച് ഇതൊരു പുതിയ തുടക്കമാണ്. It's just a new beginning.

**ഉയിർപ്പുപ്പെരുന്നാൾ അഥവാ ഈസ്റ്റർ : അർത്ഥവും ചരിത്ര പശ്ചാത്തലവും**

ക്രൈസ്തവ തിരുന്നാളുകളിൽ ഏറ്റം പ്രധാനവും പുരാതനവുമായ തിരുനാളാണ് ഈസ്റ്റർ അഥവാ ഉയിർപ്പു പെരുന്നാൾ. രക്ഷകനായ ക്രിസ്തു മരിച്ച്, മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റതിനെയാണ് ഈ തിരുനാളിലൂടെ അനുസ്മരിക്കുക. സുറിയാനി ഭാഷയിൽ 'ക്യംതോ'' പെരുന്നാളെന്ന് ഇത് അറിയപ്പെടുന്നു. ഉയിർപ്പ്, ഉദയം, കർത്താവിന്റെ ഉയിർപ്പിന്റെ ദിവസം എന്നിങ്ങനെയുള്ള അർത്ഥം ഈ പദത്തിനുണ്ട്. ജർമ്മൻ ഭാഷയിൽ Oster എന്നും ഇംഗ്ലീഷ്ഭാഷയിൽ Easter എന്നും ഈ പെരുന്നാൾ അറിയപ്പെടുന്നു. ക്രിസ്തുവിന്റെ ഉയിർപ്പ് തിരുനാളിനെ സൂചിപ്പിക്കാനായി ഈസ്റ്റർ (Easter) എന്ന പദമാണ് ഇന്ന് സാധാരണയായി ഉപയോഗിക്കുന്നത്. ഈസ്റ്റർ എന്ന പദത്തിന്റെ ആവിർഭാവം വസന്തത്തിന്റെയും (Spring) ഫലപുഷ്ടിയുടെയും (Fertility) ദേവതയായ Eostre എന്ന ജർമ്മൻ ദേവതയുമായി ബന്ധപ്പെട്ടിരിക്കുന്നു. Eostre എന്ന ജർമ്മൻ ദേവതയുടെ തിരുനാൾ റോമൻ സാമ്രാജ്യത്തിൽ ആഘോഷിച്ചിരുന്നു. സംസ്കാരികാനിരൂപണത്തിലൂടെ ക്രൈസ്തവർ ഈ തിരുനാളിനെ തങ്ങളുടെ പെസഹാ തിരുനാളാക്കി. Easter എന്ന പദത്തിന് കിഴക്കിനെ സൂചിപ്പിക്കുന്ന East എന്ന പദവുമായും ബന്ധമുണ്ട്. സൂര്യോദയത്തിന്റെ ദിക്കായ കിഴക്ക് നീതിസൂര്യനായ ക്രിസ്തുവിന്റെ ഉദയം ഉയിർപ്പിന്റെ പ്രതീകമായി സ്വീകരിക്കപ്പെട്ടു. ക്രിസ്തുവിലൂടെ നിറവേറിയ മാനവരക്ഷയുടെ ഉദയമാണല്ലോ ക്രിസ്തുവിന്റെ ഉയിർപ്പ്.

കർത്താവിന്റെ ഉയിർപ്പാണ് ക്രിസ്ത്യാനികൾ ആദ്യം ആഘോഷിച്ച പെരുന്നാൾ. ആദിമസഭയും വിശ്വാസികളും, യേശുവിന്റെ ഉത്ഥാനത്തെ വളരെ പ്രാധാന്യത്തോടെയും പൂർണ്ണ വിശ്വാസത്തോടെയുമാണ് മനസ്സിലാക്കിയിരുന്നത്. അപ്പസ്തോലന്മാരുടെയും ആദിമക്രൈസ്തവ സമൂഹത്തിന്റെയും ജീവിതത്തിന്റെയും സുവിശേഷ പ്രഘോഷണത്തിന്റെയും കാതലും കേന്ദ്രവും യേശുവിന്റെ ഉത്ഥാനമായിരുന്നു (അപ്പ. പ്ര. 1 : 22; 2:23; 3:15; 4:2; 10:35; 24:21; 26:23). വി. പൗലോസ് ശ്ലീഹാ ഉയിർപ്പിനെ ക്രിസ്തീയ വിശ്വാസത്തിന്റെ ഏറ്റവും അടിസ്ഥാന യാഥാർത്ഥ്യമായി പഠിപ്പിക്കുന്നു. 'ക്രിസ്തു ഉയിർപ്പിക്കപ്പെട്ടിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥമാണ്. നിങ്ങളുടെ വിശ്വാസവും വ്യർത്ഥം''(1 കൊരി 15: 14). ഉയിർപ്പ് പെരുന്നാളിന്റെ ഏറ്റവും പുരാതനമായ പേര് 'പാസ്കാ' എന്നാണ് . ഈ പേര് ഇന്നും പല രാജ്യങ്ങളിൽ ഉപയോഗിക്കുന്നുണ്ട്. പെസഹാ അഥവാ പാസ്കാ എന്ന പേരിലാണ് ആദ്യ നൂറ്റാണ്ടുകളിൽ ക്രിസ്ത്യാനികൾ തങ്ങൾക്ക് ലഭ്യമായ രക്ഷയുടെ വാർഷിക ആഘോഷം നടത്തിയത്. പാസ്കാ എന്ന പദം യഹൂദരുടെ പെസഹാ ആചരണത്തിൽ നിന്നാണ് ഉരുവായത്. യഹൂദരുടെ ആഴ്ചവട്ടത്തിലെ ശാബത്ത് ആചരണവും ആണ്ടുവട്ടത്തിലെ പെസഹാ പെരുന്നാളും ആദ്യ നൂറ്റാണ്ടു മുതൽ ക്രൈസ്തവർ ആഘോഷിച്ചിരുന്ന ഞായറാഴ്ച ആചരണത്തെയും (Weekly Easter) ആണ്ടുവട്ടത്തിലുള്ള ഉയിർപ്പ് പെരുനാളിനെയും സ്വാധീനിച്ചിട്ടുണ്ട്. ചുരുക്കത്തിൽ, യഹൂദരുടെ ഏറ്റവും പ്രധാനപ്പെട്ട ആഘോഷമായിരുന്ന പെസഹായുടെ ചുവടുപിടിച്ചാണ് ക്രിസ്ത്യാനികൾ തങ്ങളുടെ ക്രിസ്തീയ പെസഹാ അഥവാ ഉത്ഥാന മഹോത്സവം ആഘോഷിച്ചത്. യഹൂദരുടെ ഹീബ്രു കലണ്ടറിലെ നീസാൻ മാസം 14-ാം തീയതി ആയിരുന്നു അവർ തങ്ങളുടെ പെസഹാ ആചരിച്ചിരുന്നത്. എന്നാൽ ആഴ്ചയുടെ ആദ്യ ദിവസത്തിൽ ക്രിസ്തു ഉയിർത്തു എന്നതിന്റെ അടിസ്ഥാനത്തിൽ ക്രിസ്ത്യാനികൾ തങ്ങളുടെ പെസഹാ ആഘോഷിച്ചത് നീസാൻ മാസം 14 കഴിഞ്ഞു വരുന്ന ഞായറാഴ്ചയായിരുന്നു. വിവിധ ക്രൈസ്തവസഭാ സമൂഹങ്ങളിൽ വ്യത്യസ്തമായ തീയതികളിൽ ഈ തിരുന്നാൾ ആഘോഷിക്കപ്പെട്ടിരുന്നെങ്കിലും 9-ാം നൂറ്റാണ്ടായപ്പോഴേക്കും ക്രൈസ്തവർ ഒരു ഏകീകൃത തീയതിയിൽ തങ്ങളുടെ പെസഹാ അഥവാ ഉയിർപ്പുപെരുന്നാൾ ആഘോഷിക്കുവാനാരംഭിച്ചു.



www.malankaralibrary.com

## അവൻ പറഞ്ഞതുപോലെ ഉയിർത്തെഴുന്നേറ്റു : വി. ഗ്രന്ഥ പശ്ചാത്തലം

അവൻ പറഞ്ഞതുപോലെ ഉയിർത്തെഴുന്നേറ്റു (മത്തായി 28:6) എന്ന ദൂതന്റെ വാക്കുകൾ, മനുഷ്യപുത്രനും പ്രതിനിധാനം ചെയ്യുന്നത് മിശിഹായെ തന്നെയാണ്. ഈ രണ്ട് വേദഭാഗങ്ങൾ ചേർത്ത് വായിക്കുമ്പോൾ മിശിഹായുടെ പുനരുത്ഥാനത്തെക്കുറിച്ചുള്ള വ്യക്ത



യേശുവിന്റെ ഉത്ഥാനം ദൈവവചനത്തിന്റെ സ്ഥിരീകരണമാണെന്ന മഹാസത്യം നമ്മെ പഠിപ്പിക്കുന്നു. അതിനാൽ വി. ഗ്രന്ഥത്തിന്റെ അടിസ്ഥാനത്തിൽ ക്രിസ്തുവിന്റെ ഉത്ഥാനത്തെ മനസ്സിലാക്കാനാണ് നാം ഇവിടെ പരിശ്രമിക്കുന്നത്.

പുനരുത്ഥാനത്തെപ്പറ്റിയുള്ള പൊതുവായ പരാമർശങ്ങളാണ് പഴയനിയമത്തിൽ കൂടുതലായി നമുക്ക് കാണാൻ കഴിയുന്നത്. എങ്കിലും മിശിഹായുടെ ഉത്ഥാനത്തെപ്പറ്റിയുള്ള വെളിപ്പെടുത്തലുകൾ സങ്കീ. 6:10, സങ്കീ. 22, ഏശയ്യാ 53:10-11, ദാനിയേൽ 12:2-3 എന്നീ പഴയനിയമ ഭാഗങ്ങളിൽ നമുക്ക് ദർശിക്കാൻ കഴിയും. സങ്കീർത്തനം 16:10 മിശിഹായെയും പുനരുത്ഥാനത്തെയും ഉൾക്കൊള്ളുന്നു. ദൈവം തന്റെ പരിശുദ്ധനായ മിശിഹായെ ഉയിർപ്പിക്കുന്നതിലൂടെ ദാവീദിന്റെ പുനരുത്ഥാനം സാധ്യമാണെന്ന് സങ്കീ. 16:10 വാദിക്കുന്നു. അപ്പസ്തോല പ്രവർത്തനങ്ങൾ 2:24-32 ൽ യേശുവിന്റെ പുനരുത്ഥാനത്തെ പരാമർശിച്ച് പത്രോസ് 16 -ാം സങ്കീർത്തനം ഉദ്ധരിക്കുന്നുണ്ട്. മിശിഹായുടെ പുനരുത്ഥാനത്തെപ്പറ്റിയുള്ള ചിന്തകൾ സങ്കീ. 22ൽ കൂടുതൽ പ്രകടമാണ് . സങ്കീർത്തനം 22 - ൽ പരാമർശിക്കുന്ന കാര്യങ്ങൾ ദാവീദിന്റെ ജീവിതത്തിൽ നിറവേറുന്നില്ല. അതുകൊണ്ടുതന്നെ സങ്കീ. 22 ന്റെ വിശദാംശങ്ങൾ വിരൽ ചൂണ്ടുന്നത് ദാവീദ് വംശജനായ മിശിഹായിലേക്കാണ്. എശയ്യാ 53:10,11 വാക്യങ്ങളിലെ സഹനദാസൻ മിശിഹായെ പ്രതിനിധീകരിക്കുന്നു എന്ന് വേദപണ്ഡിതന്മാർ സാക്ഷ്യപ്പെടുത്തുന്നു. ദാനിയേൽ 12:2,3 വാക്യങ്ങളിലെ മായ സൂചന നമുക്ക് ലഭിക്കുന്നു. കൂടാതെ, മത്തായി 12:40 ൽ പഴയനിമത്തിലെ യോനായുടെ ജീവിതത്തെ ഉദ്ധരിച്ചുകൊണ്ടാണ് യേശുക്രിസ്തു തന്റെ 3-ാം ദിവസത്തെ പുനരുത്ഥാനത്തെപ്പറ്റി പ്രവചിക്കുന്നത്: ''യോനാ മൂന്ന് രാവും മൂന്ന് പകലും തിമിംഗലത്തിന്റെ ഉദരത്തിൽ കിടന്നതുപോലെ മനുഷ്യപുത്രനും മൂന്ന് രാവും മൂന്ന് പകലും ഭൂമിക്കുള്ളിലായിരിക്കും''. ചുരുക്കത്തിൽ, ക്രിസ്തുവിന്റെ ഉയിർപ്പിനെക്കുറിച്ചുള്ള സൂചനകൾ പഴയനിയമത്തിൽ സജീവമായിരുന്നു എന്ന് നമുക്ക് മനസ്സിലാക്കാം.

പുതിയനിയമത്തിന്റെ കേന്ദ്രബിന്ദുവും ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാനവും യേശുക്രിസ്തുവിന്റെ ഉത്ഥാനമാണ്. നാല് സുവിശേഷകന്മാരും വളരെ പ്രാധാന്യം നല്കിക്കൊണ്ടുതന്നെ യേശുവിന്റെ ഉയിർപ്പിനെ വിവരിക്കുന്നുണ്ട്. സമാന്തര സുവിശേഷങ്ങളായ മത്തായിയും, മർക്കോസും, ലൂക്കോസും യേശു തന്റെ പരസ്യജീവിതത്തിന്റെ ആരംഭത്തിൽതന്നെ, താൻ പീഡിപ്പിക്കപ്പെടുമെന്നും വധിക്കപ്പെടുമെന്നും, മൂന്നാം ദിവസം ഉയിർത്തെഴുന്നേൽക്കുമെന്നും (മത്താ 14:21, മർക്കോസ് 8:31, ലൂക്കാ 9:2) ശിഷ്യന്മാരെ മുൻകൂട്ടി അറിയിച്ചിരുന്നതായി പ്രതിപാദിക്കുന്നു. എന്നാൽ, യോഹന്നാൻ സുവിശേഷകൻ മറ്റൊരു രീതിയിൽ അതായത് നിങ്ങൾ ഈ



www.malankaralibrary.com

ദൈവാലയം പൊളിക്കുവിൻ മൂന്ന് ദിവസം കൊണ്ട് ഞാൻ അത് പുനരുദ്ധരിക്കും (യോഹ. 2:19) എന്ന് പറഞ്ഞുകൊണ്ട് യേശുവിന്റെ ഇഹ ലോകവാസവും പുനരുത്ഥാനവും വ്യക്തമാക്കുന്നു.

യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്തിന് പ്രധാനമായും മൂന്ന് തെളിവുകളാണ് പുതിയനിയമം നമുക്ക് നൽകുന്നത്.

**1. ശൂന്യമായ കല്ലറ**

(മത്താ 28:5-6; മർക്കോസ് 16:1-8; ലൂക്കാ 24:1-12 ; യോഹ. 20:1-10): ഉത്ഥാനവുമായി ബന്ധപ്പെട്ട ആദ്യ പരാമർശം ഒഴിഞ്ഞ കല്ലറയുമായി ബന്ധപ്പെട്ടതാണ്. യേശുവിനെ സംസ്കരിച്ച കല്ലറ ശൂന്യമായിരുന്നുവെന്ന് നാല് സുവിശേഷകന്മാരും സാക്ഷിക്കുന്നുണ്ട്. ഏറ്റവും പുരാതന പുതിയ നിയമ സാക്ഷ്യമായ (എ.ഡി.55-56) കോറിന്തോസുകാർക്കുള്ള ലേഖനത്തിൽ (1 കൊരി. 15:4-7) ശൂന്യമായ കല്ലറയെക്കുറിച്ചുള്ള പരോക്ഷമായ സൂചനയുണ്ട്.

**2. യേശുവിന്റെ പ്രത്യക്ഷീകരണം**

* മഗ്ദലേന മറിയത്തിന് പ്രത്യക്ഷപ്പെടുന്നു (യോഹ. 20:11-18).യേശു തന്റെ ഉത്ഥാനശേഷം ആദ്യം പ്രത്യക്ഷപ്പെടുന്നത് മഗ്ദലേന മറിയത്തിനാണെന്ന് യോഹന്നാൻ സുവിശേഷകൻ ചിത്രീകരിക്കുന്നു.

* ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെടുന്നു (യോഹ. 20:15-23). ശിഷ്യന്മാർ യഹുദരെ ഭയന്ന് കതകടച്ചിരുന്നപ്പോൾ ഉത്ഥിതനായ ക്രിസ്തു പ്രത്യക്ഷപ്പെടുന്നു. യേശുവിന്റെ പ്രത്യക്ഷപ്പെടലാണ് അപ്പസ്തോലന്മാരെ പ്രവർത്തനോന്മുഖരാക്കി തീർത്തത്.

* എട്ടു ദിവസങ്ങൾക്ക് ശേഷം വീണ്ടും പ്രത്യക്ഷപ്പെടുന്നു, (യോഹ. 20:26) തോമാ ശ്ലീഹാ സംശയം പ്രകടിപ്പിച്ച സന്ദർഭത്തിൽ

* തിബേരിയാസ് കടൽതീരത്ത് വച്ച് ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെടുന്നു, (യോഹ. 21)

* എമ്മാവൂസിലേക്ക് പോയ ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെടുന്നു (ലൂക്കാ. 24)

* സാവൂളിന്റെ മാനസാന്തരത്തിന് കാരണമായ ക്രിസ്തുവിന്റെ പ്രത്യക്ഷീകരണം (അപ്പ. പ്ര. 9:3-9)

3. അപ്പസ്തോലന്മാരുടെ പ്രബോധനം

വാഗ്ദാനം ചെയ്യപ്പെട്ട രക്ഷ സാക്ഷാത്കൃതമാകുന്നത് യേശുക്രിസ്തുവിന്റെ ഉത്ഥാനത്തിലൂടെയാണെന്ന് അപ്പസ്തോലന്മാർ പഠിപ്പിച്ചു.പത്രോസിന്റെ ആദ്യ പ്രസംഗത്തിൽതന്നെ മൂവായിരത്തോളം പേർ മാനസാന്തരപ്പെട്ടുവെങ്കിൽ അതിന് നിദാനമായിത്തീർന്നത് ക്രിസ്തുവിന്റെ ഉയിർപ്പിനെപ്പറ്റിയുള്ള ആശയങ്ങളാണ് (അപ്പ.പ്ര. 2:4-36). ക്രിസ്തുവിന്റെ ഉയിർപ്പാണ് അപ്പസ്തോലന്മാരുടെ എല്ലാ പ്രസംഗങ്ങളുടെയും പ്രവർത്തനങ്ങളുടെയും അടിസ്ഥാനമെന്ന് വി.പൗലോസ്ശ്ലീഹായും നമ്മെ ഉദ്ബോധിപ്പിക്കുന്നു. പുതിയനിയമത്തിൽ ക്രിസ്തുവിന്റെ പുനരുത്ഥാനത്തെക്കുറിച്ചുള്ള വി.പൗലോസ് ശ്ലീഹായുടെ സാക്ഷ്യങ്ങൾ വളരെ പ്രബലമാണ്. റോമാക്കാർക്കെഴുതിയ ലേഖനത്തിൽ ക്രൈസ്തവരുടെ പ്രത്യാശയാണ് ക്രിസ്തുവിന്റെ ഉയിർപ്പെന്ന് പൗലോസ്ശ്ലീഹാ പ്രതിപാദിക്കുന്നു. വി.ഗ്രന്ഥത്തിന്റെയും യേശുവിന്റെ വചനങ്ങളുടെയും പൂർത്തീകരണമാണ് ഉത്ഥാനമെന്ന് പഴയനിയമവും പുതിയനിയമവും നമ്മെ പഠിപ്പിക്കുന്നു.

**സഭാപിതാക്കന്മാരുടെ സാക്ഷ്യം**

ആദിമ ക്രൈസ്തവസഭയിൽ മനുഷ്യരക്ഷയുടെ പെരുന്നാളായി ഉയിർപ്പു കൊണ്ടാടിയിരുന്നു. ദൈവത്തിന്റെ രക്ഷാകര പ്രവർത്തനത്തിന്റെ ഏറ്റം പ്രധാന സംഭവം എന്ന നിലയിലാണ് സഭ ഈ തിരുനാളിനെ കണ്ടിരുന്നത്. അപ്പസ്തോലിക സഭയുടെ പഠിപ്പിക്കലുകളിൽ ഒരു പുതുയുഗത്തിന്റെ പിറവിയുടെ കാഹളനാദത്തെയാണ് ഉയിർപ്പു പെരുന്നാൾ അർത്ഥമാക്കുന്നത്. പഴയനിയമത്തിലെ ഇസ്രായേൽ ജനതയുടെ ഈജിപ്തിൽ നിന്നുള്ള പലായനവും മിശിഹായുടെ അന്ത്യത്താഴം, കുരിശാരോഹണം, ഉത്ഥാനം എന്നിവയും സെറൂഗിലെ മാർ യാക്കോബും, പാശ്ചാത്യ സഭയിലെ ദൈവശാസ്ത്രജ്ഞന്മാരും പരസ്പരം ബന്ധപ്പെടുത്തുന്നുണ്ട്. അപ്പസ്തോലിക പിതാക്കന്മാരായ അന്ത്യോക്യയിലെ മാർ ഇഗ്നാത്തിയോസ് (50-115) സ്മിർണായിലെ പോളിക്കാർപ്പ് (69-115) രക്തസാക്ഷിയായ ജസ്റ്റിൻ (100-165) എന്നിവരും, നാലും അഞ്ചും നൂറ്റാണ്ടുകളിലെ സുനഹദോസുകളും മിശിഹായുടെ മരണം, ഉത്ഥാനം ഇവയെക്കുറിച്ച് വിശദമായി പ്രതിപാദിക്കുകയും മിശിഹായുടെ രക്ഷാകരമായ ഉയിർപ്പുമായി ബന്ധപ്പെട്ട് ക്രിസ്തുശാസ്ത്രം തന്നെ വികസിപ്പിക്കുകയും ചെയ്തിട്ടുള്ളത് പ്രത്യേകം ശ്രദ്ധേയമാണ്. എല്ലാ ക്രിസ്ത്യാനികളുടെയും പരമമായ പ്രത്യാശ യേശുക്രിസ്തുവിന്റെ ഉയിർപ്പിലാണെന്ന് രക്തസാക്ഷിയായ ജസ്റ്റിൻ പറയുന്നു. അന്ത്യോക്യയിലെ ഇഗ്നാത്തിയോസ് സ്മിർണായിലുള്ളവർക്ക് എഴുതിയ ലേഖനത്തിൽ യേശുവിന്റെ ഉത്ഥാനത്തെപ്പറ്റി ഇപ്രകാരം പറയുന്നു: ''അവന്റെ പുനരുത്ഥാനത്തിനു ശേഷവും അവന് മാംസം ഉണ്ടായിരുന്നുവെന്ന് എനിക്കറിയാം. അവൻ ഇപ്പോഴും അങ്ങനെ തന്നെയാണെന്ന് ഞാൻ വിശ്വസിക്കുന്നു''.

ആത്മശരീരങ്ങളോടെയുള്ള ഉയിർപ്പ് ക്രിസ്തീയസഭയുടെ ആദ്യം മുതൽതന്നെയുള്ള വിശ്വാസമായിരുന്നു. വി.അഗസ്തീനോസ് ഇതിൽ വിശ്വസിക്കുകയും ഇതെക്കു




www.malankaralibrary.com

റിച്ച് വാദിക്കുകയും ചെയ്തിരുന്നു. അഗസ്തീനോസ് ഉത്ഥാനത്തെ ന്യായീകരിച്ചുകൊണ്ട് പറയുന്നത്: ''മിശിഹാ ഉയിർത്തെഴുന്നേറ്റു. അതിനാൽ മൃതരിൽനിന്ന് എല്ലാവർക്കും ഉത്ഥാനം ഉണ്ട്''. മനുഷ്യവംശത്തിന്റെ വീണ്ടെടുപ്പിനുവേണ്ടിയാണ് യേശു മരിച്ച് ഉയിർത്തെഴുന്നേറ്റത്. രക്ഷകൻ തന്റെ ജീവൻ നല്കി സർവ്വരേയും വീണ്ടെടുത്തു (St. Augustine, De Doctrina Christiana, 1-121). അഞ്ചാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന മൊപ്സൂയിസ്ത്യായിലെ തെയഡോർ മിശിഹായുടെ ഉയിർപ്പിന്റെ രക്ഷാകര സ്വഭാവം വർണ്ണിക്കുന്നുണ്ട്, ''കൂദാശകളുടെ മർമ്മ പ്രധാനമായ ഭാവം മിശിഹായുടെ ഉയിർപ്പിനെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതാണ്''. തിയോഡറിന്റെ വി. കുർബ്ബാനയെക്കുറിച്ചുള്ള വ്യാഖ്യാനത്തിൽ വീണ്ടും ഇപ്രകാരം സാക്ഷിക്കുന്നു, ''മരണത്തിന്റെ ശക്തിയുടെമേലുള്ള വിജയകരമായ ഉയിർപ്പിലൂടെ നമ്മെ സർവ്വരേയും എന്നെന്നേക്കുമായി രക്ഷയിലേക്ക് നയിച്ചു. ഇതിന്റെ ഓർമ്മയാചരണമാണ് വി. കുർബ്ബാന''.'എട്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഡമാസ്കസിലെ വി. യോഹന്നാൻ ഇപ്രകാരം പ്രസ്താവിക്കുന്നു: ''മിശിഹാ മൃതരിൽനിന്നും ഉയിർത്തെഴുന്നേറ്റപ്പോൾ കാലത്തിന്റെ ആരംഭം മുതൽ ബന്ധിക്കപ്പെട്ടിരുന്നവർ സ്വതന്ത്രരായി. മിശിഹ എന്ന തോട്ടക്കാരൻ തന്റെ ഉത്ഥാനത്തിലൂടെ വാതിൽ തുറന്നു തന്നു''.' വേദപണ്ഡിതനായ വി. അംബ്രോസ് മിശിഹായുടെ ഉയിർപ്പിനെക്കുറിച്ച് സാക്ഷിക്കുന്നത്, ''യേശുവിൽ ലോകം ഉണർന്നു, സ്വർഗ്ഗം ഉയിർത്തു, ഭൂമിയും എഴുന്നേറ്റു''.' പൗരസ്ത്യ സഭാപിതാക്കന്മാരിൽ പ്രമുഖനായ വി. അപ്രേം തന്റെ പറുദീസാ ഗീതത്തിൽ മൃതരുടെ ഉത്ഥാനത്തിൽ നീതിമാന്മാർ പറുദീസായിൽ പുനഃപ്രവേശിക്കുകയും, മഹത്വത്തിന്റെ വസ്ത്രം അണിയുകയും ചെയ്യുന്നു എന്ന് വ്യാഖ്യാനിക്കുന്നുണ്ട്. മരണത്തെ ജയിച്ച് ഉയിർത്തെഴുന്നേറ്റ ക്രിസ്തുവാണ് ഈ പ്രത്യാശ നൽകുന്നതെന്ന് അദ്ദേഹം കൂട്ടിച്ചേർക്കുന്നു.

**ക്രിസ്തുവിന്റെ ഉത്ഥാനം സഭയുടെ പ്രബോധനങ്ങളിൽ**

ക്രിസ്തുവിന്റെ ഉയിർപ്പിനെപ്പറ്റിയുള്ള സഭാപ്രബോധനങ്ങളെല്ലാം വി. ഗ്രന്ഥത്തിലധിഷ്ഠിതമാണ്. എ.ഡി. 381-ൽ കോൺസ്റ്റൻന്റെൻ ചക്രവർത്തിയുടെയും മറ്റു മെത്രാന്മാരുടെയും നേതൃത്വത്തിൽ നടന്ന സിനഡിൽ ഇപ്രകാരം പ്രസ്താവിക്കുന്നു: ''മിശിഹാ സത്യമായും മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേറ്റു. അവനാണ് മൃതരിൽനിന്ന് ആദ്യമായി ഉയിർത്തെഴുന്നേറ്റത്''. യേശുക്രിസ്തുവിന്റെ ഉത്ഥാനം യഥാർത്ഥ ശരീരത്തോടുകൂടിയ (Real Body) ഉത്ഥാനമായിരുന്നുവെന്നും അതുകൊണ്ടാണ് ഉത്ഥിതനായ ക്രിസ്തു ശിഷ്യന്മാരോടൊപ്പം നടന്നതും സംസാരിച്ചതും അവരോടൊപ്പം ഭക്ഷണത്തിനിരുന്നതും എന്നും കാൽസിഡോൺ കൗൺസിൽ പഠിപ്പിക്കുന്നു. യേശുക്രിസ്തുവിന്റെ ഉത്ഥാനം പിതാവായ ദൈവം തന്റെ പുത്രന്റെ ത്യാഗത്തിന് നൽകിയ മുദ്രയാണെന്ന് പരിശുദ്ധ പോൾ ആറാമൻ മാർപാപ്പാ Gaudate in Domino (on Christian Joy) എന്ന അപ്പസ്തോലിക പ്രബോധനത്തിൽ അഭിപ്രായപ്പെടുന്നു.

ഈശോയുടെ പുനരുത്ഥാനം മിശിഹായിലുള്ള നമ്മുടെ വിശ്വാസത്തിന്റെ പരമോന്നത സത്യമാണ്. ആദിമ ക്രൈസ്തവ സമൂഹം കേന്ദ്ര സത്യമായി ഇത് വിശ്വസിക്കുകയും ജീവിക്കുകയും ചെയ്തു. (CCC 638) കത്തോലിക്കാസഭയുടെ മതബോധന ഗ്രന്ഥത്തിൽ ക്രിസ്തുവിന്റെ ഉയിർപ്പിനെക്കുറിച്ചുള്ള മറ്റൊരു പരാമർശം ഇപ്രകാരമാണ്. ക്രിസ്തു മരിച്ചവരിൽനിന്ന് യഥാർത്ഥത്തിൽ ഉയിർത്തെഴുന്നേൽക്കുകയും നിത്യമായി ജീവിക്കുകയും ചെയ്യുന്നതുപോലെ നീതിമാന്മാർ ഉത്ഥിതനായ ക്രിസ്തുവിനോടുകൂടെ






www.malankaralibrary.com

മരണശേഷം എന്നേക്കും ജീവിക്കും (CCC 989). യേശുക്രിസ്തുവിന്റെ ഉത്ഥാനം ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാനമാണെന്ന് വി.ജോൺ പോൾ രണ്ടാമൻ മാർപാപ്പ Dies Domini എന്ന തന്റെ അപ്പസ്തോലിക ലേഖനത്തിൽ ഊന്നി പറയുന്നു. സമാനമായ അഭിപ്രായം ഫ്രാൻസിസ് മാർപ്പാപ്പയും നമ്മോട് പങ്കുവയ്ക്കുന്നുണ്ട്.

**ഉയിർപ്പിന്റെ ദൈവശാസ്ത്രം മലങ്കര ആരാധനക്രമത്തിൽ**

ക്രിസ്തീയ പാരമ്പര്യത്തിൽ നാല് ഗണത്തിലുള്ള തിരുന്നാളുകളുണ്ട്. കർത്താവിന്റെ തിരുനാളുകൾ അഥവാ മാറാനായ തിരുന്നാളുകൾ , ദൈവമാതാവിന്റെ തിരുനാളുകൾ, അപ്പസ്തോലന്മാരുടെ തിരുനാളുകൾ, വിശുദ്ധരുടെയും രക്തസാക്ഷികളുടെയും തിരുനാളുകൾ. മേൽപ്പറഞ്ഞ നാല് ഗണത്തിലുള്ള തിരുനാളുകളിൽ ഏറ്റം പ്രധാനപ്പെട്ടവയാണ് മാറാനായ തിരുനാളുകൾ. കർത്താവിന്റെ ജീവിതവും രക്ഷാകര സംഭവങ്ങളുമായി ബന്ധപ്പെട്ട തിരുന്നാളുകളാണ് മാറാനായ തിരുനാളുകൾ എന്ന പേരിൽ മലങ്കരസഭയുടെ അന്ത്യോക്യൻ ആരാധനാക്രമം ആഘോഷിക്കുന്നത്. കർത്താവിന്റെ ജനനം (യൽദാ), കർത്താവിന്റെ മാമോദീസ (ദനഹാ), കർത്താവിന്റെ ദേവാലയ പ്രവേശനം (മായൽത്തോ), കർത്താവിന്റെ ഉത്ഥാനം (ക്യംതാ) കർത്താവിന്റെ സ്വർഗ്ഗാരോഹണം (സൂലോക്കോ), പെന്തിക്കോസ്തി, കർത്താവിന്റെ തേജസ്കരണം (മ്താലേ) എന്നിവയാണ് മാറാനായ തിരുനാളുകളായി മലങ്കരസഭയിൽ നാം ആചരിക്കുന്നത്. ഇവയിൽ ഏറ്റം വലിയ തിരുനാളാണ് ഉയിർപ്പ് തിരുനാൾ. മനുഷ്യാവതാരത്തിൽ പരസ്യമായി ആരംഭിച്ച രക്ഷാകരപദ്ധതി പൂർത്തീകരിക്കപ്പെടുന്നത് ഉയിർപ്പിലാണ്. അതിനാൽ, ഉയിർപ്പ് തിരുന്നാളിനെ തിരുനാളുകളുടെ തിരുന്നാൾ (Feast of feasts) എന്നാണ് വിളിക്കുക. അന്ത്യോക്യൻ ആരാധനാക്രമവത്സരത്തിന്റെ കേന്ദ്രം ഉയിർപ്പ് പെരുന്നാളാണ്. കർത്താവിന്റെ ഉയിർപ്പിന്റെ അനുസ്മരണമാണ് ഞായറാഴ്ച ആചരണത്തിലൂടെ നാം നടത്തുന്നത് (weekly Easter)

ഉയിർപ്പ് പെരുന്നാൾ സമാധാനത്തിന്റെ പെരുന്നാളായി സുറിയാനിസഭ പഠിപ്പിക്കുന്നു. മലങ്കര ആരാധനക്രമം അനുസരിച്ച് ഉയിർപ്പ് ഞായറാഴ്ച പ്രത്യേക ശുശ്രൂഷകൾ നടത്താറുണ്ട്: ഉയിർപ്പിന്റെ സദ്വാർത്താവിളംബരം, പ്രദക്ഷിണം, സമാധാന ശുശ്രൂഷ. ഈ ശുശ്രൂഷകളിലൂടെ ഉയിർപ്പിന്റെ സന്തോഷത്തിൽ പങ്കുപറ്റുവാൻ വിശ്വാസികൾക്ക് സാധിക്കുന്നു. ഉയിർപ്പ് ശുശ്രൂഷയിലെ പ്രധാന പ്രമേയം സമാധാനമാണ്. ക്യംതാ പ്രാർത്ഥനകളെല്ലാം യേശുവിന്റെ ഉയിർപ്പിനെ അനുസ്മരിപ്പിക്കുന്നവയാണ്. ഉയിർപ്പുപ്പെരുന്നാളിന്റെ സന്ധ്യാപ്രാർത്ഥനയുടെ സെദറായിൽ ഇപ്രകാരം ചൊല്ലുന്നു 'കർത്താവ് സ്ഥാപിച്ച ദിവസം ഇതാകുന്നു. വരുവിൻ നമുക്ക് ഇതിൽ സന്തോഷിക്കാം ഇതുപോലെ മുമ്പ് ഒരു ദിവസം ഉണ്ടായിട്ടില്ല. ഇനിയും ഇതിനു തുല്യം മറ്റൊന്ന് ഉണ്ടാകുകയുമില്ല. ഇത് മഹത്തരമായ പെരുന്നാളും, എല്ലാ പെരുന്നാളുകളുടെയും യോഗ്യതയേറിയ ഭൂഷണവും അഭിമാനവുമാകുന്നു (പെങ്കീസാ 7). ഇപ്രകാരം ഉത്ഥാനത്തിന്റെ പ്രാധാന്യവും അർത്ഥവും മനസ്സിലാക്കിതരുന്ന പ്രാർത്ഥനകളും ഗീതങ്ങളും ചുവടെ ചേർക്കുന്നു.

* ഉയിർപ്പ് ശുശ്രൂഷയുടെ പ്രഖ്യാപനത്തിൽ ഇപ്രകാരം ചൊല്ലുന്നു. 'മിശിഹാ കബറിൽനിന്ന് ഉയിർത്തെഴുന്നേൽക്കുകയും തന്റെ ശത്രുക്കളെ പിന്നിലേക്ക് അടിച്ചോടിക്കുകയും ചെയ്തിരിക്കുന്നു. ഉയിർപ്പു തിരുന്നാളിന്റെ സമാധാന ശുശ്രൂഷയിൽ യേശുവിന്റെ ഉയിർപ്പിനെ അനുസ്മരിച്ചുകൊണ്ട് നാം ഇപ്രകാരം പാടുന്നു. ''ശ്ലോമോ - ശ്ലോമോ അടുത്തവർക്കും ദൂരസ്ഥന്മാർക്കും, മിശിഹാ കബറീന്നെഴുന്നേറ്റു, ഭിന്നിതരെ ചേർത്തു.
ശെമഓനുറച്ചു - തോമാ വിശ്വസിച്ചു
ദുഃഖവിലാപം - അവരിൽ നിന്നൊഴിഞ്ഞു
കയ്യാപ്പായോ ലജ്ജിതനായ്, തലതാഴ്ത്തി യൂദർ മറിയാമും സഭതൻ സുതരും സ്തോത്രം പാടുന്നു ഹാ- ഉ - ഹാ'' - (കോലോ, ഉയിർപ്പു പെരുന്നാൾ, പെരുന്നാൾ ക്രമം 231)

* ''നാഥൻ മൃതരിടയിലുറപ്പിച്ചാദത്തെ
ഖേദിക്കേണ്ടാ നിൻ പാപത്തെയോർത്തിനിയും നീ
നീ കുറ്റം ചെയ്തതിനല്ലോ ഞാൻ കൊണ്ടടികൾ
ഏദൻ കനി നീ തിന്നതിനായ് കയ്പും കുടിച്ചേൻ ഞാൻ
നഗ്നതയാൽ നീ ഇലകൾ ചാർത്തി
നഗ്നതയോടെന്നെയവർ തൂക്കി
ഞാൻ ചിന്തിയ രക്തത്താൽ പോയ് കോപം താതന്റെ'' (ക്യംതായുടെ സന്ധ്യാ പ്രാർത്ഥന )

മനുഷ്യകുലത്തിന്റെ കുറ്റങ്ങൾക്ക് അവിടുന്ന് അടിയേറ്റതിനാൽ ഇനിയും പാപത്തെ ഓർത്ത് ഖേദിക്കേണ്ടാ എന്ന് ഈ പ്രാർത്ഥനാഗീതം നമ്മെ ഓർമ്മിപ്പിക്കുന്നു. ആദം വൃക്ഷഫലം തിന്ന് പാപം ചെയ്തതിനു പകരം യേശു കയ്പുനീർ കുടിച്ചു. ആദം നഗ്നത മറയ്ക്കുന്നതിന് ഇലകൾ ചാർത്തിയെങ്കിൽ യേശുവിനെ നഗ്നതയോടെ കുരിശിൽ തൂക്കി. അവിടുന്ന് ചിന്തിയ രക്തത്താൽ മനുഷ്യകുലം രക്ഷ നേടി.

* ഉത്ഥാനം സ്വർഗ്ഗത്തെയും ഭൂമിയെയും സന്തോഷിപ്പിച്ചു. സ്വർഗ്ഗത്തിനും ഭൂമിക്കും സന്തോഷവും ആനന്ദവും പ്രദാനം ചെയ്തു. സമാന



www.malankaralibrary.com

മായ പ്രാർത്ഥന ഉയിർപ്പ് ശുശ്രൂഷയുടെ പ്രുമിയോൻ - സെദറായിലും കാണാം.

ഉത്ഥാനത്താൽ സന്തോഷം ഭൂസ്വർഗ്ഗങ്ങൾക്കേകി യോനെ
മോദം നല്കി സഭയെ സ്ലീബായാൽ കാത്ത്
ദേവേശാ കൃപ ചെയ്തീടേണം (എനിയോനോ, ഉയിർപ്പു ശുശ്രൂഷ പെരുന്നാൾ ക്രമം, 224)

* കബറിൽനിന്ന് ഉയിർത്തെഴുന്നേറ്റ കർത്താവ്, വീണുകിടന്ന ആദാമിനെ എഴുന്നേൽപിച്ചു (രഹസ്യ പ്രാർത്ഥന , എക്ബോ )

* ഉത്ഥാനത്താൽ യേശു സഭയെ രക്ഷിച്ചു. ''ഉത്ഥാനത്താൽ തൻ സഭയെ വീണ്ടോനാം പുത്രാ''... (ബോവുസോ, കൃംതാ, പ്രഭാതം)

* ഉത്ഥാനം, യേശുവിന്റെ സുവിശേഷം അറിയിക്കുവാൻ ശ്ലീഹന്മാരെ ധൈര്യപ്പെടുത്തി (സെദറാ, ഉയിർപ്പ് ശുശ്രൂഷ)

* ഉത്ഥാനം ഭിന്നിതരായിരുന്ന ശിഷ്യന്മാരെ ഒരുമിപ്പിച്ചു (സെദറാ). പത്രോസ് ഉറപ്പുള്ളവനായി, തോമസ് വിശ്വസിച്ചു, ശിഷ്യരുടെ ദുഃഖം മാറ്റി (കൂക്കോയോ)'

മുകളിൽ പറഞ്ഞ പ്രാർത്ഥനകളും ഗീതങ്ങളും വിശ്വാസ സമൂഹത്തെ ഉത്ഥിതനായ യേശുവിനോട് അനുരൂപരാക്കുവാനും ഉത്ഥാനത്തിൽ വിശ്വസിക്കുവാനും സുവിശേഷ ഉപദേശങ്ങൾ അനുഷ്ഠിക്കുവാനും പ്രബോധിപ്പിക്കുന്നു. ഉത്ഥിതനായ ക്രിസ്തുവിന്റെ സാന്നിധ്യം അനുഭവിക്കുന്നതിന് വിശ്വാസിഗണത്തെ സഹായിക്കുന്ന തരത്തിലാണ് നമ്മുടെ ആരാധനക്രമത്തിലെ പ്രാർത്ഥനകളും ഗാനങ്ങളും ക്രമപ്പെടുത്തിയിരിക്കുന്നത്.

**ഉത്ഥിതനെ നോക്കി...പ്രത്യാശയോടെ........ പ്രതീക്ഷയോടെ....**

യേശുക്രിസ്തുവിന്റെ ഉയിർപ്പ് ആരും നേരിട്ട് കണ്ടതായി എവിടെയും രേഖപ്പെടുത്തിയിട്ടില്ല. അതുകൊണ്ടുതന്നെ യേശുവിന്റെ ഉത്ഥാനത്തെ സംബന്ധിച്ച് അനേകം സംശയങ്ങൾ ലോകത്തിന്റെ നാനാഭാഗങ്ങളിൽ വ്യത്യസ്ത കാലഘട്ടങ്ങളിൽ ഉണ്ടായിട്ടുണ്ട്. യേശുവിന്റെ ഉത്ഥാനം ഒരു കെട്ടുകഥയാണെന്ന് പറഞ്ഞവരും പ്രചരിപ്പിച്ചവരും വിശ്വസിക്കുന്നവരും ഉണ്ട്. യേശുവിന്റെ ഉത്ഥാനത്തിന് ദൃക്സാക്ഷികളില്ല എന്ന സത്യം നിലനില്ക്കുമ്പോൾ എന്തുകൊണ്ടാണ് ക്രൈസ്തവലോകം ഇത്ര ഉറച്ച ബോധ്യത്തോടെ ഉയിർപ്പിനെ വിശ്വസിക്കുകയും സ്വീകരിക്കുകയും ഏറ്റെടുക്കുകയും ചെയ്യുന്നത്? കാരണം, ഉയിർത്തെഴുന്നേറ്റ ക്രിസ്തു ഇന്നും ജീവിക്കുന്നു. ദൃശ്യമായ അടയാളങ്ങളിലൂടെ, കൂദാശകളിലൂടെ, കുർബാനയിലൂടെ, തിരുസഭയിലൂടെ, പ്രേക്ഷിത പ്രവർത്തനങ്ങളിലൂടെ .

ഉത്ഥിതനായ ക്രിസ്തു വാഗ്ദാനം ചെയ്ത മഹത്വത്തെക്കുറിച്ചും നിത്യജീവനെക്കുറിച്ചുമുള്ള പ്രത്യാശയില്ലായ്മയാണ്, മനുഷ്യർ ഇന്നനുഭവിക്കുന്ന എല്ലാ നിരാശകൾക്കും അതുമൂലമുണ്ടാകുന്ന കഠിനാവസ്ഥകൾക്കും കാരണം. അവൻ ഇവിടെ ഇല്ല എന്ന വാർത്ത രണ്ടു തരത്തിലുള്ള പ്രതികരണങ്ങൾ ഒരു വ്യക്തിയിൽ രൂപപ്പെടുത്താൻ സാധ്യതയുണ്ട്; പ്രത്യാശയുടെയോ, ദുഃഖത്തിന്റെയോ. ക്രിസ്തുവിന്റെ ഉയിർപ്പിൽ വിശ്വസിക്കുന്നവർക്ക് അത് പ്രത്യാശ പകരുന്ന സന്തോഷവാർത്തയാണ്. എന്നാൽ, ഈ ലോകത്തിലെ സ്വപ്നങ്ങൾ മാത്രം നെയ്ത് ജീവിക്കുന്നവർക്ക് ക്രിസ്തുവിന്റെ ഉയിർപ്പിൽ യാതൊരു പ്രതീക്ഷയും കിട്ടില്ല. അടിമത്തവും മരണവും പുത്തൻ ഭാവങ്ങളിൽ മനുഷ്യനെ ബന്ധിക്കുന്ന ഈ കാലഘട്ടം, കലുഷിതമായ സാഹചര്യങ്ങളിലൂടെയാണ് കടന്നു പൊയ്ക്കൊണ്ടിരിക്കുന്നത്. കോവിഡ് - 19 മഹാമാരി വിതച്ച വിനകളുടെ നടുവിൽ ഭക്ഷ്യമേഖലയിലും തൊഴിൽ മേഖലയിലും സാമ്പത്തിക മേഖലയിലുമൊക്കെയായി നേരിടുന്ന പ്രതിസന്ധികളും ആശങ്കകളും അനുദിനം നമ്മളെ അസ്വസ്ഥരാക്കുന്നുണ്ട്. അജപാലനപരമായ മേഖലയിലും ഒത്തിരിയേറെ പരമിതികൾ ഇന്ന് നമുക്കുണ്ട്. കൂടാതെ സാമൂഹിക സ്പർദ്ധ, മതതീവ്രവാദം, പാരിസ്ഥിതിക പ്രശ്നങ്ങൾ, ദാരിദ്ര്യം തുടങ്ങി ധാരാളം പ്രശ്നങ്ങൾ വേറെയും. ഇത്തരം വിഷമസന്ധികളുടെ നടുവിൽ ക്രിസ്തുവിന്റെ ഉത്ഥാനം നൽകുന്ന പ്രത്യാശയ്ക്ക് പ്രസക്തിയേറും. ഉത്ഥാനം നല്കുന്ന പ്രതീക്ഷ നൂറ്റാണ്ടുകൾക്ക് പിന്നിൽ മറവു ചെയ്യപ്പെട്ട ഒരാശയമല്ല. ഓരോ പുലരിയിലും പ്രതീക്ഷ നല്കുന്ന മനുഷ്യരക്ഷയുടെ സുവിശേഷമാണ് ക്രിസ്തുവിന്റെ ഉത്ഥാനം.

ഉറുമ്പിനു ചിറക് മുളയ്ക്കുകയും പുഴു ശലഭമാവുകയും ചെയ്യുന്ന ഭൂമിയിൽ അത്തരം ചില സാധ്യതകൾ അവനവന്റെ ആന്തരിക പ്രപഞ്ചത്തിൽ ഇല്ലായെന്ന് സങ്കല്പിക്കുന്നത് അപകടകരമല്ലേ ? അത്തരം സുദർശനങ്ങളുടെ അഭാവത്തിലാണ് ക്രിസ്തുവിന്റെ ഉത്ഥാനം നമുക്ക് പ്രത്യാശ നല്കുന്നത്. ഉത്ഥിതൻ നല്കുന്ന പ്രത്യാശയിൽ ശരണപ്പെട്ടുകൊണ്ട് അവങ്കലേക്ക് നോക്കി പ്രതീക്ഷയോട് നമുക്ക് ജീവിക്കാം. എല്ലാവർക്കും നമ്മുടെ കർത്താവിന്റെ ഉയിർപ്പ് തിരുന്നാളിന്റെ അനുഗ്രഹങ്ങൾ പ്രാർത്ഥനാപൂർവ്വം ആശംസിക്കുന്നു.



www.malankaralibrary.com

# എല്ലാ നാടാർക്കും സംവരണം

## ദൈവവിശ്വാസം, ഗാന്ധിയൻമാർഗം, ഇച്ഛാശക്തി ഇവയുടെ വിജയം

കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവാ

സംവരണാനുകൂല്യത്തിലെ അസമത്വം സൃഷ്ടിക്കപ്പെട്ട അനീതിക്കു വിധേയമായ നാടാർ സമുദായത്തിലെ ഒരു വിഭാഗം ജനതയുടെ നീതിക്കുവേണ്ടിയുള്ള പോരാട്ടത്തിന്റെ വിജയമായിരുന്നു 2021 ഫെബ്രുവരി മൂന്നിനു കേരള സർക്കാർ നടത്തിയ പ്രഖ്യാപനം: മതപരിഗണന കൂടാതെ നാടാർ സമുദായത്തിലെ എല്ലാവർക്കും സംവരണാനുകൂല്യ പരിരക്ഷ. തിരുവനന്തപുരം ജില്ലയ്ക്കു പുറമേയുള്ളവർക്കു നാടാർ സംവരണ വിഷയത്തിന്റെ തീവ്രതയും ഗൗരവവും അത്രമേൽ അറിയില്ലായെന്ന പരമാർഥം മുമ്പിൽ കണ്ടാണ് പൊതുസമൂഹത്തിനായി ഈ ലേഖനമെഴുതുന്നത്.

### ചരിത്രത്തിലേക്ക് ഒരു തിരിഞ്ഞുനോട്ടം

കേരളത്തിലും തമിഴ്നാട്ടിലുമായി വ്യാപിച്ചു കിടക്കുന്ന ജനവിഭാഗമാണു നാടാർ സമുദായം. കാലഗതിയിൽ ഈ സമുദായം സാമൂഹികമായും സാമ്പത്തികമായും പിന്നാക്കം പോയി എന്നതു ചരിത്ര സത്യമാണ്. അതുകൊണ്ടാണു നാടാർ സമുദായത്തിനു പ്രത്യേക ആനുകൂല്യം നൽകിവന്നിരുന്നത്. അവിടെ മതത്തിന്റെയോ വിശ്വാസത്തിന്റെയോ പേരിൽ വിവേചനം ഇല്ലായിരുന്നു. സ്വാതന്ത്ര്യാനന്തരം 1949 ൽ തിരു-കൊച്ചി സംസ്ഥാനം രൂപംകൊണ്ടപ്പോൾ ഭരണഘടനാനുസൃതമായി സർക്കാർ നിയോഗിച്ച കമ്മീഷൻ പഠനം നടത്തി പിന്നാക്ക വിഭാഗങ്ങളിൽനിന്ന് (നാടാർ, ഈഴവ, വിശ്വകർമ മുതലായവ) ക്രിസ്തുമതം സ്വീകരിച്ച എല്ലാവരെയും പിന്നാക്ക വിഭാഗമായി അംഗീകരിച്ച് 521528/50/cs dt:17.9.1952 എന്ന ഉത്തരവിലൂടെ സംവരണാവകാശം നൽകിയിരുന്നു. കേരള സംസ്ഥാനം രൂപീകൃതമായ ശേഷവും ഈ അവകാശം തുടർന്നു. കേരളപ്പിറവിക്കുശേഷം, 1957 ഡിസംബർ 14ന് ഒരു





www.malankaralibrary.com

അസാധാരണ സർക്കാർ ഉത്തരവിലൂടെ (Executive Order) അന്നത്തെ കേരള സർക്കാർ ''മറ്റു ക്രിസ്ത്യാനികൾ'' എന്ന പട്ടികയിൽ വരുത്തിയ മാറ്റം മലങ്കര കത്തോലിക്കാസഭയിൽ അംഗങ്ങളായ നാടാർ സമുദായാംഗങ്ങളെ പിന്നാക്ക വിഭാഗപട്ടികയിൽ നിന്നുതന്നെ പുറത്താക്കി. ''മറ്റു ക്രിസ്ത്യാനികൾ'' എന്ന പട്ടികയിൽ പട്ടികജാതി/പട്ടികവർഗം വിഭാഗങ്ങളിൽനിന്നു ക്രിസ്തുമതം സ്വീകരിച്ചവർ മാത്രം എന്നാണു മാറ്റം വരുത്തിയത് (DRS No. 26706/57/DD). അക്കാരണത്താൽ മലങ്കര കത്തോലിക്കാസഭയിലുൾപ്പെടെ 45-ൽപരം



സഭകളിൽ അംഗങ്ങളായ നാടാർ സമുദായാംഗങ്ങൾക്കു കഴിഞ്ഞ 58 വർഷങ്ങളായി സംവരണപരിരക്ഷ നഷ്ടപ്പെട്ടു കഴിയുകയായിരുന്നു.

മതപരമായ വിവേചനം ഭരണഘടനാവിരുദ്ധമാണ്. ഒരുതരത്തിലും ന്യായീകരിക്കാനാവാത്ത കടുത്ത സാമൂഹിക നീതിനിഷേധത്തിലൂടെയാണു നാടാർ വിഭാഗത്തിലെ (ലത്തീൻ, എസ്.ഐ.യു.സി. ഒഴികെയുള്ള) ക്രൈസ്തവർ സംവരണാനുകൂല്യത്തിൽനിന്നു പുറത്താക്കപ്പെട്ടത്. പിന്നാക്ക ജനസമൂഹങ്ങളുടെ സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ നിലവാരത്തെക്കുറിച്ചു പഠിച്ച് ശിപാർശകൾ നൽകാൻ നിയോഗിക്കപ്പെട്ട 1955 ലെ കാക്കാ കലേൽക്കർ കമ്മീഷൻ, 1965 ലെ ജി. കുമാരപിള്ള കമ്മീഷൻ, 1970 ലെ സന്താനം കമ്മിറ്റി, 1975 ലെ ചിദംബരം കമ്മീഷൻ, 1980 ലെ മണ്ഡൽ കമ്മീഷൻ ഇവയെല്ലാം പിന്നാക്ക വിഭാഗത്തിൽനിന്ന് ക്രിസ്തുമതം സ്വീകരിച്ചവരുടെ പിന്നാക്കാവസ്ഥയെ എടുത്തുകാട്ടുന്നുണ്ട്. പഠന കമ്മിറ്റികളുടെ ഈ കണ്ടെത്തലുകളൊന്നും അധികാരത്തിലിരുന്ന ആരും മുഖവിലയ്ക്കെടുത്തില്ല. ഒരു മതം വിട്ട് മറ്റൊരു മതം സ്വീകരിച്ചാൽ മൗലിക അവകാശങ്ങളും ജന്മാവകാശവും പൗരാവകാശങ്ങളും എല്ലാം നഷ്ടമാവുന്ന അവസ്ഥ സാമൂഹിക നീതിയുടെ നഗ്നമായ ലംഘനവും ഭരണഘടനാവിരുദ്ധവുമാണെന്നതിൽ രണ്ടുപക്ഷമില്ല.

### നീതിക്കുവേണ്ടിയുള്ള സമരം കഴിഞ്ഞ നൂറ്റാണ്ടിൽ

നാടാർ സമുദായത്തിലെ മുഴുവൻപേർക്കും മതപരിഗണന കൂടാതെ സംവരണാനുകൂല്യം ലഭ്യമാക്കാൻ മലങ്കര കത്തോലിക്കാസഭയുടെ നേതൃത്വത്തിൽ നടത്തിയ ശ്രമങ്ങളുടെ ഫലമായി കെ. കരുണാകരൻ മുഖ്യമന്ത്രിയായിരുന്ന കാലത്ത് ഹിന്ദു നാടാർ,



www.malankaralibrary.com

ക്രിസ്ത്യൻ നാടാർ എന്നീ രണ്ടു വിഭാഗങ്ങളായി എല്ലാ നാടാർക്കും സംവരണം ഏർപ്പെടുത്താൻ നടപടി ഉണ്ടായി. എന്നാൽ, ഫലം കണ്ടെത്തിയില്ലായെന്നതാണു സത്യം! ഓരോ പത്തു കൊല്ലം കൂടുമ്പോഴും സമുദായങ്ങളുടെ സാമൂഹിക, സാമ്പത്തിക, വിദ്യാഭ്യാസ അവസ്ഥ പഠിച്ച് അതിന്റെ അടിസ്ഥാനത്തിൽ സംവരണ പരിരക്ഷാതത്വം പുനഃക്രമീകരിക്കണമെന്നതാണു വ്യവസ്ഥ. ഇവിടെ 1956 നുശേഷം ഇന്നേവരെ അങ്ങനെയൊരു പഠനം നടന്നിട്ടില്ല. ഭരണത്തിലും രാഷ്ട്രീയത്തിലും സ്വാധീനമുള്ള വിഭാഗങ്ങൾ യാതൊരു ശാസ്ത്രീയ പഠനവും കൂടാതെ മെച്ചപ്പെട്ട ആനുകൂല്യങ്ങൾ സ്വായത്തമാക്കുന്നു. നീതി നിഷേധിക്കപ്പെട്ടവർ കാഴ്ചക്കാരായി സാമൂഹ്യജീവിതത്തിന്റെ വിളുമ്പിലേയ്ക്കു വീണ്ടും വീണ്ടും മാറ്റപ്പെടുന്നു. നീതിക്കുവേണ്ടിയുള്ള നാടാർ സമുദായത്തിന്റെ നിലവിളിക്കുനേരെ ചെവിയടച്ച ഭരണകൂടങ്ങൾ യുക്തിക്കു നിരക്കാത്ത ബാഹ്യസമ്മർദ്ദങ്ങൾക്കു വഴങ്ങി തങ്ങളുടെ ജനാധിപത്യപരമായ ഉത്തരവാദിത്വങ്ങളിൽനിന്ന് ഓടിയൊളിക്കുകയായിരുന്നു.

## അസമത്വത്തിന്റെ ബാക്കിപത്രം

1996 മുതൽ സിറിൽ ബസേലിയോസ് ബാവാ തിരുമേനിയും, മലങ്കര കാത്തലിക് അസോസിയേഷന്റെ പ്രതിനിധികളും ഉൾപ്പെടെ വിവിധ നാടാർ സംഘടനകളും, കേന്ദ്ര സർക്കാരിനും കേന്ദ്ര പിന്നാക്കവിഭാഗ കമ്മീഷനും നല്കിയ പരാതികൾ പരിഗണിച്ചാണു നാടാർ സമുദായം ഒന്നാകെ പിന്നാക്കമായി കണ്ട് 2000 ഏപ്രിൽ നാലിന് ഭാരതസർക്കാർ ദേശീയ തലത്തിൽ നാടാർ സംവരണം നടപ്പിലാക്കിയത്. അപ്പോഴും ക്രൈസ്തവ വിശ്വാസികളായ നാടാർ സമുദായാംഗങ്ങളെ പിന്നാക്ക പട്ടികയിൽപ്പെടുത്താൻ കേരളസർക്കാർ തയാറായില്ല എന്നതാണു വിരോധാഭാസം. കേരളത്തിലെ ബഹുഭൂരിപക്ഷം ക്രിസ്ത്യൻ നാടാർ സമുദായാംഗങ്ങളും കേന്ദ്രസർക്കാരിന്റെ സ്ഥാപനങ്ങളിൽ ജോലിക്ക് അപേക്ഷിക്കുമ്പോൾ പിന്നാക്കക്കാരും സംസ്ഥാന സർക്കാരിന്റെ സ്ഥാപനങ്ങളിൽ മുന്നാക്കക്കാരുമാകുന്ന മനുഷ്യയുക്തിക്കും സാമൂഹിക നീതിക്കും നിരക്കാത്ത സ്ഥിതിവിശേഷം ഉണ്ടായി.

## സംവരണക്രമത്തിലെ അനീതി

നാടാർ സമുദായത്തിൽ ഹിന്ദുക്കൾക്കും എസ്.ഐ.യു.സി., ലത്തീൻ വിഭാഗക്കാരായ ക്രൈസ്തവർക്കും സംവരണാനുകൂല്യ പരിരക്ഷ കിട്ടുമ്പോൾ മറ്റു ക്രൈസ്തവ വിഭാഗങ്ങൾക്കു സമുദായ ക്രമപട്ടികയിൽ പേരുപോലും ചേർക്കാൻ പറ്റാത്ത സാമൂഹിക അനീതിയാണ് പതിറ്റാണ്ടുകളായി നടന്നുവന്നിരുന്നത്. നാടാർ കുടുംബങ്ങളിൽ 4 സംവരണ പരിരക്ഷ അനുഭവിക്കുന്ന ലത്തീൻ കത്തോലിക്കാ സഭാംഗവും 1 സംവരണം അനുഭവിക്കുന്ന ഹിന്ദു വിശ്വാസിയും 1 പ്രത്യേക സംവരണം അനുഭവിക്കുന്ന എസ്.ഐ.യു.സി.യിലുൾപ്പെടുന്ന സി.എസ്.ഐ. സഭാംഗവും എല്ലാം ഒരപ്പന്റെയും ഒരമ്മയുടെയും മക്കളായി ഒരു വീട്ടിൽ തന്നെയുണ്ട്. ഈ മൂന്നു പട്ടികയിലും പെടാത്ത മറ്റു മക്കൾക്ക് സർക്കാർ സമുദായ ലിസ്റ്റിൽ പേരു ചേർക്കാൻ പോലും സാധ്യമല്ലായിരുന്നു.

## നീതിക്കുവേണ്ടിയുള്ള കനൽവഴികളിൽ മലങ്കര കത്തോലിക്കാസഭ

ഈ അനീതി തിരുത്തുന്നതിനുവേണ്ടി 2000-ാമാണ്ടിൽ ആർച്ചുബിഷപ് സിറിൽ മാർ ബസേലിയോസ് പിതാവ് കാട്ടാക്കടയിൽ വിളിച്ചുകൂട്ടിയ മഹാസമ്മേളനം, 2003 ൽ നീതിന്യായ കോടതിയെ സമീപിച്ചത്, 2001 മുതൽ മന്ത്രിമാർക്കും നിയമസഭാ സാമാജികർക്കും പരാതി നൽകിയതിന്റെ ഫലമായി ജോണി നെല്ലൂർ, പി.സി. ജോർജ് എന്നിവർ വിഷയം നിയമസഭയിൽ ഉന്നയിച്ചത്, മലങ്കര കാത്തലിക് നാടാർ മൂവ്മെന്റിന്റെ സ്ഥാപനം, 2008 സെപ്റ്റംബർ 22, 23 തീയതികളിൽ തിരുവനന്തപുരം രക്തസാക്ഷിമണ്ഡപത്തിൽ നടത്തിയ 24 മണിക്കൂർ ഉപവാസവും മുഖ്യമന്ത്രിക്കു നിവേദനം സമർപ്പണവും, 2009 സെപ്റ്റംബർ 16നു നടത്തിയ പ്രകടനവും പൊതുസമ്മേളനവും, നവംബർ 29 ലെ പ്രതിഷേധ ദിനാചരണം, 2010 ഫെബ്രുവരി 15 ന് അമ്മമാരുടെയും കുട്ടികളുടെയും ധർണ, 2015 മെയ് 31 ന് തിരുവനന്തപുരത്തു നടത്തിയ അവകാശപ്രഖ്യാപനറാലി എന്നിവ മറക്കാനാവില്ല.

2012 ൽ നാടാർ സംവരണ വിഷയവുമായി ബന്ധപ്പെട്ട് പല തവണ മുഖ്യമന്ത്രിയെ കണ്ടു ചർച്ച നടത്തി. അതേതുടർന്ന് നാടാർ സംവരണം സംബന്ധിച്ച്



www.malankaralibrary.com

കേന്ദ്ര ഗവൺമെന്റ് നയത്തിനനുസൃതമായി കേരളത്തിലെ നാടാർ ക്രൈസ്തവർക്കെല്ലാം സംവരണ പരിരക്ഷ ലഭ്യമാക്കുന്നതിനുള്ള നിർദേശങ്ങൾ സമർപ്പിക്കാൻ സംസ്ഥാന സർക്കാർ ജസ്റ്റീസ് എം.എം. ഹരിഹരൻ നായരെ കമ്മീഷനായി നിയമിച്ചു. നീതിനിഷേധത്തിലൂടെ സാമൂഹിക വിവേചനത്തിനിരയായ മലങ്കര കത്തോലിക്കാസഭയിലെ നാടാർ കുടുംബത്തിലെ രണ്ടു വ്യക്തികളും ഞാനും കക്ഷികളായി 2012 ൽ അഡ്വക്കേറ്റ് സെബാസ്റ്റ്യൻ പോൾ മുഖേന WP C21849/12 എന്ന നമ്പരായി കേരളാ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തു. ഒരു വർഷത്തിനുള്ളിൽ സംവരണം നടപ്പാക്കണമെന്ന് നിർദ്ദേശിച്ച് കേരള ഹൈക്കോടതി 29.11.2015 ൽ ഉത്തരവു പുറപ്പെടുവിച്ചെങ്കിലും രണ്ടു പ്രാവശ്യം സംസ്ഥാന സർക്കാർ കോടതിയിൽനിന്നു സമയം നീട്ടിവാങ്ങി പ്രസ്തുത ഉത്തരവ് അനിശ്ചിതത്വത്തിലാക്കി. തുടർന്നു ഗവൺമെന്റിനും പിന്നാക്ക കമ്മീഷനും എതിരെ Cont (c) 937/2018 എന്ന നമ്പരായി കോർട്ട് അലക്ഷ്യം ഫയൽ ചെയ്തു. പ്രസ്തുത പെറ്റീഷൻ ഇപ്പോഴും കോടതിയുടെ പരിഗണനയിലാണ്.

### സമ്മർദ്ദങ്ങളെ അതിജീവിച്ച സാമൂഹിക നീതി

2007 മുതൽ കേരളം ഭരിച്ച മുഖ്യമന്ത്രിമാരോട് ഈ വിഷയത്തിൽ ഇടപെടാനായി വ്യക്തിപരമായി ആവശ്യപ്പെട്ടിരുന്നു. പലപ്പോഴും അവരുടെ വാഗ്ദാനങ്ങൾ വാക്കുകളിൽ മാത്രമായി ചുരുങ്ങിപ്പോയ വേദനാജനകമായ സാഹചര്യവും ഉണ്ടായിട്ടുണ്ട്. നീതി നടപ്പാക്കേണ്ടതാണെന്ന് ബോധ്യപ്പെട്ടിട്ടും അതു നടപ്പിലാക്കാൻ സാധ്യമല്ലാത്തവിധം സമ്മർദ്ദത്തിലായ ഭരണനേതൃത്വങ്ങളുടെ ഇച്ഛാശക്തിയെക്കുറിച്ചു സംശയിക്കേണ്ടി വന്നിട്ടുണ്ട്. എങ്കിലും ഒരുനാൾ നീതി നടപ്പാകുമെന്ന ഉറച്ച ബോധ്യത്തോടെ ഗാന്ധിയൻ സമരമാർഗത്തിൽ ദൈവാശ്രയത്തിൽ സ്ഥിരതയോടെ നിലകൊണ്ടതുകൊണ്ടാണ് അന്തിമവിജയം നേടാൻ സാധിച്ചത്. എല്ലാ സമ്മർദ്ദങ്ങളെയും അതിജീവിക്കാൻ ഇപ്പോഴത്തെ സർക്കാരിനു സാധിച്ചു എന്ന മാതൃകാപരമായ നിലപാടിൽ ഈ സർക്കാരിനോടു നാടാർ സമൂഹം കടപ്പെട്ടിരിക്കുന്നു.

### നന്ദി...നന്ദി...നന്ദി...

പതിറ്റാണ്ടുകൾ നീണ്ട ഒരു സമരം വിജയം കണ്ടെത്തുമ്പോൾ ദൈവകരുണയുടെ മുമ്പിൽ ശിരസു നമിച്ചുകൊണ്ട് ഏവരോടും നന്ദി പറയുന്നു. ഈ പാവപ്പെട്ട ജനസമൂഹത്തോട് പക്ഷം ചേർന്ന രാഷ്ട്രീയ-ഭരണ നേതൃത്വങ്ങളെ, മത-സാമുദായിക നേതാക്കളെ, കേരളത്തിലെ പൊതുസമൂഹത്തെ നന്ദിപൂർവം ഓർക്കുന്നു. നാടാർ സംവരണം അനുഭവിച്ചു വന്നിരുന്ന സമൂഹങ്ങൾക്ക് ഈ സംവരണം ബാക്കിയുള്ളവർക്കും കൂടി ലഭിക്കുന്നതിൽ അൽപ്പം ആശങ്കയുണ്ടായിരുന്നു. അവർക്ക് ലഭിച്ചുകൊണ്ടിരുന്ന സംവരണത്തിൽ കുറവ് വരുമോയെന്നതായിരുന്നു ആ ആശങ്കയുടെ കാരണം. അതു വ്യക്തമായതിനുശേഷം അവർ നൽകിയ ധാർമിക പിന്തുണയ്ക്കും പ്രാർത്ഥനയ്ക്കും ഏറെ നന്ദി.

രാഷ്ട്രീയവും സാമുദായികവുമായ എല്ലാ സമ്മർദ്ദങ്ങളെയും ഇച്ഛാശക്തികൊണ്ട് അതിജീവിച്ച് ഇതുവരെ സംവരണം ലഭിക്കാതെയിരുന്ന നാടാർ സമുദായാംഗങ്ങളെയെല്ലാം ഒബിസി പട്ടികയിൽ ഉൾപ്പെടുത്തി, ഒരു ജനതയ്ക്കു നീതി നടപ്പിലാക്കിയ കേരളത്തിന്റെ ആദരണീയനായ മുഖ്യമന്ത്രി പിണറായി വിജയൻ നേതൃത്വം നൽകുന്ന കേരള സർക്കാരിനു ഹൃദയപൂർവമായ നന്ദി.

നീതിനിഷേധങ്ങൾ തിരുത്തപ്പെടേണ്ട തെറ്റുകളാണ്. കാലത്തിന്റെ പ്രയാണത്തിൽ അത്തരം തിന്മകൾക്കെതിരെ സമൂഹമനഃസാക്ഷി ഉണരേണ്ടതാണ്. അടിച്ചമർത്തപ്പെട്ടവർക്കും പിന്നാക്കം പോയവർക്കും ശബ്ദം നഷ്ടപ്പെട്ടുപോയ ചെറുകൂട്ടങ്ങൾക്കും ദളിതർക്കും നീതി നടപ്പിലാക്കുന്നതിൽ അമാന്തം പാടില്ല. നീതി നിഷേധിക്കപ്പെടുന്ന സമൂഹങ്ങൾക്കു മതപരിഗണന കൂടാതെതന്നെ നീതി ഉറപ്പാക്കാൻ ഒരു ജനതയായി നമുക്കു കൈകോർക്കാം, ഒരുമിച്ചു നീങ്ങാം.

(കടപ്പാട് : ദീപിക, 17 ഫെബ്രുവരി)



www.malankaralibrary.com

# സഭയുടെ സംരക്ഷകനായ യൗസേപ്പുപിതാവ്



**ഫാ. ഡോ. ജോസഫ് കളരിപ്പറമ്പിൽ**

വി. മത്തായി, വി. ലൂക്കാ സുവിശേഷകന്മാർ നല്കുന്ന പരിമിതമായ വിവരണങ്ങളാണ് യൗസേപ്പുപിതാവിനെക്കുറിച്ചു ലഭ്യമായ വി. ഗ്രന്ഥാധിഷ്ഠിതമായ അറിവുകൾ. ഇവ കൂടാതെ ചില അപ്പോക്രിഫൽ ഗ്രന്ഥങ്ങളിൽ (ജെയിംസിന്റെ സുവിശേഷം, തോമായുടെ സുവിശേഷം, മറിയത്തിന്റെ ജനനസംബന്ധമായ സുവിശേഷം, മത്തായിയുടെ പേരിലുള്ള മറ്റൊരു സുവിശേഷം) യൗസേപ്പുപിതാവിന് സുപ്രധാനമായ സ്ഥാനം നൽകിയിട്ടുണ്ട്. ദാവീദിന്റെ വംശത്തിൽപ്പെട്ട യൗസേപ്പുപിതാവ് നീതിമാനും ദൈവം സ്വപ്നങ്ങൾ മുഖേനയറിയിച്ച കാര്യങ്ങൾ നിറവേറ്റുന്നതിൽ വിശ്വസ്തനുമായിരുന്നു. തിരുക്കുടുംബത്തിന്റെ ചുമതലകൾ ഉത്തരവാദിത്തത്തോടെ നിറവേറ്റുന്ന കുടുംബനാഥൻ എന്ന നിലയിലാണ് യൗസേപ്പുപിതാവിനെ ഈ ഗ്രന്ഥങ്ങളെല്ലാം വരച്ചുകാട്ടുന്നത്. മരപ്പണിക്കാരനായ യൗസേപ്പ് നസ്രത്തിൽനിന്നു ബേതലഹേമിലേക്കുള്ള യാത്രയിലും, അവിടെനിന്നു ഈജിപ്തിലേക്കുള്ള പലായനത്തിലും, തുടർന്ന്നസ്രത്തിലേക്കുള്ള തിരിച്ചുവരവിലും തന്നെ ഭരമേല്പിച്ച കുടുംബത്തിന്റെ ദൗത്യം പൂർണമായും നിറവേറ്റുന്നു. ദൈവപുത്രനായിരുന്നിട്ടും മനുഷ്യപുത്രനായി ജീവിച്ച യേശുക്രിസ്തുവിന്റെ പിതൃസ്ഥാനം വഹിച്ച യൗസേപ്പുപിതാവിന് നിശ്ചയമായും വളരെയധികം പ്രതിസന്ധികൾ അഭിമുഖീകരിക്കേണ്ടിവന്നിട്ടുണ്ട്. വി. ഗ്രന്ഥം വ്യക്തമായ തെളിവുകൾ നല്കുന്നില്ലെങ്കിലും ഈജിപ്തുപോലെയുള്ള അപരിചിതമായ ദേശത്ത് തന്റെ കുടുംബത്തിന്റെ ദൈനംദിനമുള്ള ആവശ്യങ്ങൾ നടത്തിക്കൊണ്ടുപോകുവാൻ യൗസേപ്പുപിതാവ് വളരെയധികം ക്ലേശങ്ങൾ അഭിമുഖീകരിച്ചുവെന്ന് നമുക്ക് അനുമാനിക്കാവുന്നതാണ്.

യേശുവിന്റെ പരസ്യജീവിതത്തിനു മുമ്പായി യൗസേപ്പുപിതാവ് മരണപ്പെട്ടിട്ടുണ്ടാകാം. ഇതിനു ദൈവശാസ്ത്രജ്ഞർ നല്കുന്ന തെളിവുകൾ രണ്ടാണ്. പന്ത്രണ്ടാം വയസ്സിൽ യേശുവിനെ കാണാതായതിനുശേഷം (ലൂക്കാ 2:41-52) യൗസേപ്പുപിതാവിനെക്കുറിച്ച് വി. ഗ്രന്ഥത്തിൽ യാതൊരു പരാമർശവും ലഭ്യ






www.malankaralibrary.com

മല്ല. തന്മൂലം ദൈവശാസ്ത്രജ്ഞന്മാർ അനുമാനിക്കുന്നത് അദ്ദേഹം യേശുവിന്റെ പരസ്യജീവിതത്തിനു മുമ്പുതന്നെ മരിച്ചിട്ടുണ്ടാകും എന്നാണ്. രണ്ടാമത്തെ തെളിവ്, നാല്പതാം ദിവസം യേശുവിനെ ദൈവാലയത്തിൽ കാഴ്ചയർപ്പിച്ചപ്പോൾ ശിമയോൻ നടത്തിയ പ്രവചനത്തെ ആധാരമാക്കിയാണ് (ലൂക്കാ 2:25-40). ശിമയോന്റെ പ്രവചനത്തിൽ യേശുവിനെയും മറിയത്തെയും കുറിച്ചു മാത്രമെ പ്രതിപാദിച്ചിട്ടുള്ളൂ. യേശുവിന്റെ പരസ്യജീവിതത്തിനു മാതാവ് മാത്രമെ സാക്ഷിയാകുകയുള്ളു എന്നാണ് ശിമയോന്റെ പ്രവചനത്തിന്റെ സാരം. യൗസേപ്പുപിതാവിനെക്കുറിച്ചു യാതൊരുവിധ പരാമർശവും ശിമയോന്റെ പ്രവചനത്തിലില്ല. ഇത് വിരൽ ചൂണ്ടുന്നത് യേശുവിന്റെ പീഡാസഹനത്തിനോ കുരിശുമരണത്തിനോ സാക്ഷിയാകുവാൻ യൗസേപ്പ് ഉണ്ടാകുവാൻ സാധ്യതയില്ലയെന്നാണ്. ബാരോക്കൻ ചിത്രരചനകളിൽ യൗസേപ്പുപിതാവിന്റെ മരണം ചിത്രീകരിച്ചിട്ടുണ്ട്. ഈ ചിത്രങ്ങളിൽ മരണാസന്നനായ യൗസേപ്പുപിതാവ് പരിശുദ്ധ അമ്മയുടെ മടിയിൽ തല വച്ചു കിടക്കുന്നതും യേശുവിന്റെ കൈ പിടിച്ചിരിക്കുന്നതും കാണുവാൻ സാധിക്കും. കർത്താവിന്റെ സാന്നിധ്യത്തിൽ ഭാഗ്യമരണം പ്രാപിക്കുവാൻ യൗസേപ്പുപിതാവിന് സാധിച്ചു എന്നത് നല്ല മരണത്തിന്റെ മധ്യസ്ഥനായി സഭ അദ്ദേഹത്തെ ബഹുമാനിക്കുന്നതിന് കാരണമായി.

പരിശുദ്ധ അമ്മ കഴിഞ്ഞാൽ യേശുവിന്റെ വളർത്തുപിതാവായ ഈ മരപ്പണിക്കാരനാണ് വിശുദ്ധരിൽ പ്രഥമ സ്ഥാനം. തിരുക്കുടുംബത്തിന്റെ കാവൽക്കാരൻ എന്നതിലുപരിയായി സഭ മുഴുവന്റെയും സംരക്ഷകൻ എന്ന സ്ഥാനം നല്കി സഭ യൗസേപ്പുപിതാവിനെ ബഹുമാനിക്കുന്നു. പഴയനിയമത്തിലെ ജോസഫ് ഈജിപ്തിലെ ക്ഷാമത്തിന്റെ പശ്ചാത്തലത്തിൽ ഇസ്രായേൽജനത്തിന്റെ സംരക്ഷകനായി മാറിയതുപോലെ, പുതിയനിയമത്തിലെ യൗസേപ്പ് പുതിയ ഇസ്രായേലായ സഭയുടെ മുഴുവൻ സംരക്ഷകനായി. യൗസേപ്പുപിതാവിന്റെ ഈ ദൗത്യത്തെ സഭ പ്രത്യേകമായി ബഹുമാനിക്കുകയും വണങ്ങുകയും ചെയ്യുന്നു. മാർച്ച് മാസം 19-ാം തീയതിയും, മെയ് മാസം 1-ാം തീയതിയും യൗസേപ്പുപിതാവിന്റെ തിരുന്നാളുകളായി സഭ കൊണ്ടാടുന്നു. കത്തോലിക്കാസഭ യൗസേപ്പുപിതാവിനെ കുടുംബങ്ങളുടെയും കുഞ്ഞുങ്ങളുടെയും യുവജനങ്ങളുടെയും മരപ്പണിക്കാരുടെയും ആശാരിമാരുടെയും കൈത്തൊഴിലുകാരുടെയും തൊഴിലാളികളുടെയും എഞ്ചിനീയർമാരുടെയും വൈദികരുടെയും സന്ന്യസ്തരുടെയും സ്വർഗ്ഗീയ മധ്യസ്ഥനായി പ്രഖ്യാപിച്ചിട്ടുണ്ട്.

ചിത്രകാരന്മാരും ശില്പികളും യൗസേപ്പുപിതാവിനെ വയോവൃദ്ധനായി വരച്ചുകാട്ടിയത് വിശുദ്ധനോടുള്ള ഭക്ത്യാദരങ്ങൾ വളർത്തുവാനും വിശുദ്ധന്റെ ബ്രഹ്മചര്യത്തെയും പരിശുദ്ധ അമ്മയുടെ നിത്യകന്യാത്വത്തെയുംപറ്റി സംശയിക്കാനിട കൊടുക്കാതിരിക്കുന്നതിനുമാണ്. എന്നാൽ, കന്യാത്വത്തെയും ബ്രഹ്മചര്യത്തെയും സംരക്ഷിക്കേണ്ടത് പരിശുദ്ധാത്മാവിന്റെ ശക്തിയും, അതിനായി ആഗ്രഹിക്കുന്ന ആളിന്റെ പുണ്യവുമത്രേ. യേശുവിന്റെ ജനനസമയത്ത് യൗസേപ്പുപിതാവിന്റെ പ്രായം എത്രയായിരുന്നുവെന്ന് കൃത്യമായി പറയുവാൻ സാധ്യമല്ല. എന്നാൽ, യഹൂദനിയമവും അക്കാലത്തെ ആചാരങ്ങളും അനുസരിച്ച്, മറിയവും യൗസേപ്പും വിവാഹിതരായത് കൗമാരപ്രായത്തിൽ ആയിരുന്നുവെന്ന് കരുതുന്നു. അക്കാലത്ത് യഹൂദ നവദമ്പതികൾക്ക് ഇത് ഒരു മാനദണ്ഡമായിരുന്നു. സാധാരണയായി വളരെ ചെറുപ്രായത്തിൽ പെൺകുട്ടികളുടെ വിവാഹനിശ്ചയം നടത്തിയിരുന്നു, ആൺകുട്ടികൾക്ക് യൗവനാരംഭത്തിലും. കൂടാതെ, നസ്രത്തിൽനിന്ന് ബേത്‌ലഹേമിലേക്കും, ബേതലഹേമിൽനിന്ന് ഈജിപ്തിലേക്കും വലിയ യാത്രകളാണ് തിരുക്കുടുംബത്തിന് നടത്തേണ്ടിയിരുന്നത്. ഈ യാത്രകൾ, പ്രത്യേകിച്ച് ഈജിപ്തിലേക്കുള്ള യാത്ര, വളരെ ക്ലേശം നിറഞ്ഞതായിരുന്നു. ആരോഗ്യമുള്ള യുവാവായ ഒരു വ്യക്തിക്ക് മാത്രമേ ഇപ്രകാരം ഒരു യാത്ര നടത്തുവാൻ സാധിക്കുകയുള്ളൂ. ദൈവാലയത്തിൽ വളർന്ന മറിയത്തെ വിവാഹം കഴിക്കുവാനുള്ള പുരുഷനെ കണ്ടുപിടിക്കുവാൻ ഏതാനും പുരുഷന്മാർ തിരഞ്ഞെടുക്കപ്പെട്ടു. യോഗ്യരായി കണക്കാക്കപ്പെട്ട പുരുഷന്മാരുടെ വടികൾ എടുത്ത് ദൈവാലയത്തിൽ പ്രവേശിച്ച് പുരോഹിതർ പ്രാർത്ഥിച്ചു. പ്രാർത്ഥനയ്ക്കുശേഷം പുരോഹിതർ ഓരോരുത്തർക്കും അവരവരുടെ വടി തിരികെ കൊടുത്തു. യൗസേപ്പുപിതാവിന്റെ വടിയിൽ മാത്രം ലില്ലിപുഷ്പങ്ങൾ കാണപ്പെട്ടു. മറിയത്തിന്റെ ഭർത്താവും യേശുവിന്റെ ഭൗമിക പിതാവുമായി തിരഞ്ഞെടുക്കപ്പെട്ടവനാണ് യൗസേപ്പ് എന്നത് ദൈവത്തിൽനിന്നുള്ള ഒരു അടയാളമായിരുന്നു. കന്യാമറിയത്തിന്റെ വിശുദ്ധിക്കും യൗസേപ്പുപിതാവിന്റെ വിശുദ്ധിക്കുംവേണ്ടി ലില്ലിപുഷ്പം നിലകൊള്ളുന്നു.

1870-ൽ ഒമ്പതാം പീയൂസ് മാർപാപ്പ



www.malankaralibrary.com



യൗസേപ്പുപിതാവിനെ സഭയുടെ സംരക്ഷകനായി (Patron Saint of the Catholic Church) ഔദ്യോഗികമായി പ്രഖ്യാപിക്കുകയുണ്ടായി. അതിന്റെ 150 വർഷങ്ങൾ പൂർത്തിയാക്കുന്ന വേളയിലാണ് പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ 2020 ഡിസംബർ 8 മുതൽ 2021 ഡിസംബർ8 വരെ യൗസേപ്പുപിതാവിന്റെ വർഷമായി പ്രഖ്യാപിച്ചിരിക്കുന്നത്. ഈ പ്രഖ്യാപനത്തെ പ്രോജ്ജ്വലിപ്പിക്കുന്നതിനായി മാർപാപ്പ ''പിതാവിന്റെ സ്നേഹത്തോടെ'' എന്നർത്ഥമുള്ള 'Patris Corde' എന്ന അപ്പസ്തോലിക ലേഖനം പുറത്തിറക്കി. ''യൗസേപ്പുപിതാവിൽ യേശു ദൈവത്തിന്റെ ആർദ്രമായ സ്നേഹം കണ്ടു, 'ആ അനുഭവത്തിന്റെ വെളിച്ചത്തിലാണ് ദൈവത്തെ 'പിതാവേ' എന്ന് യേശു വിളിച്ചതും, അങ്ങനെ വിളിക്കാൻ മറ്റുള്ളവരെ പഠിപ്പിച്ചതും. ദൈവം ആവശ്യപ്പെട്ട കാര്യങ്ങൾ ചെയ്യുവാനുള്ള തന്റെ കഴിവിനെ യൗസേപ്പുപിതാവ് സംശയിച്ചു. യൗസേപ്പുപിതാവ് ഏറ്റവും വലിയ മാനസിക സംഘർഷം അനുഭവിച്ച അവസരത്തിൽ ദൈവദൂതൻവഴി വെളിപ്പെട്ട ദൈവഹിതത്തിന് കീഴടങ്ങി (മത്താ 1:20-24). മാലാഖമാർവഴി ദൈവം അദ്ദേഹത്തെ ശക്തിപ്പെടുത്തുകയും തന്റെ ആർദ്രമായ സ്നേഹത്തിന്റെ കൃപ നല്കുകയും ചെയ്തു. ഫ്രാൻസിസ് മാർപാപ്പ എഴുതുന്നു: 'ദുഷ്ടൻ നമ്മുടെ ബലഹീനതയെ കാണുവാനും അപലപിക്കുവാനും ഇടയാക്കുന്നു, അതേസമയം ആത്മാവ് അതിനെ ആർദ്രമായ സ്നേഹത്തോടെ വെളിച്ചത്തിലേക്ക് കൊണ്ടുവരുന്നു. നമ്മുടെ ഉള്ളിലെ ദൗർബല്യത്തെ സ്പർശിക്കുവാനുള്ള ഏറ്റവും നല്ല മാർഗ്ഗം ആർദ്രതയാണ്. മറ്റുള്ളവരിലേക്ക് വിരലുകൾ ചൂണ്ടുന്നതും മറ്റുള്ളവരെ വിധിക്കുന്നതും നമ്മുടെ സ്വന്തം ബലഹീനതകളെ അംഗീകരിക്കാൻ കഴിയാത്തതിന്റെ അടയാളങ്ങളാണ്. 'സ്വന്തം ബലഹീനതകൾ അംഗീകരിക്കുവാൻ - ബോധ്യപ്പെടുവാൻ - യൗസേപ്പുപിതാവിന് കഴിഞ്ഞു. തിരുക്കുടുംബത്തിലെ ആർദ്രമായ അന്തരീക്ഷം രൂപപ്പെടുത്തുവാൻ ഈ ബോധ്യം യൗസേപ്പുപിതാവിന് സഹായകമായി എന്ന് ഫ്രാൻസിസ് മാർപാപ്പ പഠിപ്പിക്കുന്നു. യൗസേപ്പുപിതാവ് മറിയത്തെ ഏറ്റവും പരമാർത്ഥ ഹൃദയത്തോടെ സ്വീകരിച്ചു. അദ്ദേഹം മാലാഖയുടെ വാക്കുകളിൽ വിശ്വസിച്ചു. ദൈവത്തിന്റെ പദ്ധതി അംഗീകരിക്കുവാൻ അദ്ദേഹത്തിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നു. എല്ലാ കോപവും നിരാശയും മാറ്റിവയ്ക്കുവാനും നമ്മൾ ആഗ്രഹിക്കുന്നതുപോലെ കാര്യങ്ങൾ നടക്കാതെ വരുമ്പോൾ ഏത് വിപരീതാനുഭവവും ദൈവത്തിന്റെ കരങ്ങളിൽനിന്ന് പരാതി കൂടാതെ സ്വീകരിക്കുന്നതിനും അദ്ദേഹത്തിന്റെ മാതൃക നമ്മെ സഹായിക്കുന്നു. തന്റെ ഉദ്ദേശ്യം നേടിയെടുക്കുവാൻ ദൈവം യൗസേപ്പുപിതാവിനെ ഉപയോഗിച്ചുവെന്ന് ഫ്രാൻസിസ് മാർപാപ്പ നമ്മെ ബോധ്യപ്പെടുത്തുന്നു. തന്റെ അപ്പസ്തോലിക ലേഖനത്തിൽ ഫ്രാൻസിസ് മാർപാപ്പ പ്രധാനമായും ഏഴ് ആശയങ്ങളാണ് പങ്കുവയ്ക്കുന്നത്: 1. സ്നേഹമുള്ള പിതാവ് 2. ആർദ്രതയും കരുണയുമുള്ള പിതാവ് 3. അനുസരണമുള്ള പിതാവ് 4. എല്ലാം സ്വീകരിക്കുന്ന പിതാവ് 5. ക്രിയാത്മകമായ ധൈര്യമുള്ള പിതാവ് 6. ജോലിചെയ്യുന്ന പിതാവ് 7. നിഴൽ പോലെ ഒരു പിതാവ്.

### 1. സ്നേഹമുള്ള പിതാവ്

രക്ഷാകരചരിത്രത്തിൽ യൗസേപ്പുപിതാവിന്റെ പങ്ക്, അദ്ദേഹം മറിയത്തിന്റെ ഭർത്താവും യേശുവിന്റെ വളർത്തുപിതാവുമായിരുന്നു എന്നതാണ്. ന്യായപ്രമാണത്തിനു മുമ്പിൽ യേശുവിന്റെ പിതൃസ്ഥാനം ഏറ്റെടുക്കുവാൻ യൗസേ



www.malankaralibrary.com

പ്പുപിതാവിന് ധൈര്യമുണ്ടായിരുന്നു. ദൂതൻ വെളിപ്പെടുത്തിയ പേര് യേശുവിനു നല്കി എന്നത് ഇതിന്റെ വ്യക്തമായ തെളിവാണ്. ഒരു വ്യക്തിക്ക് അല്ലെങ്കിൽ ഒരു വസ്തുവിന് പേര് നല്കുന്നത്, അവകാശത്തിന്റെയും അധികാരത്തിന്റെയും സ്വന്തമാണെന്നുള്ളതിന്റെയും തെളിവാണ്. ഇപ്രകാരം ദൈവപുത്രന് യേശു എന്ന പേര് നൽകിയ യൗസേപ്പുപിതാവ് എല്ലായ്പ്പോഴും ക്രിസ്ത്യാനികൾ സ്നേഹിക്കുന്ന ഒരു പിതാവായി. ലോകമെമ്പാടുമുള്ള നിരവധി പള്ളികൾ യൗസേപ്പുപിതാവിന് സമർപ്പിക്കപ്പെട്ടിരിക്കുന്നതും, നിരവധി സന്യസ്തസമൂഹങ്ങൾ അദ്ദേഹത്തിൽനിന്ന് പ്രചോദനം ഉൾക്കൊണ്ടിരിക്കുന്നതും അദ്ദേഹത്തിന്റെ നാമധേയം വഹിക്കുന്നതും അദ്ദേഹത്തിന്റെ ബഹുമാനാർത്ഥം മതപരമായ വിവിധ ആചാരങ്ങൾ അനുഷ്ഠിക്കുന്നതും യൗസേപ്പുപിതാവിനോടുള്ള സഭയുടെ സ്നേഹവും ആദരവും കൊണ്ടാണ്.

### 2. ആർദ്രതയും കരുണയുമുള്ള പിതാവ്

യേശുവിന്റെ ശൈശവ വളർച്ചയിൽ വലിയൊരു പങ്ക് യൗസേപ്പുപിതാവിനുണ്ട്. ആർദ്രത, സ്നഹം, കരുണ, ദീനാനുകമ്പ തുടങ്ങിയവ യേശു യൗസേപ്പുപിതാവിൽനിന്നാണ് പഠിച്ചത്. ദൈവിക കാര്യങ്ങളിലും ദൈവാലയസംബന്ധമായ കാര്യങ്ങളിലും ബാലനായ യേശുവിന്റെ മാതൃക യൗസേപ്പുപിതാവായിരുന്നു. കുടുംബത്തിനുവേണ്ടി അധ്വാനിച്ച് ഉത്തരവാദിത്തങ്ങൾ നിറവേറ്റുന്ന ഉത്തമ കുടുംബനാഥനായിരുന്നു യൗസേപ്പുപിതാവ്. അദ്ദേഹത്തിലൂടെ ദൈവം തന്റെ കർമ്മപദ്ധതി നടപ്പിലാക്കുന്നു. നമ്മുടെ ഭയം, ബലഹീനതകൾ, കുറവുകൾ എന്നിവയിലൂടെപോലും ദൈവത്തിന് പ്രവർത്തിക്കാനാകുമെന്ന് യൗസേപ്പുപിതാവ് നമ്മെ പഠിപ്പിക്കുന്നു. നമ്മെ നയിക്കുവാൻ കർത്താവിനെ അനുവദിക്കുന്നതിന് നാം ഒരിക്കലും ഭയപ്പെടേണ്ടതില്ല. ജീവിതത്തിലെ കൊടുങ്കാറ്റുകൾക്കിടയിൽ നമ്മുടെ വള്ളത്തിന്റെ ചുക്കാൻ ദൈവത്തിനു ഭരമേല്പിക്കുവാൻ നമ്മൾ സംശയിക്കേണ്ടെന്ന് യൗസേപ്പുപിതാവ് നമ്മെ ഉദ്ബോധിപ്പിക്കുന്നു.

### 3. അനുസരണമുള്ള പിതാവ്

ദൈവം തന്റെ രക്ഷാകരപദ്ധതി മറിയത്തിന് വെളിപ്പെടുത്തിയതുപോലെ, യൗസേപ്പുപിതാവിനും വെളിപ്പെടുത്തി; സ്വപ്നങ്ങളിലൂടെയാണ് ദൈവം ഇത് ചെയ്തത്. യൗസേപ്പുപിതാവ് ദൈവത്തിന്റെ പദ്ധതിയിൽ അനുസരണമുള്ളവനും വിശ്വസ്തനുമായിരുന്നതിനാൽ, സ്വപ്നങ്ങളിലൂടെ മാലാഖ വെളിപ്പെടുത്തിയ എല്ലാ നിർദ്ദേശങ്ങളും അവൻ സ്വീകരിച്ചു. മറിയത്തിന്റെ അതിസ്വാഭാവികമായ ഗർഭധാരണത്തെക്കുറിച്ച് യൗസേപ്പുപിതാവിന് ആശങ്കയുണ്ടായിരുന്നുവെങ്കിലും ദൈവഹിതത്തിന് വിധേയനായി തന്റെ ധർമ്മസങ്കടത്തെ മറികടന്ന് മറിയത്തെ ഭാര്യയായി സ്വീകരിച്ചു. യേശുവിനെയും മറിയത്തെയും കൂട്ടി ഈജിപ്തിലേക്ക് പലായനം ചെയ്യുവാനുള്ള ദൂതന്റെ നിർദ്ദേശങ്ങൾ ഒരു മടിയും കൂടാതെയും, താൻ നേരിടേണ്ടി വന്ന ബുദ്ധിമുട്ടുകളെ ചോദ്യം ചെയ്യാതെയും യൗസേപ്പുപിതാവ് അനുസരിച്ചു. ഈജിപ്തിൽവച്ച് ഇസ്രായേലിലേക്ക് തിരികെ പോകുവാൻ ദൂതൻ സന്ദേശം നല്കിയപ്പോൾ അദ്ദേഹം അത് നിവർത്തിയാക്കി. ഇസ്രായേലിലേക്കു തിരിച്ചുപോകുന്ന അവസരത്തിൽ സ്വപ്നത്തിൽ യൗസേപ്പുപിതാവിന് ലഭിച്ച അറിയിപ്പനുസരിച്ച് അദ്ദേഹം ഗലീലിപ്രദേശത്തേക്ക് മാറി നസ്രത്ത് പട്ടണത്തിൽ താമസമാക്കി. ഇപ്രകാരം അനുസരണത്തിന്റെ കാര്യത്തിൽ അദ്ദേഹം ഏവർക്കും മാതൃകയാണ്. കുടുംബത്തിന്റെ തലവനെന്ന നിലയിൽ, ദൈവകല്പനപ്രകാരം മാതാപിതാക്കൾക്ക് വിധേയനായി ജീവിക്കുവാൻ യൗസേപ്പുപിതാവ് യേശുവിനെ പഠിപ്പിച്ചു. ഈ സംഭവങ്ങളെല്ലാം കാണിക്കുന്നത് പിതൃത്വത്തിന്റെ കടമയിലൂടെ യേശുവിന്റെ വ്യക്തിത്വത്തെയും ദൗത്യത്തെയും നേരിട്ട് സേവിക്കുവാൻ ദൈവം യൗസേപ്പുപിതാവിനെ വിളിച്ചു എന്നാണ്: ഈ വിധത്തിൽ, സമയത്തിന്റെ പൂർണ്ണതയിൽ വീണ്ടെടുപ്പിന്റെ മഹത്തായ രഹസ്യത്തിൽ യൗസേപ്പുപിതാവ് പങ്കെടുക്കുന്നു.

### 4. എല്ലാം സ്വീകരിക്കുന്ന പിതാവ്

യാതൊരു മുൻവിധിയും കൂടാതെ യൗസേപ്പുപിതാവ് മറിയത്തെ സ്വീകരിക്കുന്നു. അവൻ മാലാഖയുടെ വാക്കുകളെ വിശ്വസിക്കുന്നു. ദൈവഹിതം മനസ്സിലാക്കി അത് സ്വീകരിക്കുന്ന ശൈലിയാണ് യൗസേപ്പുപിതാവിന്റേത്. നിഷ്ക്രിയമായി എല്ലാത്തിൽനിന്നും പിന്മാറിയ ഒരാളല്ല യൗസേപ്പുപിതാവ്. പിന്നെയോ, ധീരനും ശക്തനുമായ നായകനാണ്. ദൈവം ദൂതൻവഴി നിർദ്ദേശിച്ച കാര്യങ്ങൾ മുമ്പിൽനിന്നു ചെയ്ത വ്യക്തിയാണ് അദ്ദേഹം. ദൈവനിർദ്ദേശങ്ങൾ സ്വീകരിക്കുവാനുള്ള വലിയ മനസ്സ് അദ്ദേഹത്തിൽ നാം കാണുന്നു. മനുഷ്യവർഗത്തിന്റെ രക്ഷയ്ക്കായി യൗസേപ്പുപിതാവിന്റെ ജീവിതവും ശുശ്രൂഷയും ദൈവം പ്രത്യേകം രൂപപ്പെടുത്തി.



www.malankaralibrary.com

### 5. ക്രിയാത്മകമായ ധൈര്യമുള്ള പിതാവ്

ദൈവത്തിന്റെ മനുഷ്യാവതാര രഹസ്യത്തിൽ പങ്കുപറ്റുന്ന മനുഷ്യനാണ് യൗസേപ്പുപിതാവ്. ബേതലഹേമിൽ യേശുവിന് ജന്മം നല്കുവാൻ ഒരിടവും ലഭ്യമല്ലാതെ വന്ന സാഹചര്യത്തിൽ അതു മനസ്സിലാക്കുന്ന ക്രിയാത്മകമായ ധൈര്യം നാം അദ്ദേഹത്തിൽ കാണുന്നു. ഈജിപ്തിൽ, തിരുക്കുടുംബം നിരവധി പ്രതിസന്ധികൾ നേരിടുന്നു. അവർക്ക് താമസിക്കുവാനും ജോലി ചെയ്യുവാനും ഒരിടം ഉണ്ടായിരിക്കണം. യൗസേപ്പുപിതാവിന്റെ കഠിനാധ്വാനം മൂലമാണ് കുടുംബത്തിന്റെ ദൈനംദിന പോരാട്ടങ്ങളെ അതിജീവിക്കാൻ കഴിഞ്ഞത്. ഫ്രാൻസിസ് മാർപാപ്പ എഴുതുന്നു: പ്രതിരോധിക്കപ്പെടുവാനും സംരക്ഷിക്കപ്പെടുവാനും പരിപാലിക്കപ്പെടുവാനും വളർത്തപ്പെടുവാനുംവേണ്ടി ദൈവപുത്രൻ യൗസേപ്പുപിതാവിനെത്തന്നെ ആശ്രയിക്കുന്നു. തന്നെയും ബാലനായ യേശുവിനെയും എപ്പോഴും പരിപാലിക്കുന്ന കുടുംബനാഥനായി യൗസേപ്പുപിതാവിനെ വിശ്വസിക്കുന്ന മറിയത്തെപ്പോലെ ദൈവവും ഈ മനുഷ്യനിൽ വിശ്വസിക്കുന്നു. അതിനാൽ വിശുദ്ധ യൗസേപ്പുപിതാവ് സഭയുടെ സംരക്ഷകനായിരിക്കണമെന്നത് യുക്തിസഹമാണ്. കാരണം ചരിത്രത്തിൽ ക്രിസ്തുവിന്റെ ശരീരമാണ് സഭ. ആ സഭയെ സംരക്ഷിക്കേണ്ടത് യേശുക്രിസ്തു അംഗമായ തിരുക്കുടുംബത്തിന്റെ കാവൽക്കാരനായ യൗസേപ്പുപിതാവുതന്നെ ആയിരിക്കണം. സഭയെ സംരക്ഷിക്കുന്നതിലൂടെ, യൗസേപ്പുപിതാവ് യേശുവിനെയും, അവന്റെ അമ്മയായ മറിയത്തെയും സംരക്ഷിക്കുന്നത് തുടരുന്നു. സഭയെ സ്നേഹിക്കുന്നതിലൂടെ നാം എല്ലാവരും യേശുവിനെയും അവന്റെ അമ്മയായ മറിയത്തേയും യൗസേപ്പുപിതാവിനെയും സ്നേഹിക്കുന്നു. യേശു പറഞ്ഞു: 'എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തു കൊടുത്തപ്പോൾ എനിക്കുതന്നെയാണു ചെയ്തു തന്നത്' (മത്താ 25:40). അതിനാൽ യേശുസാന്നിധ്യത്തിന്റെ പ്രതിരൂപങ്ങളായ ദരിദ്രരും കഷ്ടപ്പെടുന്നവരും മരണാസന്നരും അപരിചിതരും തടവുകാരും രോഗികളും യൗസേപ്പുപിതാവിന്റെ സംരക്ഷണ വലയത്തിലാണ്. അതുകൊണ്ടാണ് ദരിദ്രർ, നാടുകടത്തപ്പെട്ടവർ, അടിച്ചമർത്തപ്പെട്ടവർ, മരണാസന്നർ എന്നിവരുടെ സംരക്ഷകനായി വിശുദ്ധ യൗസേപ്പുപിതാവിനെ കരുതുന്നത്.


### 6. ജോലി ചെയ്യുന്ന പിതാവ്

കുടുംബത്തിന്റെ ഉപജീവനത്തിനായി കഠിനാദ്ധ്വാനം ചെയ്ത ഒരു തച്ചനായിരുന്നു വിശുദ്ധ യൗസേപ്പുപിതാവ്. സ്വന്തം അധ്വാനത്തിന്റെ ഫലമായ അപ്പം ഭക്ഷിക്കുന്നതിന്റെ അന്തസ്സും മാഹാത്മ്യവും സന്തോഷവും യേശു യൗസേപ്പുപിതാവിൽനിന്നാണ് പഠിച്ചത്. ''ഇത് തച്ചന്റെ മകനല്ലേ?'' (മത്താ 13:55) എന്ന ചോദ്യം യൗസേപ്പുപിതാവിന്റെ തൊഴിൽ എന്തായിരുന്നു എന്നുള്ളതിന് കൃത്യമായ തെളിവാണ്. വിശുദ്ധ യൗസേപ്പുപിതാവിന്റെ ജോലി നമ്മെ ഓർമ്മിപ്പിക്കുന്നത്, മനുഷ്യനായി അവതരിച്ച ദൈവം ജോലിയെ മഹത്ത്വീകരിച്ചു എന്നതാണ്.

### 7. നിഴൽ പോലെ ഒരു പിതാവ്

ഫ്രാൻസിസ് മാർപാപ്പ എഴുതുന്നു: ആരും പിതാവായി ജനിക്കുന്നില്ല. ഒരാൾ പിതാവാകുന്നത് കേവലം ഒരു കുട്ടിയെ ലോകത്തിലേക്ക് കൊണ്ടുവന്നതിലൂടെയല്ല, മറിച്ച് ഉത്തരവാദിത്തത്തോടെ പരിപാലിക്കുന്നതിലൂടെയാണ്. യേശുവിന്റെ ജനയിതാവല്ലാതിരുന്നിട്ടും യൗസേപ്പുപിതാവ് തന്റെ ഉത്തരവാദിത്തം അതിന്റെ തികവിൽ നിറവേറ്റി. വളർത്തു പിതാവായിരുന്നിട്ടും പിതാവിനടുത്ത സ്നേഹത്തിൽതന്റെ കടമകൾ അദ്ദേഹം നിറവേറ്റി. മനുഷ്യവർഗത്തിന്റെ പ്രതീക്ഷകളുടെയും ആഗ്രഹങ്ങളുടെയും പൂർത്തീകരണമാണ് യേശു. യേശുവിന്റെ അമ്മയായ മറിയത്തിന്റെ ഭർത്താവാണ് യൗസേപ്പുപിതാവ്. ഈ രീതിയിൽ അദ്ദേഹം യേശുവിന്റെ യഥാർത്ഥ പിതാവാണ്. തിരുക്കുടുംബത്തിന്റെ രക്ഷാകർത്താവും നാഥനും അദ്ദേഹം തന്നെയാണ്. തിരുക്കുടുംബമാകട്ടെ വിശ്വവ്യാപകമായ തിരുസഭയുടെ സംഗ്രഹവും പ്രതിരൂപവുമാകുന്നു. രക്ഷാകരപദ്ധതിയിൽ യൗസേപ്പുപിതാവിനുള്ള സ്ഥാനം നിർണയിക്കുന്നതിന് ഇക്കാര്യങ്ങൾ അടിസ്ഥാന ഘടകങ്ങളായി നിലകൊള്ളുന്നു. ഇപ്രകാരം സഭയുടെ സംരക്ഷകനായ യൗസേപ്പുപിതാവിന്റെ നാമധേയത്തിൽ ഈ വർഷം പ്രത്യേകമായി ആചരിക്കുന്നത് വളരെ അർത്ഥവത്തും പ്രസക്തവും ഉചിതവുമാണ്.

**ഏപ്രിൽ 12**
**നാമഹേതുക തിരുനാൾ**



മോസ്റ്റ് റവ. ഡോ. ഏബ്രഹാം
മാർ യൂലിയോസ് മെത്രാപ്പോലീത്ത



www.malankaralibrary.com

## ബഥനി സന്യാസസമൂഹം സുപ്പീരിയർ ജനറൽ

# ഫാ. ഡോ. മത്തായി കടവിൽ ഒ.ഐ.സി. യുമായുള്ള അഭിമുഖം

***കക്ഷിവഴക്കുകളിൽപ്പെട്ട് ശിഥിലീകരിക്കപ്പെട്ട മലങ്കരസഭയുടെ ആദ്ധ്യാത്മിക നവീകരണം സ്വപ്നം കണ്ട് ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് സ്ഥാപിച്ച മലങ്കരയിലെ ആദ്യ സന്യാസസമൂഹമായ ബഥനി മിശിഹാനുകരണ സന്യാസിസമൂഹം അനുഗ്രഹീതമായ ഒരു നൂറ്റാണ്ട് പൂർത്തീകരിച്ചിരിക്കുന്നു. പൗരസ്ത്യ സന്യാസ ദർശനങ്ങളും ഭാരതീയ സന്യാസത്തിന്റെ നന്മകളും സമന്വയിപ്പിച്ച് അതിന്റെ സ്വപ്നസാഫല്യത്തിനായി ബഥനി മുന്നേറുമ്പോൾ കഴിഞ്ഞ ഒരു നൂറ്റാണ്ട് ആർജിച്ച നന്മയുടെയും ഉൾക്കൊണ്ട പാഠങ്ങളുടെയും ആത്മബലത്തിൽ പുതിയൊരു നൂറ്റാണ്ടിലേക്ക് സഭയുടെയും സമൂഹത്തിന്റെയും ചാലക ശക്തിയായി ബഥനിയെ രൂപപ്പെടുത്തുവാൻ പുതിയ നേതൃത്വം സംജാതമായിരിക്കുന്നു. ബഥനിയുടെ പുതിയ അമരക്കാരൻ ഫാ. ഡോ. മത്തായി കടവിൽ ഒ.ഐ.സി. യുമായി ഐക്യദീപത്തിനുവേണ്ടി ജോൺ കരപ്പനശ്ശേരിമലയിലച്ചൻ നടത്തിയ അഭിമുഖം.***

**1. അച്ചന്റെ കുടുംബം, വിദ്യാഭ്യാസം ഇവയെപ്പറ്റി പങ്കുവയ്ക്കാമോ?**

എറണാകുളം ജില്ലയിലെ പൂതൃക്ക ഇടവകയിലെ ഒരു സാധാരണ കുടുംബത്തിലാണ് ഞാൻ ജനിച്ചത്. ഞങ്ങളുടെ കുടുംബത്തിൽനിന്നും എന്റെ പിതാവ് മാത്രമാണ് പുനരൈക്യപ്പെട്ടത്. എന്റെ പിതാവിന്റെ മാതാപിതാക്കളോ, സഹോദരങ്ങളോ നമ്മോടൊപ്പം ചേർന്നില്ല. എന്നാൽ ഞങ്ങളുടെ ഇടവകയുടെ സ്ഥാപകനായ തറയപ്പട്ടയ്ക്കലച്ചൻ ഞങ്ങളുടെ കുടുംബാംഗമായിരുന്നു. എന്റെ അമ്മ കോട്ടയം രൂപതയിൽപ്പെട്ടയാളായിരുന്നു. ബാല്യം മുതൽ മലങ്കരസഭയിലെ പ്രാർത്ഥനകളോടൊപ്പം ജപമാലയും, മാതാവിന്റെയും യൗസേഫ് പിതാവിന്റെയും തിരുഹൃദയത്തിന്റെയും വണക്കമാസവുമൊക്കെ ക്രമമായി നടത്തിയിരുന്നു. ചിട്ടയായ അത്തരം പ്രാർത്ഥനയുടെ കുടുംബാന്തരീക്ഷമാണ് എന്നെ ഈ വിളിയിലേക്കുയർത്തിയെന്ന് നിസ്സംശയം പറയാനാകും. പൂതൃക്കയിലുള്ള സ്കൂളുകളിലായിരുന്നു എന്റെ ആദ്യകാല വിദ്യാഭ്യാസം.

**2. ബഥനി സന്യാസസമൂഹത്തിൽ ചേരുവാനിടയാക്കിയ സാഹചര്യം, സ്വാധീനിച്ച വ്യക്തികൾ? ബഥനിയിലെ വൈദികപരിശീലന കാലത്തെപ്പറ്റിയും പഠനത്തെപ്പറ്റിയും വിവരിക്കാമോ?**

ബഥനി ആശ്രമ പ്രവേശനത്തെപ്പറ്റി ചിന്തിക്കുമ്പോൾ അതിലേക്ക് നയിച്ച അനേകരെ ഓർക്കുവാനുണ്ട്. ഞങ്ങളുടെ ഇടവക





www.malankaralibrary.com

യിൽനിന്നും രണ്ട് വൈദികർ ബഥനി ആശ്രമത്തിൽ ഉണ്ടായിരുന്നു; മാത്യു തുരുത്തേൽ അച്ചനും, സാവിയോ അച്ചനും. അവരുടെ മാതൃകാപരമായ ജീവിതവും അവരോടുള്ള ബന്ധവും എന്നെ ഏറെ സ്വാധീനിച്ചു. 1979 ൽ ആണ് ഞാൻ ആശ്രമത്തിൽ ചേരുന്നത്. ആ വർഷത്തെ ഹാശാ ആഴ്ചയിൽ ഞങ്ങളുടെ ഇടവകയിൽ ശുശ്രൂഷയിൽ സഹായിക്കാനായി വന്ന രണ്ട് ബഥനി ശെമ്മാശന്മാരുടെ സ്വാധീനവും ബഥനിയിൽ ചേരാനുള്ള കാരണമായെന്ന് പറയാം. വളരെ പ്രത്യേകമായി എടുത്തു പറയാൻ ഞാൻ ആഗ്രഹിക്കുന്ന മറ്റൊരു സ്വാധീനം ബഹുമാനപ്പെട്ട ഈപ്പൻ നെച്ചിക്കാട്ടിലച്ചന്റേതാണ്. ദീർഘകാലം ഞങ്ങളുടെ വികാരിയായിരുന്ന അച്ചന്റെ പ്രത്യേകശ്രദ്ധയും കരുതലും മൂലം പത്താം ക്ലാസിലേക്ക് കടന്നപ്പോൾ മുതൽ പള്ളിയോടും, ആത്മീയ പ്രസ്ഥാനങ്ങളോടും കൂടുതൽ അടുക്കുവാനും അച്ചനോടൊപ്പം കൂടുതൽ സമയം ചിലവഴിക്കുവാനും സാധിച്ചു. ഇത് എന്നിലെ ദൈവവിളിയെ തിരിച്ചറിയാനും പരിപോഷിപ്പിക്കുവാനും കാരണമായി. അഞ്ചൽപ്പെട്ടി ബഥനി മഠത്തിൽനിന്നും ഞങ്ങളുടെ ഇടവകയിൽ ശുശ്രൂഷയ്ക്ക് വന്നിരുന്ന സിസ്റ്റർ കാർമ്മൽ എസ്.ഐ.സി. എടുത്തു പറയേണ്ട മറ്റൊരു സ്വാധീനമാണ്. സിസ്റ്ററിന്റെ മതബോധന ക്ലാസുകളും ഉപദേശവുമൊക്കെ എനിക്ക് പ്രചോദനമായി. അക്കാലയളവിലാണ് ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ ഐസക് മാർ യൂഹാനോൻ തിരുമേനി മെത്രാനായി അഭിഷിക്തനാകുന്നത്. വടക്കൻ മേഖലയിൽനിന്നും ഒരു മെത്രാൻ ഉണ്ടായത് അനേകരെ വൈദികജീവിതത്തിലേക്ക് സ്വാധീനിച്ചു. വടക്കൻ പ്രദേശത്തുനിന്ന് അനേകർ ഇക്കാലയളവിൽ രൂപതാ വൈദികരാകുവാൻ സെമിനാരിയിൽ ചേർന്നു. എന്നെയും അക്കൂട്ടത്തിൽ ചേർക്കാൻ ചെരിപ്പുറത്തച്ചനെപ്പോലുള്ളവർ പരിശ്രമിച്ചു. സത്യത്തിൽ രൂപതാ വൈദികരും ആശ്രമ വൈദികരും തമ്മിലുള്ള വ്യത്യാസമൊന്നും അന്ന് എനിക്കറിയില്ലായിരുന്നു. ഈപ്പൻ നെച്ചിക്കാട്ടിലച്ചനാണ് എന്റെ ആശ്രമജീവിതത്തിലേക്കുള്ള വഴി ഉറപ്പിച്ചത്. ബഹുമാനപ്പെട്ട പീറ്റർ കോച്ചേരിയച്ചൻ ഞങ്ങളുടെ ഒരു കുടുംബസുഹൃത്തായിരുന്നു. അച്ചൻ ഞങ്ങളുടെ പ്രദേശത്ത് വരുമ്പോഴൊക്കെ ഞങ്ങളുടെ കുടുംബവുമായുള്ള ബന്ധം വളർത്തുന്നതിന് ശ്രമിച്ചിരുന്നു. അച്ചന്റെ സ്വാധീനവും വിസ്മരിക്കാനാവില്ല. എന്റെ സഹോദരൻ മാത്യു ജേക്കബ് കൊച്ചാലുംചുവട്ടിൽ എസ്.ജെ.യുടെ (ജെസ്യൂട്ട് വൈദികൻ) മാതൃകയും പ്രോത്സാഹനവും വിസ്മരിക്കാനാവില്ല.

വൈദിക പരിശീലനത്തെപ്പറ്റി ചിന്തിക്കുമ്പോൾ അതൊരു ഹൃദ്യമായ അനുഭവമായിരുന്നു. സമൂഹ ജീവിതത്തിന്റെ നന്മകൾ ബഥനിയുടെ പ്രത്യേകതയായിരുന്നതിനാൽ ഒരിക്കലും ഒറ്റപ്പെടൽ തോന്നിയിട്ടില്ല. മാർ ഈവാനിയോസ് കോളേജിലാണ് പ്രീഡിഗ്രി പഠനം നടത്തിയത്. അലക്സാണ്ടർ ജേക്കബ്സാർ അന്ന് എന്റെ അദ്ധ്യാപകനായിരുന്നു. അദ്ദേഹത്തിന്റെ ജീവിതം ഏറെ സ്വാധീനിച്ചിട്ടുണ്ട്. ആശ്രമത്തിൽ ആദ്യകാലത്ത് എന്റെ റെക്ടർമാരായിരുന്ന ജെയിംസ് മാമ്മൂട്ടിലച്ചനും സിൽവസ്റ്റർ കാഞ്ഞിരമുകളിലച്ചനും എന്റെ വായനാശീലത്തെ ഉദ്ദീപിപ്പിച്ചവരാണ്. പൂനെ ജെ.വി.ഡി.യിൽ ആയിരുന്നു തത്വശാസ്ത്ര-ദൈവശാസ്ത്ര പഠനം നടത്തിയത്. ദൈവശാസ്ത്ര പഠനകാലത്ത് റെക്ടറായിരുന്ന ബഹു. ബർക്കുമൻസ് അച്ചൻ ദൈവശാസ്ത്രത്തോടുള്ള എന്റെ താത്പര്യത്തെ ചിട്ടപ്പെടുത്തുന്നതിൽ നിർണ്ണായക പങ്കു വഹിച്ചത് നന്ദിയോടെ ഓർക്കുന്നു.

**3. വൈദികപട്ടം സ്വീകരിച്ചതിനെപ്പറ്റിയും, പൗരോഹിത്യ ശുശ്രൂഷയിലെ ആദ്യകാല പ്രവർത്തനങ്ങളെപ്പറ്റിയും വിവരിക്കാമോ?**

മലങ്കരസഭയിൽ അക്കാലത്തുണ്ടായിരുന്ന എല്ലാ പിതാക്കന്മാരിൽനിന്നും എനിക്ക് വിവിധ പട്ടങ്ങൾ സ്വീകരിക്കാൻ കഴിഞ്ഞുവെന്നത് ഒരു മഹാഭാഗ്യമായിത്തന്നെ കരുതുകയാണ്. അഭിവന്ദ്യ പീലക്സിനോസ് തിരുമേനിയിൽനിന്നും കോറൂയോ പട്ടവും, അഭിവന്ദ്യ സിറിൾ മാർ ബസേലിയോസ് തിരുമേനിയിൽനിന്ന് ഹെവ്പ്പദ്യാക്കോനോയും, അഭിവന്ദ്യ തിമോത്തിയോസ് തിരുമേനിയിൽനിന്ന് ശെമ്മാശ്ശപ്പട്ടവും, അഭിവന്ദ്യ ഗ്രിഗോറിയോസ് തിരുമേനിയിൽനിന്ന് വൈദികപട്ടവും സ്വീകരിക്കാൻ ദൈവം ഇടയാക്കി. കറ്റാനത്ത് വച്ച് 1989 ഒക്ടോബർ 9 നായിരുന്നു വൈദികാഭിഷേക ശുശ്രൂഷ. അന്ന് ഞങ്ങൾക്ക് ആശംസകൾ നേർന്ന് സംസാരിച്ചത് അന്നത്തെ മലങ്കര സെമിനാരി റെക്ടറായിരുന്ന ബഹു. ഏബ്രഹാം കാക്കനാട്ടച്ചനായിരുന്നു (മാർ യൂലിയോസ് തിരുമേനി). അന്നത്തെ ശുശ്രൂഷയിലെ നിറസാന്നിധ്യമായിരുന്നത് അഭിവന്ദ്യ ഗ്രിഗോറിയോസ് തിരുമേനിയുടെ സെക്രട്ടറിയായിരുന്ന ജോൺ കൊച്ചുതുണ്ടിലച്ചനായിരുന്നു (മാർ തെയഡോഷ്യസ് തിരുമേനി). ഇവരുടെ സാന്നിധ്യം അന്ന് അവിടെയുണ്ടായിരുന്നത് ദൈവനടത്തിപ്പായി കാണുന്നു.

വൈദികപട്ടത്തിനുശേഷം പ്രഥമ നിയമനം ലഭിച്ചത് തിരുവല്ല ആശ്രമത്തിലെ ഒന്നാം വർഷ വൈദികാർത്ഥികളുടെ അസിസ്റ്റന്റ് റെക്ടർ ആയിട്ടായിരുന്നു. തിരുവല്ലായിലെ ബഥനി പബ്ലിക്കേഷന്റെയും ബുക്ക് സെന്ററിന്റെയും ചുമതലയും ഏറ്റെടുക്കേണ്ടി വന്നു. അതേ സമയത്തുതന്നെ കല്ലിശ്ശേരി ഇടവക



www.malankaralibrary.com

യുടെ വികാരിയായും ശുശ്രൂഷ ചെയ്തു. ആ കാല ഘട്ടത്തിൽ എന്റെ ശുശ്രൂഷകളെ അല്പം കൂടി വിശാലമാക്കുന്ന തരത്തിൽ ഒരു വഴിത്തിരിവ് ജീവിതത്തിലുണ്ടായി. ഞാൻ തിരുവല്ലായിൽ ഉണ്ടായിരുന്ന കാലത്ത് തിരുവല്ല മേഖലയിൽ എം.സി.വൈ.എം. അത്ര സജീവമല്ലാത്ത അവസ്ഥയിലായിരുന്നു. ആ മേഖലയിൽ അന്നുണ്ടായിരുന്ന യുവവൈദികനെന്ന നിലയിൽ മേഖലയുടെ എം.സി.വൈ.എം. ഡയറക്ടറായി എന്നെ നിയമിച്ചു. നിർജീവമായിരുന്ന മേഖലയിലെ എം.സി.വൈ.എം. പ്രവർത്തനങ്ങൾക്ക് ഉണർവേകാൻ ഞാൻ എളിയ പരിശ്രമം നടത്തിയത് വിജയം കാണുകയും തിരുവല്ല മേഖലയുടെ പ്രവർത്തനങ്ങൾ എല്ലാവരാലും പ്രത്യേകം ശ്രദ്ധിക്കപ്പെടുകയും ചെയ്തു. അത് കൂടുതൽ ഉത്തരവാദിത്വങ്ങൾ സഭ എന്നെ ഏൽപ്പിക്കുവാൻ ഇടയാക്കി. അങ്ങനെ എന്നെ തിരുവല്ല അതിരൂപതയുടെ എം.സി.വൈ.എം. അസിസ്റ്റന്റ് ഡയറക്ടറായും തുടർന്ന് ഡയറക്ടറായും ചുമതലയേൽപ്പിച്ചു. പിന്നീട് സഭാതല എം.സി.വൈ.എം. ഡയറക്ടറായും പ്രവർത്തിക്കാൻ കഴിഞ്ഞുവെന്നത് അഭിമാനത്തോടെ കാണുന്നു. 1990-95 കാലയളവിൽ ഇപ്രകാരം യുവജന ശുശ്രൂഷയിൽ മുഴുവൻ സമയം ചിലവഴിക്കുവാൻ കഴിഞ്ഞുവെന്നത് എന്റെ ജീവിതത്തിലെ പ്രധാനപ്പെട്ട നിയോഗമായി കാണുന്നു. ഇക്കാലയളവിൽ തിരുവല്ലായിലെ നിരവധി ഇടവകകളിൽ വചന പ്രഘോഷണം നടത്തുവാനും മഠങ്ങളിലും ആശ്രമത്തിലും ക്ലാസുകളെടുക്കുന്നതിനും കഴിഞ്ഞു. വളരെ സന്തോഷപൂർവ്വം ഞാൻ ഓർക്കുന്ന മറ്റൊരു കാര്യം, ഇക്കാലയളവിൽത്തന്നെ ഐക്യദീപത്തിന്റെ എഡിറ്റോറിയൽ ബോർഡിൽ ബഹു. ഈശ്വരൻകുടിയച്ചനോടും താഴമൺ അച്ചനോടും കൂടെ പ്രവർത്തിക്കാൻ കഴിഞ്ഞതാണ്. എന്റെ അജപാലന ശുശ്രൂഷയ്ക്ക് ഒരു systematic approach നൽകിയതിൽ ഈശ്വരൻകുടിയച്ചൻ വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ടെന്ന് നന്ദിപൂർവ്വം പറയുവാൻ ആഗ്രഹിക്കുന്നു.

**4. വൈദികനായിട്ട് 30 വർഷങ്ങൾ പിന്നിട്ടല്ലോ. ആദ്യകാല ശുശ്രൂഷകളെപ്പറ്റി സൂചിപ്പിച്ചു കഴിഞ്ഞു. അതിനുശേഷം ഇതുവരെയുള്ള ശുശ്രൂഷാ മേഖലകൾ എന്തൊക്കെയായിരുന്നു?**

തിരുവല്ലായിലെ ആദ്യകാല പ്രവർത്തനങ്ങൾക്കുശേഷം, 6 വർഷക്കാലം ലുവൈൻ യൂണിവേഴ്സിറ്റിയിൽ ഞാൻ ഉപരിപഠനം നടത്തി. അതിനുശേഷം നാട്ടിൽ മടങ്ങിയെത്തിയപ്പോൾ എം.സി.എ. യുടെ സഭാതല ഡയറക്ടറെന്ന നിലയിലും, സഭയുടെ അല്മായ കമ്മീഷന്റെ ആദ്യ സെക്രട്ടറിയെന്ന നിലയിലും ശുശ്രൂഷ നിർവഹിക്കുവാൻ കഴിഞ്ഞു. 6 വർഷക്കാലം ബഥനി നവജ്യോതി പ്രോവിൻസിന്റെ സുപ്പീരിയറായി സേവനമനുഷ്ഠിക്കാൻ സാധിച്ചു. അതോടൊപ്പംതന്നെ വിവിധ കാലയളവിൽ നവജ്യോതി പ്രോവിൻസിന്റെ ഭരണ സമിതിയിൽ അംഗമായി പ്രവർത്തിക്കാനും സാധിച്ചു.

**5. യുവജനപ്രസ്ഥാനത്തിന്റെ (എം.സി.വൈ.എം.) സഭാതല ഡയറക്ടറായും, തിരുവല്ല അതിഭദ്രാസനത്തിലെ യുവജനപ്രസ്ഥാനത്തിന്റെ ഡയറക്ടറായും പ്രവർത്തിച്ചതിനെപ്പറ്റി സൂചിപ്പിച്ചുവല്ലോ. എന്തായിരുന്നു അക്കാലത്തെ അനുഭവം? യുവജനപ്രസ്ഥാനത്തിന്റെ ഇക്കാലത്തെ പ്രവർത്തനങ്ങളെ എങ്ങനെ വിലയിരുത്തുന്നു? പുതുതലമുറയ്ക്ക് നല്കുവാനുള്ള നിർദ്ദേശങ്ങൾ?**

യുവജനപ്രസ്ഥാനത്തിൽ പ്രവർത്തിച്ച 1990 മുതൽ 1995 വരെയുള്ള കാലഘട്ടത്തെക്കുറിച്ച് ഹൃദ്യമായ ഓർമ്മകളാണ് ഇന്നും മനസിൽ നിറഞ്ഞു നിൽക്കുന്നത്. ഞാൻ അവരെയെന്തെങ്കിലും പഠിപ്പിച്ചുവെന്ന ചിന്തയേക്കാൾ ഞാൻ യുവജനങ്ങളിൽനിന്നും ഏറെ പഠിച്ചുവെന്നു പറയുന്നതാണ് കൂടുതൽ ശരി. യുവജനങ്ങൾ എനിക്ക് വലിയ പ്രചോദനമായിരുന്നു. അഭിവന്ദ്യ സിറിൾ ബസേലിയോസ് ബാവായുടെ 'യുവജനസഭ' എന്ന ദർശനത്തെ യാഥാർത്ഥ്യമാക്കുകയെന്നതായിരുന്നു എന്റെ ദൗത്യം. ഒരു empowermentalist എന്ന രീതിയിലായിരുന്നു യുവജനസഭയുമായി ബന്ധപ്പെട്ട് എന്റെ പ്രവർത്തനങ്ങൾ. യുവജന നേതാക്കളെ വ്യത്യസ്ത മേഖലകളിൽ ഉയർത്തിക്കൊണ്ടു വരുവാൻ സവിശേഷമായി ശ്രദ്ധിച്ചിരുന്നു. ഉദാഹരണത്തിന്, നമ്മുടെ നേതാക്കന്മാർ കെ.സി.വൈ.എം. അല്ലെങ്കിൽ അതുപോലെയുള്ള പൊതുകൂടിവരവുകളിൽ മലങ്കരസഭയെ പ്രതിനിധാനം ചെയ്തു സംസാരിക്കുന്നതിനുമുമ്പ്, അവർ പറയാൻ പോകുന്ന കാര്യങ്ങൾ എന്നെ കേൾപ്പിക്കണമെന്നൊരു നിർബന്ധം എനിക്കുണ്ടായിരുന്നു. കാരണം അവർ സംസാരിക്കുന്നത് നമ്മുടെ സഭയുടെ പേരിലാണ്. അവിടെ സഭയുടെ പേരിന് കളങ്കം വരരുത് എന്നത് എനിക്ക് നിർബന്ധമായിരുന്നു. അതുകൊണ്ടുതന്നെ വളരെ ഭംഗിയായി കാര്യങ്ങൾ അവതരിപ്പിക്കാനും ചെയ്യാനും അവർക്ക് കഴിഞ്ഞുവെന്നത് അഭിമാനപൂർവ്വം ഓർക്കുന്നു.

ഇന്നത്തെ യുവജനങ്ങളെപ്പറ്റി ചിന്തിക്കുമ്പോൾ അവർ വളരെയധികം കഴിവുകളുള്ളവരാണ്, അവരെ ഒരിക്കലും ചെറുതായി കാണാൻ പാടില്ല. അവരോടൊപ്പം നമ്മളും സഹയാത്രികരാകുകയാണെങ്കിൽ പഴയ തലമുറയുടെ നന്മകളെ ബോധ്യപ്പെടുത്തി അവരുടെ സാധ്യതകളുമായി ചേർത്ത് ഇക്കാലഘട്ടത്തിലെ യുവജനശുശ്രൂഷയെ ബലപ്പെടുത്താൻ കഴിയും എന്ന



www.malankaralibrary.com

താണ് എന്റെ ചിന്ത. യുവജനശുശ്രൂഷയിൽ നേതൃത്വം നൽകുന്നവർക്ക് ഉണ്ടാകേണ്ട ദർശനം ഇതാണ്. നമ്മുടെ കുട്ടികളുടെ നിരവധിയായ കഴിവുകളെ തിരിച്ചറിഞ്ഞ് അവരുടെ കൂടെ നടന്ന് ബലപ്പെടുത്തുവാൻ നേതൃത്വത്തിന് കഴിയണം. വിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപാപ്പ ഇക്കാര്യത്തിൽ നമുക്ക് വലിയ പ്രചോദനവും മാതൃകയുമാണ്. ലോകയുവജന സമ്മേളനം വിളിച്ചു കൂട്ടിയ അദ്ദേഹം തന്റെ പ്രായത്തിനപ്പുറം യുവജനങ്ങളോടൊപ്പം സഹയാത്രികനാകാൻ പരിശ്രമിച്ചത് യുവജന ശുശ്രൂഷയിൽ പൊൻതൂവലുകളായി ചേർക്കപ്പെട്ടു. യുവജനങ്ങളുമായി ഇഴുകി ചേർന്നുള്ള പ്രവർത്തനങ്ങളിലൂടെ അവരെ ആത്മീയതയിൽ വളർത്തുവാൻ ജോൺപോൾ രണ്ടാമനും, ബെനഡിക്ട് പതിനാറാമനും കഴിഞ്ഞുവെന്നത് യാഥാർത്ഥ്യം. യുവജനശുശ്രൂഷയിൽ ഇന്ന് സംഭവിക്കുന്ന ഒരു കുറവ്, നേതൃത്വത്തിലിരിക്കുന്നവർ യുവജനങ്ങളെ പഠിപ്പിക്കാൻ മാത്രമായി ഒരുങ്ങിയിറങ്ങുന്നുവെന്നതാണ്. അതൊരു നെഗറ്റീവ് പ്രതികരണത്തിലേക്ക് അവരെ കൊണ്ടു ചെന്നെത്തിക്കാൻ സാധ്യതയുണ്ട്. യുവജനശുശ്രൂഷ പഴയ കാലത്തെപ്പോലെ അത്ര എളുപ്പത്തിൽ കൈകാര്യം ചെയ്യാവുന്നതാണെന്ന് നാം കരുതരുത്. Multiple talents ഉള്ള കുട്ടികളാണ് ഇന്ന് നമുക്കുള്ളത്. പഴയ തലമുറയിൽ ഇത്രമാത്രം സാധ്യതകളില്ലായിരുന്നതുകൊണ്ട് ആ തലമുറയിലെ യുവജനങ്ങളെ കൈകാര്യം ചെയ്യുന്നത് കുറേക്കൂടി എളുപ്പമായിരുന്നു. ഇന്നത്തെ യുവജനങ്ങൾ എത്തിച്ചേരാത്ത മേഖലകൾ കുറവാണ്. ഈ പ്രത്യേകതകളെ മനസിലാക്കി അവരോടൊപ്പം യാത്ര ചെയ്യാൻ നേതൃത്വത്തിനു കഴിയുമ്പോഴാണ് യുവജന ശുശ്രൂഷ അതിന്റെ കൃത്യതയിൽ നിർവഹിക്കപ്പെടുന്നത്.

ഇന്നത്തെ യുവജനങ്ങളോട് എനിക്ക് പറയാനുള്ളത്, സഭയെ കൂടുതൽ അറിയാൻ ശ്രമിക്കണമെന്നുള്ളതാണ്. സാമൂഹ്യമാധ്യമ മേഖലകളിലൊക്കെ ഇടപെടാൻ കഴിവുള്ളവരാണ് നമ്മുടെ യുവജനങ്ങൾ; അവർ തീർച്ചയായും അതിൽ ഇടപെടുകതന്നെ വേണം. അതിന് ആദ്യമേ സഭയെ അറിയാനും പഠിക്കാനുമുള്ള വേദികൾ പ്രയോജനപ്പെടുത്തേണ്ടതുണ്ട്. സഭയെ വ്യക്തമായി അറിഞ്ഞാൽ മാത്രമേ സഭയ്ക്കുവേണ്ടി സംസാരിക്കുവാനും പ്രവർത്തിക്കാനും, നിലകൊള്ളാനും സാധിക്കൂ. അടിസ്ഥാനപരമായി നമ്മുടെ ക്രിസ്തീയ വിശ്വാസവും ആചാരാനുഷ്ഠാനങ്ങളും പാലിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും യുവജനങ്ങൾക്ക് കഴിയണം. അതാണ് നമ്മുടെ ശക്തിസ്രോതസെന്ന തിരിച്ചറിവ് അവർക്കുണ്ടാകണം. ദൈവശാസ്ത്രപരമായ പഠനവും ആഴമേറിയ ബോധ്യങ്ങളും ഉണ്ടാകുമ്പോൾ സമൂഹ മാധ്യമങ്ങളിലൂടെ ഉയരുന്ന ചോദ്യങ്ങൾക്കും സംശയങ്ങൾക്കും കൃത്യതയാർന്ന മറുപടികൾ നൽകാൻ അവർ പ്രാപ്തരാകും. അങ്ങനെ സഭയെ, പ്രതികൂല സാഹചര്യങ്ങളിൽ താങ്ങി നിർത്തുവാൻ നമ്മുടെ യുവജനങ്ങൾ പ്രാപ്തരാകണമെന്നതാണ് എന്റെ ആഗ്രഹം.

**6. കുറച്ചുനാൾ മലങ്കര മേജർ സെമിനാരിയിലും അദ്ധ്യാപകനായി അച്ചൻ പ്രവർത്തിച്ചു. വൈദിക പരിശീലനത്തിൽ - രൂപതാ വൈദികരുടെ പരിശീലനത്തിലും, സന്യാസവൈദിക പരിശീലനത്തിലും - കാലോചിതമായി വരുത്തേണ്ട മാറ്റങ്ങൾ?**

രൂപതയിലെയും സന്യാസസമൂഹത്തിലെയും വൈദിക പരിശീലനത്തിൽ അടുത്ത് ഇടപെട്ട ഒരു വ്യക്തി എന്ന നിലയിൽ പരിശീലനപ്രക്രിയയിൽ ഓരോ വിദ്യാർത്ഥിയെയും വ്യക്തിപരമായി അടുത്തറിയേണ്ടത് കാലഘട്ടത്തിന്റെ ആവശ്യകതയാണെന്ന ബോധ്യം എനിക്കുണ്ട്. കാരണം ഓരോ വൈദിക വിദ്യാർത്ഥിയും വ്യത്യസ്തരാണ്; വ്യത്യസ്ത കഴിവുകൾ, വ്യത്യസ്ത അനുഭവതലങ്ങൾ, വ്യത്യസ്ത കാഴ്ചപ്പാടുകൾ, അത് പൂർണ്ണമായി ഉൾക്കൊള്ളണമെങ്കിൽ പരിശീലനം നൽകുന്നവർ അവരെ അറിയാനും ഉൾക്കൊള്ളാനും ശ്രമിക്കണം. മറ്റൊരു കാര്യം, ദൈവശാസ്ത്ര പഠനത്തിന്റെ കാര്യത്തിൽ ഒരു inter disciplinary approach ഇന്നത്തെ കാലഘട്ടത്തിൽ ആവശ്യമുണ്ട് എന്നതാണ്. കേവലം ദൈവശാസ്ത്രം മാത്രം പഠിക്കുന്നതിൽ ശ്രദ്ധിക്കുന്നതിനേക്കാളുപരി മറ്റ് ശാസ്ത്ര മേഖലകളെപ്പറ്റിയുള്ള അറിവ് സെമിനാരിക്കാർക്ക് കൊടുക്കാൻ കഴിയണം. മറ്റ് മേഖലകളിൽ നിന്നൊക്കെ ധാരാളം സംശയങ്ങൾ രൂപപ്പെട്ടു വരുന്ന ഒരു കാലഘട്ടമാണിത്. ചരിത്രപരമായ ദൈവശാസ്ത്ര അറിവുകൾ മാത്രം പറഞ്ഞുകൊണ്ടിരിക്കാതെ ദൈവശാസ്ത്രത്തോട് താത്പര്യമുളവാക്കുന്ന രീതിയിൽ അവരുമായി സംവദിക്കുന്ന വേദികൾ പാഠ്യവിഷയങ്ങളിലുണ്ടാകേണ്ടത് വളരെ അത്യാവശ്യമാണ്.

പരിശീലനം നൽകുന്നവരും ഈ കാലഘട്ടത്തിൽ അവരുടെ പരിശീലനരീതിയെപ്പറ്റിയും, വൈദികവിദ്യാർത്ഥികളുമായുള്ള ബന്ധത്തെപ്പറ്റിയും ഒന്നു മാറി ചിന്തിക്കേണ്ടതുണ്ടെന്ന് എനിക്ക് തോന്നുന്നു. അവർ ഒരിക്കലും dictators അല്ലെങ്കിൽ disciplinary masters ആകാൻ ശ്രമിക്കരുത്. അതിനർത്ഥം പരിശീലനപ്രക്രിയയിൽ discipline വേണ്ടന്നല്ല. അത് നിർബന്ധമാണ്. അതില്ലാതെ വൈദിക പരിശീലനമെന്നല്ല ഒരു പ്രസ്ഥാനവും മുന്നോട്ടു പോകില്ല. പരിശീലനം കൊടുക്കുന്നവർ (formators) മനശാസ്ത്രം തീർച്ചയായും പഠിച്ചിരിക്കണം. അപ്പോൾ



www.malankaralibrary.com

മാത്രമേ വ്യക്തിപരമായി ഓരോ വൈദികവി ദ്യാർത്ഥിയെയും നന്നായി അറിയാൻ കഴിയൂ. എന്റെ അഭിപ്രായത്തിൽ group formation ന്റെ കാലം കഴിഞ്ഞു. ഓരോരുത്തരെയും വ്യക്തിപരമായി ശ്രദ്ധിക്കാൻ പരിശീലകർക്ക് കഴിയണം. അവരെ അവരായിരിക്കുന്നതുപോലെ മനസിലാക്കാനും, അവർക്ക് പ്രചോദനം നൽകുന്ന സാന്നിധ്യമാ കാനും പരിശീലകർ ശ്രദ്ധിക്കണം. ഓരോ വൈദി കവിദ്യാർത്ഥിയുടെയും പ്രശ്നങ്ങൾ മനസ്സിലാക്കി അവർക്കു വേണ്ട വ്യക്തിപരമായ നിർദ്ദേശങ്ങൾ കൊടുക്കണം.

**7. ബഥനി സന്യാസസമൂഹത്തിന് മാർ ഈവാനി യോസ് പിതാവു മുതൽ അച്ചനു തൊട്ടുമുമ്പുവരെ അദ്ധ്യക്ഷന്മാരായി ശുശ്രൂഷ ചെയ്തവരിലൂടെ ഈ സമൂഹം ഇന്ന് ഏറെ വളർന്നിരിക്കുന്നു. ഏതെല്ലാം മേഖലകളിലാണ് പ്രത്യേകം ശ്രദ്ധി ച്ചതും വളർന്നതും?**

ബഥനിയുടെ ഏറ്റവും വലിയ സമ്പ ത്തെന്ന് പറയുന്നത് ദൈവകൃപ ആയിരുന്നു. മാർ ഈവാനിയോസ് തിരുമേനി പ്രാർത്ഥനയുടെ നിറ വിലാണ് ബഥനി സ്ഥാപിച്ചത്. പ്രശ്നങ്ങളെ തരണം ചെയ്യാൻ ആത്മീയതയുടെ ഒരു പിൻബല മുണ്ടായിരുന്നു. സഭാ നേതൃത്വവുമായും വൈദിക രുമായും അല്മായരുമായും ഒരു നല്ല ബന്ധം പുലർത്താൻ കഴിഞ്ഞിരുന്നു. ബഥനിയുടെ പഴയ കാല ചരിത്രം പരിശോധിക്കുമ്പോൾ വ്യക്തിബ ന്ധങ്ങൾ സജീവമായിരുന്നു. ബഥനി വൈദികർ കുടുംബങ്ങളുടെ ആദ്ധ്യാത്മിക രൂപീകരണത്തിന് പ്രാധാന്യം നൽകിക്കൊണ്ടുള്ള അജപാലന ശുശ്രൂഷകൾക്ക് അന്ന് വളരെ പ്രാധാന്യം നൽകി യിരുന്നു. ബഥനിയുടെ വളർച്ചയിലെ രണ്ടാമത്തെ ഒരു ഘട്ടമെന്ന് പറയുന്നത്, രണ്ടാം വത്തിക്കാൻ സുന്നഹദോസിനു ശേഷമുള്ള കാലമാണ്. ആ കാലഘട്ടത്തിൽ അപ്പസ്തോലിക പ്രവർത്തന ങ്ങൾ സജീവമാക്കാനുള്ള ആലോചനകളും തീരു മാനങ്ങളും കൂടുതൽ ഉണ്ടായി. വിദ്യാഭ്യാസ മേഖ ലയിലെയും സാമൂഹിക മേഖലകളിലെയും പ്രവർത്തനങ്ങൾ വിപുലമാക്കാനുള്ള പരിശ്രമ ങ്ങൾ നടന്നു. പിന്നീട് ഒരു വലിയ മാറ്റം ഉണ്ടാകു ന്നത് ബോംബയിലും പൂനെയിലും ആശ്രമങ്ങൾ സ്ഥാപിച്ച കാലഘട്ടത്തിലാണ്. മിഷൻ പ്രവർത്തന ങ്ങൾ North India മുഴുവൻ വ്യാപിപ്പിക്കുവാൻ അത് വഴിതെളിച്ചു. അതിന്റെ ഫലമായി മലങ്കര സഭയ്ക്ക് ഡൽഹിയിലും പൂനെയിലും രണ്ട് ഭദ്രാ സനങ്ങൾ ഇന്നുണ്ടായിരിക്കുന്നുവെന്നത് അഭിമാ നകരമായ വസ്തുതയാണ്. അതോടൊപ്പം ബഥ നിയെ South Canara ഏൽപ്പിച്ചതോടുകൂടി കുടി യേറ്റ മേഖലയിലെ പ്രവർത്തനങ്ങളെ ഏകോപിപ്പി ക്കുവാനും കൂടുതൽ ശക്തമാക്കാനും കഴിഞ്ഞു. 1980 മുതൽ ആഗോളസഭയിലെ ശുശ്രൂഷകളിലൂടെ ബഥനിയ്ക്കു ലഭിച്ച ഒരു വലിയ തുറവി വളരെ പ്രധാനപ്പെട്ടതാണ്. പത്തു വർഷമായി തുടരുന്ന എത്യോപ്യയിലെ മിഷൻ പ്രവർത്തനങ്ങ ളൊക്കെ പുതിയ കാഴ്ചപ്പാടുകൾ ബഥനി യുടെ പ്രവർത്തനങ്ങൾക്ക് പ്രദാനം ചെയ്യു ന്നുണ്ടെന്ന് നിസ്സംശയം പറയാനാകും. ഇപ്പോൾ നാല്പതോളം യുവവൈദികർ വടക്കേ ഇന്ത്യയിലും എത്യോപ്യയിലും മറ്റ് മിഷൻ പ്രദേശങ്ങളിലുമായി സ്തുത്യർഹ മായ ശുശ്രൂഷ ചെയ്യുന്നുണ്ട്.

ബഥനിയുടെ ചരിത്രത്തെപ്പറ്റിയും വളർച്ചയെപ്പറ്റിയും ചിന്തിക്കുമ്പോൾ എടുത്തു പറയേണ്ട പ്രധാനപ്പെട്ട ഒരു കാര്യം കാലഘട്ടത്തിനനുസരിച്ച് ഈ സന്യാസ സമൂഹത്തെ നയിക്കുവാൻ ദൈവം ഏറ്റവും അനുയോജ്യരായ ആദ്ധ്യാത്മിക നേതാക്ക ന്മാരെ നൽകി അനുഗ്രഹിച്ചുവെന്നതാണ്. മാർ ഈവാനിയോസ് തിരുമേനി മുതൽ ഇങ്ങോട്ടുള്ള നേതൃത്വം ഈ സന്യാസ സമൂ ഹത്തെ സഭാപരമായും സാമൂഹികമായും ഏറെ ഉന്നതിയിലേക്ക് നയിച്ചുവെന്നത് നന്ദി യോടെ ഞാൻ സ്മരിക്കുന്നു.

**8. ബഥനിയുടെ പ്രത്യേക കാരിസം എന്താണ്? ആ കാരിസം ജീവിക്കുന്നതിലും പ്രവർത്തിക്കുന്നതിലും എന്തെങ്കിലും കുറ വുകൾ ഇക്കാലത്ത് സംഭവിച്ചിട്ടുണ്ട് എന്ന് തോന്നുന്നുണ്ടോ? ഉണ്ടെങ്കിൽ അതിനു നിർദ്ദേശിക്കാനുള്ള പരിഹാര മാർഗ്ഗങ്ങൾ എന്തൊക്കെയാണ്?**

"ദൈവസേവനത്തേക്കാൾ അത്യു ത്തമം ദൈവസമ്പാദനം" എന്ന മാർ ഈവാ നിയോസ് തിരുമേനിയുടെ ദർശനമാണ് ബഥനിയുടെ ആപ്തവാക്യം. ഏതു കാര്യം ചെയ്യുമ്പോഴും ആദ്ധ്യാത്മിക തത്വങ്ങൾ അതിൽ അന്തർലീനമായിരിക്കണമെന്ന് പിതാവ് ഞങ്ങളെ പഠിപ്പിച്ചു. മിശിഹാനുക രണ സന്യാസി സമൂഹത്തിന്റെ കാരിസം, പൗരസ്ത്യ സന്യാസ പാരമ്പര്യത്തിലും ഭാര തീയ സന്യാസത്തിലും സാക്ഷാത്ക്കരിക്ക പ്പെട്ടതും മലങ്കരസഭയുടെ ആദ്ധ്യാത്മിക നവീകരണംവഴി ഭാരതത്തെ സുവിശേഷവ ത്ക്കരിക്കുക എന്ന ലക്ഷ്യത്തോടുകൂടിയും, യേശുമിശിഹായെ അവിടുത്തെ പ്രാർത്ഥനാ ജീവിതത്തിലും കർമ്മോദ്യുക്ത ജീവിത ത്തിലും അനുഗമിക്കുക എന്നതാണ്. ഇതേ പ്പറ്റി ചിന്തിക്കുമ്പോൾ ഏറ്റവും പ്രധാനമായി ട്ടുള്ളത് പ്രാർത്ഥനയെയും പ്രവർത്തന ത്തെയും സമന്വയിപ്പിച്ച യേശുമാതൃക യാണ്. ഏതു പ്രവർത്തനവും ബലപ്പെടു ന്നത് പ്രാർത്ഥനയിലൂടെയാണ്. സഭയുടെ ആത്മീക നവീകരണവും സുവിശേഷ പ്രഘോഷണവും വളരെ പ്രാധാന്യ ത്തോടുകൂടിത്തന്നെ ഈ സമൂഹം നോക്കി ക്കാണുന്നു. ബഥനിയുടെ പ്രത്യേകതയായി



www.malankaralibrary.com

എടുത്തു പറയേണ്ട മറ്റൊരു കാര്യം പൗരസ്ത്യ സന്യാസഭാവത്തിന്റെയും ഭാരതീയ സന്യാസ ഭാവത്തിന്റെയും സമന്വയമാണ്. ബഥനിയുടെ വലിയ ശക്തിയായി ഞാൻ മനസിലാക്കുന്നത് ഈ സന്യാസ സമൂഹത്തിൽ വിളങ്ങി നിൽക്കുന്ന സാഹോദര്യത്തിന്റെ നന്മയാണ്. അതോടൊപ്പംതന്നെ ബഥനിയുടെ മുഖമുദ്ര യായി ലളിത ജീവിതശൈലിയെയും നാം കാണുന്നു.

ബഥനിയുടെ മുഖമുദ്രയെന്ന് വിശേഷി പ്പിക്കാവുന്ന മേല്പറഞ്ഞ കാര്യങ്ങളിൽ എവിടെ കുറവ് സംഭവിച്ചാലും അത് സമൂഹ ത്തിനാകമാനം ഉണ്ടാകുന്ന കുറവായി ഞാൻ മനസിലാക്കുന്നു. ബഥനിയുടെ കാരിസം ജീവി ക്കുന്നതിൽ കുറവുണ്ടായിട്ടുണ്ടോ എന്ന് ചോദി ച്ചാൽ ഗൗരവകരമായ ഒരു വീഴ്ച സംഭവിച്ചിട്ടി ല്ലെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. എന്നാൽ പ്രവർത്തന ബഹുലതമൂലം ബഥനി യുടെ ഈ നന്മകൾക്ക് മങ്ങലേൽക്കുന്ന സാഹ ചര്യങ്ങളും ഉണ്ടായിട്ടുണ്ടെന്ന വസ്തുതയും ഞാൻ മറക്കുന്നില്ല. വ്യക്തിപരമായ ജീവിത ത്തിൽ കുറവുകൾ ഉണ്ടായിട്ടുണ്ടാകാം. എന്നാൽ കാരിസം ജീവിക്കുന്നതിൽ ഗൗരവകര മായ കുറവുകൾ ഉണ്ടായിട്ടില്ല എന്ന് ഞാൻ വിശ്വസിക്കുന്നു. വിദ്യാഭ്യാസപരവും സാമൂഹി കവുമായ പ്രവർത്തനങ്ങളിൽ വ്യാപൃതരാകു മ്പോഴും കാരിസം ജീവിക്കുന്നതിൽ പരമാവധി ശ്രദ്ധ നൽകുന്നുണ്ട്. എന്നാൽ അത് എത്ര മാത്രം മറ്റുള്ളവർക്ക് അനുഭവവേദ്യമാകുന്നു വെന്നതാണ് പ്രശ്നം. ബഥനിയുടെ ഇക്കാലയ ളവിലെ വലിയ വെല്ലുവിളിയായി അതിനെ സ്വീകരിച്ച് അത് എങ്ങനെ നമ്മുടെ ആളു കൾക്ക് കൂടുതൽ അനുഭവവേദ്യമാക്കാൻ സാധിക്കും എന്നതിനെപ്പറ്റിയാണ് ചിന്തിക്കേ ണ്ടതെന്ന് ഞാൻ കരുതുന്നു.

**9. ബഥനി സന്യാസസമൂഹത്തിന്റെ തുടർന്നുള്ള പ്രവർത്തനങ്ങൾ എങ്ങനെ? എന്തെല്ലാം പദ്ധതികളാണ് മനസ്സിൽ. ബഥനി സമൂഹം ഇനിയും ശ്രദ്ധിക്കേണ്ട മേഖലകൾ ഏവയാണ്?**

വ്യക്തിനിഷ്ഠമായ പ്രവർത്തന ശൈലി യല്ല ബഥനിയുടേത്. General chapter എടുക്കുന്ന തീരുമാനങ്ങൾ നടപ്പാക്കുകയെന്നതാണ്, പുതു തായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന ഞങ്ങളുടെ നിയോഗം. ഇപ്പോൾ നടന്ന General chapter ന്റെ പൊതുവികാരമായി ഉയർന്നു വന്നത് മാർ ഈവാനിയോസ് തിരുമേനി തുടങ്ങിവച്ച ആദിമ ചൈതന്യത്തിലേക്ക് ബഥനിസമൂഹം മടങ്ങിപ്പോകണമെന്നുള്ളതാണ്. സഭയുടെ നവീകരണത്തിനും മിഷൻ പ്രവർത്തന ങ്ങൾക്കും ഊന്നൽ നൽകുന്ന ഒരു പ്രവർത്തന ശൈലി രൂപപ്പെടുത്താൻ ആഗ്രഹിക്കുന്നു. കഴിഞ്ഞ ഒരു വർഷമായി സിനാക്സിസിനു ബഥനി ഒരുങ്ങുകയായിരുന്നു. അതിനു സഹായകമായ വിധത്തിൽ തയ്യാറാക്കിയ Lineament of instrumentum laboris ഈ ആശ യത്തെ മുൻനിർത്തിയാണ് രൂപപ്പെടുത്തിയത്. അതിന്റെ ദർശനങ്ങൾ a renewed vision of mission for empowering Bethanians എന്ന പേരിൽ പഠനവി ഷയമാക്കുകയും ചർച്ച ചെയ്യുകയും ചെയ്തു. ഇക്കാര്യങ്ങൾ നടക്കണമെങ്കിൽ ആദ്യമായി ഞങ്ങളുടെ വ്യക്തിജീവിതവും സമൂഹജീവി തവും സംശുദ്ധമാക്കപ്പെടണം. സമൂഹജീവി തവും പ്രാർത്ഥനാജീവിതവും ശക്തിപ്പെടണം. അതോടൊപ്പം സഭാനേതൃത്വത്തോടും, വൈദി കരോടും, സമർപ്പിതരോടും, ദൈവജനത്തോടു മുള്ള ബന്ധം ഊഷ്മളമാക്കിക്കൊണ്ട് സഭ ഒരു മിച്ചു മുന്നേറുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ ആഗ്രഹിക്കുന്നു. സഭ യുടെ ചങ്കാണ് സന്യാസം. സഭയെ ത്രസിപ്പിക്കു വാൻ തക്കവണ്ണം ബഥനി ആത്മീയ ബലമുള്ള തായി മാറണം. മുണ്ടൻമലയിലേക്ക് മുൻ കാല ഘട്ടത്തിൽ ആളുകൾ ആശ്വാസം തേടിപ്പോയ തുപോലെ ബഥനി ആശ്രമങ്ങളിലേക്ക് വിശ്വാസ സമൂഹം തീർത്ഥാടകരായി പ്രാർത്ഥ നയ്ക്കും ആത്മീയ ഉണർവിനും കടന്നു വരുന്ന സാഹചര്യം സംജാതമാകണം. ആത്മീയതയെ പരിപോഷിപ്പിക്കുന്ന ഇടങ്ങളായി ആശ്രമങ്ങൾ രൂപാന്തരപ്പെടണം. യാമ നമസ്ക്കാരങ്ങൾ കൃത്യമായി നടത്തുന്ന, ആളുകൾക്ക് ആത്മീയ ശുശ്രൂഷകൾ സംലഭ്യമാക്കുന്ന വേദികളായി ബഥനി ആശ്രമങ്ങൾ മാറണമെന്നതാണ് ഞങ്ങൾ ഒന്നായി ആഗ്രഹിക്കുന്നത്. അപ്രകാരം സഭയുടെ ആത്മീയ ജീവിതത്തെ പ്രചോദിപ്പി ക്കുവാനാണ് വരുംകാലങ്ങളിൽ ബഥനി കൂടു തൽ ശ്രദ്ധിക്കുവാൻ ആഗ്രഹിക്കുന്നത്.

*ശതാബ്ദിയുടെ നിറവിൽ നാല് ഭൂഖണ്ഡ ങ്ങളിലായി അനുഗ്രഹീത ശുശ്രൂഷ തുടരുന്ന ബഥനി സന്യാസ സമൂഹം, പുതിയ നേതൃത്വ ത്തിന്റെ ശക്തമായ കരങ്ങളിലൂടെ സമർപ്പണ ത്തിന്റെ പുത്തൻ മേഖലകൾ കണ്ടെത്തി സഭയ്ക്കും സമൂഹത്തിനും ദിശാബോധവും ആത്മീയ പിൻബ ലവും നൽകി പുതിയൊരു നൂറ്റാണ്ടിലേക്ക് കടക്കു മ്പോൾ മലങ്കരസഭയാകമാനം സന്തോഷിക്കുന്നു. കഴിഞ്ഞു പോയ നാളുകളിൽനിന്നും പാഠങ്ങ ളുൾക്കൊണ്ട് പുതിയ പ്രേഷിത മേഖലകളിലേക്ക് പറന്നുയരാൻ, ബഥനിയെ സജ്ജമാക്കുവാൻ, ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ സ്വപ്നത്തെ സാക്ഷാത്ക്കരിക്കുവാൻ പുതിയ നേതൃത്വത്തിന് ദൈവം ഇടയാക്കുകയും, അതുവഴി മലങ്കരസഭയുടെ ആദ്ധ്യാത്മിക നവീകരണം കൂടു തൽ പ്രോജ്വലമാകുകയും ചെയ്യട്ടെ എന്ന് പ്രാർത്ഥിക്കാം.*



www.malankaralibrary.com

# ഭാഗ്യസ്മരണാർഹനായ
# ഐസക് മാർ യൂഹാനോൻ മെത്രാപ്പോലീത്ത



**മോൺ. ചെറിയാൻ താഴമൺ**
(മുഖ്യ വികാരിജനറാൾ)

തന്റെ സ്വതസിദ്ധമായ പ്രവർത്തന ശൈലിയിലൂടെ തിരുവല്ല രൂപതയുടെ ചരിത്രത്തിൽ നിറപ്പകിട്ടാർന്ന ഒരദ്ധ്യായം എഴുതിച്ചേർക്കാൻ ചുരുങ്ങിയ എട്ട് വർഷത്തെ ശ്രേഷ്ഠപുരോഹിത ശുശ്രൂഷകൊണ്ട് സാധിച്ച പുണ്യപുരുഷനായിരുന്നു അഭിവന്ദ്യ ഐസക് മാർ യൂഹാനോൻ പിതാവ്. സഭയോട് അഗാധമായ സ്നേഹവും സഭാധികാരികളോട് അതിരില്ലാത്ത വിധേയത്വവും സഭയുടെ പഠനങ്ങളോട് അനുപമമായ വിശ്വസ്തതയും പുലർത്തിയ ധന്യാത്മാവായിരുന്നു അഭിവന്ദ്യ പിതാവ്.

**കുടുംബം ജനനം**

തിരുവല്ല അതിഭദ്രാസനത്തിന്റെ നാലാമത്തെ അദ്ധ്യക്ഷനായിരുന്ന അഭിവന്ദ്യ ഐസക് മാർ യൂഹാനോൻ മെത്രാപ്പോലീത്തായുടെ ജനനം ചരിത്രപ്രസിദ്ധമായ മലങ്കര പുനരൈക്യ സംഭവത്തിന് എൺപത്തിഒന്ന് ദിവസങ്ങൾക്ക് മുൻപ് 1930 ജൂലൈ മാസം ഒന്നാം തീയതി പ്രധാന പുരോഹിതനായ അഹറോന്റെ തിരുനാൾ ദിവസം ആയിരുന്നു. അഹറോനെപ്പോലെ പ്രധാനാചാര്യനാകേണ്ടവനാണ് ശിശു എന്ന് അന്ന് ആരെങ്കിലും തിരിച്ചറിഞ്ഞിരുന്നോ എന്നറിയില്ല. എന്നാൽ ദൈവം അപ്രകാരം നിനച്ചുറച്ചിരുന്നു. എറണാകുളം ജില്ലയിൽ ഇടയ്ക്കാട്ടുവയൽ പഞ്ചായത്തിൽ തിരുമറയൂരിൽ കൂട്ടപ്ലാക്കിൽ ശ്രീ. വർക്കിയുടെയും പിറവം കളമ്പൂർ തൈക്കാട്ടിൽ ശ്രീമതി മറിയാമ്മയുടെയും രണ്ടാമത്തെ മകൻ. കൂട്ടപ്ലാക്കിൽ കുടുംബത്തിലെ ഒൻപതാം തലമുറക്കാരൻ. ഐസക് എന്ന് മാമോദീസാ പേര്, കുഞ്ഞപ്പൻ എന്ന് ഓമനപ്പേര്. മൂന്ന് സഹോദരന്മാരും മൂന്ന് സഹോദരിമാരും. ജ്യേഷ്ഠൻ പൗലോസ്, അനുജൻ എബ്രഹാം, ഇളയ അനുജൻ തിരുവല്ല അതിഭദ്രാസനത്തിലെ ഫാ. ജേക്കബ് കൂട്ടപ്ലാക്കിൽ എന്നിവർ സഹോദരന്മാർ. മേരി, അന്നമ്മ, ശോശാമ്മ എന്നിവർ സഹോദരിമാരും. മാതാവ് മറിയാമ്മ കളമ്പൂർ തൈക്കാട്ടിൽ പൗലോസ് കത്തനാരുടെ മകളും തൈക്കാട്ടിൽ ജേക്കബ് കത്തനാരുടെ സഹോദരിയുമായിരുന്നു.



**പഠനവും പുനരൈക്യവും**

പ്രാഥമിക വിദ്യാഭ്യാസം മങ്ങാടപ്പള്ളി എൽ. പി. സ്കൂളിലും, തുടർപഠനം എം. കെ. യു. പി സ്കൂളിലും, ഹൈസ്കൂൾ പഠനം പിറവം സെന്റ് ജോസഫ് ഹൈസ്കൂളിലും ആയിരുന്നു. 1947 – ൽ ഇ. എസ്സ്. എൽ. സി. വിജയകരമായി പൂർത്തിയാക്കി. 1939 നവംബർ 19 -ാം തീയതി ഞായറാഴ്ച (1115 വൃശ്ചികമാസം നാലാം തീയതി) ഒൻപതാം വയസ്സിൽ മാതാപിതാക്കളോടൊപ്പം പുനരൈക്യകൂട്ടായ്മയിലേക്ക് കടന്നുവന്നു. അന്നായിരുന്നു പിറവം സെന്റ് മേരീസ് ബെത്‌ലഹേം മലങ്കര സുറിയാനി കത്തോലിക്കാ പള്ളിയുടെ (പിറവം ബഥനി പള്ളി) തുടക്കവും. അതു സംബന്ധിച്ച് കൂട്ടപ്ലാക്കിൽ വർക്കി (മാർ യൂഹാനോൻ പിതാവിന്റെ വത്സല പിതാവ്) എഴുതി സൂക്ഷിച്ചിരുന്ന ഡയറികുറിപ്പിൽ ഇപ്രകാരം കാണുന്നു: '1115 വൃശ്ചികം 4 – ന് താത്ക്കാലികമായി ഒരു ഷെഡ് കെട്ടി അതിൽ വി. കുർബാന ബഹുമാനപ്പെട്ട തോമ്പ്ര അച്ചൻ നടത്തുകയും അന്നു ബഹു. തൈക്കാട്ടിൽ ജേക്കബ് കത്തനാരും, അച്ചന്റെ ജ്യേഷ്ഠൻ കുഞ്ഞും കുടുംബാംഗങ്ങളും, കൂട്ടപ്ലാക്കിൽ വർക്കിയും കുടുംബാംഗങ്ങളും, നെച്ചിക്കാട്ടിൽ പൈലിയും കുടുംബാംഗങ്ങളും, സൂപ്പുറത്ത് കൊച്ചാക്കോയും കുടുംബാംഗങ്ങളും ചെന്നു സത്യപ്രതിജ്ഞ ചെയ്തു



www.malankaralibrary.com

കത്തോലിക്കാസഭയിൽ ചേർന്നു. പിന്നീട് ഒരു ചെറിയ ചാപ്പൽ പണിത് ഞങ്ങൾ എല്ലാവരും അവിടെത്തന്നെ എല്ലാ ഞായറാഴ്ചയും പോയിക്കൊണ്ടിരുന്നു'.

### ദൈവവിളി

അഭിവന്ദ്യ ജോസഫ് മാർ സേവേറിയോസ് പിതാവ് രൂപതയുടെ വടക്കൻ പ്രദേശങ്ങളിൽ സന്ദർശനം നടത്തുന്ന അവസരങ്ങളിൽ തിരുമറയൂരുള്ള കൂട്ടപ്ലാക്കിൽ ഭവനം ഒരു ഇടത്താവളമായിരുന്നു. അങ്ങനെ ഒരവസരത്തിൽ തിരുമേനി അറിഞ്ഞു കുഞ്ഞപ്പൻ നല്ല മാർക്കോടുകൂടി സ്കൂൾ ഫൈനൽ പരീക്ഷ പാസ്സായ വിവരം. അന്നുതന്നെ 'കുഞ്ഞപ്പനെ ഞാൻ കൊണ്ടുപോവുകയാ' എന്നു പറഞ്ഞ് തിരുമേനി സ്വന്തം കാറിൽ തന്നോടൊപ്പം കുഞ്ഞപ്പനെ തിരുവല്ലയിൽ കൊണ്ടുവന്ന് വൈദികപരിശീലനത്തിന് ചേർത്തു. യേശുക്രിസ്തു തന്റെ അപ്പോസ്തോലന്മാരെ നേരിട്ട് വിളിച്ചതുപോലെ ഒരു വിളി. ചെറുപുഷ്പഗിരി അരമനയോടു ചേർന്നുള്ള മൈനർ സെമിനാരിയിൽ ഒരു വർഷത്തെ ഭാഷാപഠനവും പരിശീലനവും പൂർത്തിയാക്കിയ ബ്രദർ ഐസക്കിനെ 1948 നവംബറിൽ ഉപരിപഠനത്തിനായി റോമിലെ പ്രൊപ്പഗാന്ത കോളേജിലേക്ക് അയച്ചു. ലോകത്തിലെ വിവിധ രാജ്യങ്ങളിൽ നിന്നുള്ള വൈദിക വിദ്യാർത്ഥികളോടൊപ്പമുള്ള പഠനം ബ്രദർ ഐസക്കിന് ഏറെ പ്രിയമായിരുന്നു. എന്നാൽ പഠനത്തിന്റെ ആരംഭ വർഷത്തിൽതന്നെ വേണ്ടിവന്ന ചികിത്സയും ശസ്ത്രക്രിയയും പഠനത്തിന്റെ പുരോഗതിക്ക് വിഘാതമായി. എങ്കിലും ആരോഗ്യം വീണ്ടെടുത്ത് ബ്രദർ പഠനം വിജയകരമായി പൂർത്തിയാക്കി.

### വൈദികാഭിഷേകവും ഉന്നത വിദ്യാഭ്യാസവും

കർദ്ദിനാൾ സിജിസ് മോണ്ടി തിരുമേനിയിൽനിന്ന് ഐസക് ശെമ്മാശ്ശൻ 1954 ഡിസംബർ ഏഴാം തീയതി വൈദികാഭിഷേകം സ്വീകരിച്ചു. പിറ്റേ ദിവസം റോമിലെ സെന്റ് പോൾസ് ബസലിക്കയിൽ പ്രഥമ ദിവ്യബലിയും അർപ്പിച്ചു. റോമിൽ സഭാനിയമത്തിൽ ഉപരിപഠനം നടത്തിക്കൊണ്ടിരുന്ന ബഹു. എബ്രഹാം കളക്കുടി അച്ചൻ വൈദികാഭിഷേക കർമ്മത്തിനും പ്രഥമ ദിവ്യബലി അർപ്പണത്തിനും കൂടെ ഉണ്ടായിരുന്നത് നവവൈദികന് വലിയ ധൈര്യം പകർന്നിരുന്നു. റോമിലെ പഠനകാലത്ത് ബഹു. എബ്രഹാം കളക്കുടി അച്ചനുമായി ആരംഭിച്ച ബന്ധം മരണം വരെയും അതേ ഊഷ്മളതയിൽ തുടർന്നിരുന്നു. വൈദികാഭിഷേകത്തിനുശേഷം 1955 മുതൽ 1957 വരെ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിൽ സഭാനിയമത്തിൽ ഉപരിപഠനം നടത്തി ബിരുദം സമ്പാദിച്ചു. റോമിലെ പഠനകാലത്ത് വിവിധ യൂറോപ്യൻ രാജ്യങ്ങൾ സന്ദർശിക്കാനും അനേകം സ്നേഹിതരെയും അഭ്യുദയകാംക്ഷികളെയും കണ്ടെത്തുവാനും അദ്ദേഹത്തിന് സാധിച്ചിരുന്നു.

### അജപാലന ശുശ്രൂഷയിലേക്ക്

ബഹു. ഐസക് കൂട്ടപ്ലാക്കിൽ അച്ചൻ, റോമിലെ വൈദികപഠനവും വൈദികാഭിഷേകവും ഉപരിപഠനവും കഴിഞ്ഞ്, 1957 ഡിസംബർ 22-ാം തീയതി രൂപതയിൽ തിരിച്ചെത്തി. 1958 ജനുവരി മാസത്തിൽതന്നെ അദ്ദേഹം അജപാലന ശുശ്രൂഷയും ആരംഭിച്ചു. കുന്ദംകുളം പള്ളിയിൽ ബഹു. ജോർജ്ജ് പാലത്തിങ്കൽ അച്ചന്റെ സഹായ പട്ടക്കാരനായിട്ടായിരുന്നു അജപാലന ശുശ്രൂഷയുടെ തുടക്കം. തുടർന്നുള്ള ഇരുപത് വർഷം അനാരോഗ്യവും കാലാവസ്ഥയുടെ കാഠിന്യവും ഭൂപ്രകൃതിയുടെ പ്രത്യേകതകളും ഒന്നും ഗൗനിക്കാതെ കേരളത്തിന്റെ വടക്കൻ ജില്ലകളിലും കർണാടകയുടെ തെക്കൻ ജില്ലകളിലും തമിഴ്നാടിന്റെ നീലഗിരി കുന്നുകളിലും പുനരൈക്യ പ്രേഷിത ശുശ്രൂഷയിലായിരുന്നു അദ്ദേഹം. മലബാർ പ്രദേശത്തെ മിഷൻ കേന്ദ്രങ്ങളിൽ അധികവും അദ്ദേഹത്തിന്റെ പ്രേഷിത തീക്ഷ്ണതയുടെ ഫലമാണ്. ചേലക്കര, പീച്ചി, കൊമ്പഴ, പാർലിക്കാട്, മാന്ദാമംഗലം, ചുവന്നമണ്ണ്, നിലമ്പൂർ, മൂത്തേടം, മൈലാടുംപൊട്ടി, കരുവാരകുണ്ട്, പുളിയക്കോട്, ചെറുകര, ബത്തേരി, എടക്കര, കരിമ്പ തുടങ്ങിയ പ്രദേശങ്ങളിലെ മലങ്കര സുറിയാനി കത്തോലിക്കാ ഇടവകകളുടെ ജീവരക്തം ബഹു. ഐസക് കൂട്ടപ്ലാക്കിൽ അച്ചന്റെ വിയർപ്പും കണ്ണീരുമാണ്. കർണാടകയിലെ ആദ്യത്തെ മിഷനും പുത്തൂർ രൂപതയുടെ ഭദ്രാസന ദേവാലയവുമായ നൂജിബാൽത്തില മിഷൻ ഔദ്യോഗികമായി ആരംഭിച്ചത് 1967 - ൽ താത്ക്കാലികമായി തയ്യാറാക്കിയ ഷെഡിൽ ബഹു. ഐസക് കൂട്ടപ്ലാക്കിൽ അച്ചൻ നടത്തിയ ഓശാന ശുശ്രൂഷയോടുകൂടിയായിരുന്നു.

അദ്ദേഹം ബത്തേരിയിൽ ചുമതലയിലായിരിക്കുമ്പോഴാണ് അവിടെ രൂപത വാങ്ങിയ സ്ഥലം സംബന്ധിച്ച് പ്രമാദമായ ചില വ്യവഹാരങ്ങൾ ഉണ്ടാകുന്നത്. അവിടെയെല്ലാം ധൈര്യപൂർവ്വം അദ്ദേഹം എടുത്ത നിലപാടുകളും നടപടികളും മൂലമാണ് ഇപ്പോൾ ബത്തേരി രൂപതാ ആസ്ഥാനം ഇരിക്കുന്ന സ്ഥലം ഉൾപ്പെടെയുള്ള സ്ഥലം സംരക്ഷിക്കുവാൻ സാധിച്ചത്. ബത്തേരി, നിലമ്പൂർ, കുന്ദംകുളം വൈദികജില്ലകളിലെ ജില്ലാവികാരിയായിട്ടും, രൂപതാ അജപാലന സമിതി അംഗം, വൈദിക സെനറ്റിലെ അംഗം എന്നീ ഉത്തരവാദിത്വപ്പെട്ട മേഖലകളിലും അദ്ദേഹം വലിയ നേതൃത്വവും പ്രവർത്തനവും കാഴ്ചവച്ചിട്ടുണ്ട്. തിരുവല്ല രൂപതയിൽ ആദ്യമായി പ്രോട്ടോപ്രസ്ബിറ്റർ ആയി നിയമിതനായ വൈദികൻ അദ്ദേഹമായിരുന്നു. ഒരു ഡസ്സനിൽ അധികം യുവവൈദികർ അദ്ദേഹത്തിന്റെ സഹപട്ടക്കാരായിരുന്നിട്ടുണ്ട്. ഇതുതന്നെ അദ്ദേഹത്തിന് രൂപതാ അധികാരികളുടെയും സഹവൈദികരുടെയും ഇടയിലുള്ള അംഗീകാരത്തിന്റെ പ്രകടമായ തെളിവാണ്.

### മേല്പട്ട പദവിയിലേക്ക്

സ്ഥാനങ്ങളോ പദവികളോ ആനുകൂല്യങ്ങളോ ജീവിതത്തിൽ അന്വേഷിക്കുകയോ ആഗ്രഹിക്കുകയോ ചെയ്തിട്ടില്ലാത്ത ബഹു. ഐസക് കൂട്ടപ്ലാക്കിൽ അച്ചനെ തിരുവല്ല രൂപതയുടെ നാലാമത്തെ മെത്രാനായി നിയമിച്ചുകൊണ്ടുള്ള ബഹു. ജോൺ പോൾ രണ്ടാമൻ മാർപാപ്പായുടെ പ്രഖ്യാ



www.malankaralibrary.com

പനം 1978 നവംബർ 18-ാം തീയതി ശനിയാഴ്ച ഉണ്ടായി. അദ്ദേഹത്തിനും അനേകർക്കും ആ വാർത്ത ഒരു അത്ഭുതമായിരുന്നെങ്കിലും അദ്ദേഹത്തെ അടുത്ത് അറിയുന്നവർക്ക് ആനന്ദകരമായിരുന്നു. നിയുക്ത മെത്രാന് സെന്റ് ജോൺസ് കത്തീഡ്രലിൽ വച്ച് 1978 ഡിസംബർ 21-ാം തീയതി വ്യാഴാഴ്ച അഭി. ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവ് റമ്പാൻ സ്ഥാനം നല്കി. ഡിസംബർ 28-ാം തീയതി വ്യാഴാഴ്ച തിരുമൂലപുരത്ത് മാർ തെയോഫിലോസ് നഗറിൽ പ്രത്യേകം തയ്യാറാക്കിയ മദ്ബഹായിൽ വച്ച് പുതുതായി സ്ഥാപിച്ച ബത്തേരി രൂപതയുടെ പ്രഥമ അദ്ധ്യക്ഷനായി നിയമിതനായിരുന്ന ബഹു. സിറിൽ മലഞ്ചരുവിൽ OIC അച്ചനോടൊപ്പം വന്ദ്യ ഐസക് കൂട്ടപ്ലാക്കിൽ റമ്പാൻ ഐസക് മാർ യൂഹാനോൻ എന്ന പേരിൽ മെത്രാനായി അഭിഷിക്തനായി. മെത്രാഭിഷേക കർമ്മത്തിന് ബനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ മുഖ്യകാർമ്മികനും അന്ത്യോക്യൻ സുറിയാനി കത്തോലിക്കാസഭയുടെ അഭിവന്ദ്യ ജോസഫ് മുണയർ മെത്രാപ്പോലീത്തായും അഭിവന്ദ്യ പൗലോസ് മാർ ഫീലക്സിനോസ് മെത്രാപ്പോലീത്തായും സഹകാർമ്മികരുമായിരുന്നു. 1978 ഡിസംബർ 29-ാം തീയതി വെള്ളിയാഴ്ച തിരുവല്ല സെന്റ് ജോൺസ് കത്തീഡ്രലിൽ വച്ച് നവാഭിഷിക്തനായ അഭി. ഐസക് മാർ യൂഹാനോൻ പിതാവ് തിരുവല്ല ഭദ്രാസനത്തിന്റെ നാലാമത്തെ അദ്ധ്യക്ഷനായി സ്ഥാനാരോഹണം ചെയ്ത് ചുമതല ഏറ്റു. 'സുന്ത്രോണീസോ' ശുശ്രൂഷകൾക്ക് അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ മുഖ്യകാർമ്മികത്വം വഹിച്ചു.

### വിശുദ്ധി നേടാനും നല്കാനും

എട്ട് വർഷവും നാല് മാസവും, അതായത് നൂറ് മാസം മാത്രം നീണ്ട പ്രധാനാചാര്യ ശുശ്രൂഷ, 1978 ഡിസംബർ 28 ന് ആരംഭിച്ച് 1987 ഏപ്രിൽ 28 ന് സമാപിച്ച ശുശ്രൂഷ. 'ഒരിടയനും ഒരു തൊഴുത്തും'(Unum Pastor Unum Ovile) എന്ന മുദ്രാവാക്യം സ്വീകരിച്ചുകൊണ്ടാരംഭിച്ച ശുശ്രൂഷ. രൂപതാദ്ധ്യക്ഷനായിട്ട് നല്കിയ ആദ്യ സന്ദേശത്തിൽ അഭി. മാർ യൂഹാനോൻ പിതാവ് ഇപ്രകാരം പറഞ്ഞിരുന്നു: 'ക്രിസ്തീയ സഭയിലെ അധികാരം ഭരിക്കാൻ മാത്രമുള്ളതാണെന്നു ഞാൻ വിശ്വസിക്കുന്നില്ല. സഭയിലെ അധികാരം സേവനാധിഷ്ഠിതമാണ്. ശുശ്രൂഷിക്കപ്പെടലല്ല, ശുശ്രൂഷയാണ്. മേല്പട്ട സ്ഥാനം അധികാരത്തിനും അവകാശത്തിനും വേണ്ടിയല്ല, അത് സേവനത്തിനുള്ള ഒരു ദൈവദാനമാണ്. തന്റെ പ്രദേശത്തെ ദൈവജനത്തെ സേവിക്കുകയെന്ന കർത്തവ്യമാണ് മെത്രാനെ ഏല്പിച്ചിരിക്കുന്നത്. അവിടുത്തെ ജനങ്ങളെയും അവരുടെ സേവകരായ വൈദികരെയും സേവിക്കുക. തന്റെ സേവനത്തിനേല്പിച്ചിരിക്കുന്ന ഓരോ വ്യക്തിയെയും ആദ്ധ്യാത്മീകതയുടെ ഔന്നത്യത്തിലേക്ക് നയിക്കുകയെന്നതാണ് ഈ സേവനത്തിന്റെ ലക്ഷ്യം.

അജപാലന ശുശ്രൂഷയുടെ ആരംഭം മുതൽ ആളുകളോടൊപ്പം ആയിരിക്കാൻ ആഗ്രഹിച്ചിരുന്ന അഭി. പിതാവിന്റെ ജീവിതത്തിന്റെ അന്ത്യം വരെ അങ്ങനെതന്നെയായിരുന്നു. ജനങ്ങളുടെ കൂടെ ആയിരിക്കുന്നതാണ് പിതാവ് ജീവിതത്തിൽ ഏറ്റവും അധികം ആസ്വദിച്ചിരുന്നത്. ഇടവകകളിൽ ശുശ്രൂഷ ചെയ്തിരുന്ന കാലത്ത് സാമ്പത്തിക ബുദ്ധിമുട്ടും, ഭക്ഷണം ലഭിക്കാത്ത അവസ്ഥയും, യാത്രയുടെ ബുദ്ധിമുട്ടും, രോഗപീഡകളും ശാരീരിക അസ്വസ്ഥതകളും എല്ലാം കൂട്ടുകാരെപ്പോലെ കൂടെയുണ്ടായിരുന്നെങ്കിലും ഇടവകജനങ്ങളോടൊപ്പം ആയിരിക്കുമ്പോൾ പിതാവ് അവയെല്ലാം മറന്നിരുന്നു. ജനങ്ങളോടൊപ്പം ആയിരിക്കുന്നതിന്റെ സന്തോഷമാണ് യാത്രയ്ക്ക് പിതാവ് പൊതുവാഹനങ്ങൾ തെരഞ്ഞെടുത്തിരുന്നതിന്റെ മുഖ്യകാരണം. മെത്രാപ്പോലീത്ത ആയിക്കഴിഞ്ഞിട്ടും രൂപതയുടെ ഭരണകാര്യങ്ങളിൽ വ്യാപൃതനായി അരമന ഓഫീസിൽ ആയിരിക്കുന്നതിനെക്കാൾ പിതാവിന് താല്പര്യം ഇടവകകൾ സന്ദർശിക്കുന്നതിലും വൈദികരോടും ജനങ്ങളോടും ഒപ്പം ആയിരിക്കുന്നതിലും ആയിരുന്നു. മരണം വരെ അത് അങ്ങനെതന്നെ ആയിരുന്നു. വെള്ളമില്ലാതെ മത്സ്യത്തിന് ജീവിക്കാൻ സാദ്ധ്യമല്ലാത്തതുപോലെ ജനമില്ലാതെ മാർ യൂഹാനോൻ പിതാവിന് ഒരു ജീവിതമില്ലായിരുന്നു. ശ്രേഷ്ഠപൗരോഹിത്യത്തിന് ഒരു ജനകീയ മുഖം പ്രദാനം ചെയ്ത മെത്രാപ്പോലീത്ത ആയിരുന്നു മാർ യൂഹാനോൻ പിതാവ്. പിതാവിന്റെ ശുശ്രൂഷാ നേതൃത്വകാലത്ത് മേരിഗിരി അരമനയിലെ സന്ദർശകരിൽ ഏറിയ പങ്കും സാധാരണക്കാരും ദരിദ്രരുമായിരുന്നു. പണമല്ല സ്നേഹവും കരുതലുമാണ് പിതാവ് അവരുമായി പങ്കുവച്ചിരുന്നത്. അവർ എത്തിയിരുന്നതും അതിനുവേണ്ടിയായിരുന്നു. പിതാവിനെ കാണാൻ എത്തിയിട്ടുള്ളവർക്കാർക്കും പിതാവ് എന്നെ പരിഗണിച്ചില്ല എന്ന് പരാതിപ്പെടാൻ ഒരിക്കലും ഇടയായിട്ടില്ല. തന്നെ കാണാനെത്തുന്നവരുടെ പ്രശ്നങ്ങളും ആവശ്യങ്ങളും എത്രസമയം വേണമെങ്കിലും ഒരു അസ്വസ്ഥതയും പ്രകടിപ്പിക്കാതെ ശ്രദ്ധിക്കാൻ പിതാവിനുണ്ടായിരുന്ന മനസ്സാണ് പിതാവിനെ തുല്യസ്ഥാനികരായ മറ്റ് അനേകരിൽനിന്നും വ്യതിരിക്തനാക്കിയിരുന്നത്.

### അന്ത്യദിനങ്ങൾ

1980 കളിൽ ഡൽഹിയിലെ മലങ്കര മക്കൾക്ക് നിയതമായ സഭാസംവിധാനങ്ങളോ വൈദികരുടെ തുടർച്ചയായ ശുശ്രൂഷയോ ഒന്നും ലഭ്യമായിരുന്നില്ല. ബഹു. എബ്രഹാം കളക്കുടി അച്ചൻ ഡൽഹിയിലെ സി. ബി. സി. ഐ. സെന്ററിൽ ശുശ്രൂഷ ചെയ്തിരുന്ന കാലം മുതൽ ക്രിസ്തുമസ്സ്, ഈസ്റ്റർ, ദുഃഖവെള്ളി തുടങ്ങിയ പെരുന്നാൾ സന്ദർഭങ്ങളിൽ കേരളത്തിൽനിന്നും വൈദികരെത്തി വിശുദ്ധ കർമ്മങ്ങൾ അനുഷ്ഠിക്കുമായിരുന്നു. വൈദികരുടെ അസാന്നിദ്ധ്യത്തിലും ഡൽഹിയിലെയും ഫരീദാബാദിലെയും മലങ്കര മക്കൾ 'മലങ്കര കാത്തലിക് അസോസിയേഷൻ' എന്ന ബാനറിൽ ഒന്നിച്ച് കൂടുകയും പ്രാർത്ഥനായോഗങ്ങൾ നടത്തുകയും ചെയ്യുമായിരുന്നു. 1987 ലെ ഹാശാ



www.malankaralibrary.com

ശുശ്രൂഷകൾക്ക് വൈദികരുടെ സാന്നിദ്ധ്യം ആവശ്യപ്പെട്ടുകൊണ്ട് ഡൽഹി മലങ്കര കാത്തലിക് അസോസിയേഷന്റെ പ്രസിഡണ്ട് ശ്രീ. വി. പി. തോമസ് ബഹു. എബ്രഹാം കളക്കുടി അച്ചനുമായി ബന്ധപ്പെടുകയും അച്ചൻ പ്രസ്തുത വിവരം അഭി. മാർ യൂഹാനോൻ പിതാവിനോടറിയിക്കുകയും ചെയ്തു. അഭി. പിതാവുതന്നെ ഡൽഹിയിൽ പോയി ഹാശാ ആഴ്ച ശുശ്രൂഷകൾ നടത്താൻ തയ്യാറായി. ബഹു. കളക്കുടി അച്ചനെ കൂടി കൊണ്ടുപോകാനും തീരുമാനിച്ചു. അതനുസരിച്ച് അവർ രണ്ടുപേരുംകൂടി ഏപ്രിൽ 10-ാം തീയതി നാല്പതാം വെള്ളിയാഴ്ച ഡൽഹിയിലെത്തി. ഡൽഹി 'മാത്തർ ദേയി' സ്കൂൾ ഓഡിറ്റോറിയത്തിൽ ഉയിർപ്പുവരെയുള്ള എല്ലാ ശുശ്രൂഷകളും നടത്തുകയും സഹോദരിസഭകളുടെ കേന്ദ്രങ്ങൾ സന്ദർശിക്കുകയും, സാദ്ധ്യമായിടത്തോളം മലങ്കര മക്കളുടെ താമസ സ്ഥലം സന്ദർശിക്കുകയും ചെയ്തു. ഡൽഹി സമൂഹത്തിന്റെ ശുശ്രൂഷകളിലെ പങ്കാളിത്തവും സജീവത്തവും സഭാതാല്പര്യവും അഭി. പിതാവിനെ വളരെയധികം ആകർഷിച്ചു. അവർക്ക് ഒരു വൈദികന്റെ സേവനം സ്ഥിരമായി ലഭ്യമാക്കാമെന്ന് വാഗ്ദാനം ചെയ്തിട്ടാണ് പിതാവ് അവിടെ നിന്ന് മടങ്ങിയത്. (അതിൻപ്രകാരമാണ് അഭി. തിമോത്തിയോസ് പിതാവ് രൂപതാദ്ധ്യക്ഷനായി ചുമതല ഏറ്റ ഉടൻ തന്നെ തന്റെ സെക്രട്ടറി ആയിരുന്ന ബഹു. മാമ്മൻ ചക്കാലപ്പടിക്കൽ അച്ചനെ ഡൽഹിയിലേക്ക് നിയോഗിച്ചയച്ചത്.) ഉയർപ്പിന്റെ ശുശ്രൂഷകൾ കഴിഞ്ഞ് പിതാവും ബഹു. കളക്കുടി അച്ചനും കൂടി ട്രെയിൻ മാർഗ്ഗമാണ് കേരളത്തിലേക്ക് മടങ്ങിയത്. വിമാനത്തിൻ പോയാൽ മതി എന്നുള്ള ബഹു. കളക്കുടി അച്ചന്റെയും ഡൽഹി മക്കളുടെയും ആവർത്തിച്ചുള്ള നിർദ്ദേശത്തെ അഭി. പിതാവ് ചെവിക്കൊണ്ടില്ല. കാരണം രണ്ടായിരുന്നു. ഒന്ന് സാധാരണക്കാരുടെ കൂടെ ആയിരിക്കുന്നതായിരുന്നു പിതാവിന് എന്നും താല്പര്യം രണ്ട് വ്യക്തിപരമായ സൗകര്യങ്ങൾക്കുവേണ്ടി രൂപതയുടെ പണം ഉപയോഗിക്കാൻ പാടില്ല എന്ന ചിന്ത.

മടക്കയാത്രയിൽ താൻ മുൻപ് വികാരിയായിരുന്ന ബത്തേരി രൂപതയിൽപ്പെട്ട കരുവാരകുണ്ട് സെന്റ് ജോർജ്ജ് പള്ളിയുടെ തിരുനാൾ ആഘോഷത്തിൽ സംബന്ധിച്ചിട്ട് തിരുവല്ലായിൽ എത്താനായിരുന്നു ആദ്യം നിശ്ചയിച്ചിരുന്നത്. എന്നാൽ ട്രെയിൻ യാത്രയിൽ ക്ഷീണം അനുഭവപ്പെട്ടതിനാൽ കരുവാരകുണ്ട് പള്ളിപ്പെരുന്നാൽ പരിപാടി ക്യാൻസൽ ചെയ്ത് നേരിട്ട് 21-ാം തീയതി തിരുവല്ലായിൽ എത്തി. തിരുവല്ലായിൽ എത്തിക്കഴിഞ്ഞപ്പോൾ ക്ഷീണം ഉണ്ടെങ്കിലും കരുവാരകുണ്ടിൽ എത്താതിരിക്കുന്നത് അവർക്ക് പ്രയാസമാകും എന്ന് കരുതി അന്നുതന്നെ കാറിൽ കരുവാരകുണ്ടിന് യാത്രയായി. തിരുനാളിൽ സംബന്ധിച്ച് മുൻ ഇടവകക്കാരേയും പരിചയക്കാരെയും എല്ലാം കണ്ട് സ്നേഹം പങ്കുവച്ച് മടങ്ങുന്നവഴി 26 -ാം തീയതി ഞായറാഴ്ച ചുവന്നമണ്ണ് ഇടവകയുടെ ജൂബിലി ആഘോഷത്തിൽ മുഖ്യ അതിഥിയായും പങ്കെടുത്തു. ഇതായിരുന്നു അഭി. പിതാവ് പങ്കെടുത്ത അവസാനത്തെ പൊതുപരിപാടി. അന്ന് രാത്രി പത്ത് മണിയോടെ അഭി. പിതാവ് മേരിഗിരി അരമനയിൽ മടങ്ങി എത്തി. ഡൽഹിയിലെ ഹാശാആഴ്ച ശുശ്രൂഷകളിലെ ജനപങ്കാളിത്തവും സജീവത്തവും താൻ വികാരിയായിരുന്ന കരുവാരകുണ്ട്, ചുവന്നമണ്ണ് ഇടവകകളിലെ പരിപാടികളിൽ സംബന്ധിക്കുകയും മുൻപരിചയക്കാരെയൊക്കെ കണ്ടതിലുള്ള സന്തോഷവും സംതൃപ്തിയുമായാണ് മടങ്ങിയെത്തിയത്.

രാത്രി 11. 30 മണിയോടെ പിതാവിന് നെഞ്ചുവേദന അനുഭവപ്പെട്ടതിനെ തുടർന്ന് പുഷ്പഗിരി ആശുപത്രിയിൽ പ്രവേശിപ്പിച്ച് വേണ്ട പരിചരണങ്ങളും ചികിത്സയും നല്കി. വിശ്രമത്തിനും കൂടുതൽ നിരീക്ഷണത്തിനുമായി തീവ്രപരിചരണവിഭാഗത്തിൽ പ്രവേശിപ്പിച്ചിരുന്ന പിതാവ് 28-ാം തീയതി വൈകിട്ട് അഞ്ചേകാൽ മണിയോടെ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. ഉടൻ തന്നെ ഭൗതികശരീരം അംശവസ്ത്രങ്ങൾ അണിയിച്ച് മേരിഗിരി അരമനയിലും തുടർന്ന് പത്ത് മണിയോടെ ഭദ്രാസന ദേവാലയത്തിലും പ്രതിഷ്ഠിച്ചു. ഇടതടവില്ലാതെ നടന്നുകൊണ്ടിരുന്ന പ്രാർത്ഥനാമദ്ധ്യേ വിവിധ സഭാമേലദ്ധ്യക്ഷന്മാരും, സമുദായനേതാക്കന്മാരും, രാഷ്ട്രീയ നേതാക്കന്മാരും പൗരപ്രമുഖരും വൈദികരും, സന്യസ്തരും വിശ്വാസസമൂഹവും പൊതുജനങ്ങളും ഇടമുറിയാതെ കടന്നുവന്ന് ഭൗതികശരീരം സന്ദർശിച്ച് അനുഗ്രഹം പ്രാപിച്ച് മടങ്ങിക്കൊണ്ടിരുന്നു. മുപ്പതാം തീയതി വ്യാഴാഴ്ച വിശുദ്ധ കുർബാനയ്ക്കും നഗരികാണിക്കലിനും കബറടക്ക പ്രാർത്ഥനാ ശുശ്രൂഷകൾക്കും ശേഷം ഭൗതികശരീരം ഭദ്രാസന ദേവാലയത്തിന്റെ മദ്ബഹായ്ക്ക് കിഴക്കുവശത്ത് ക്രമീകരിച്ചിരുന്ന കബറുകളിൽ നാലാമത്തെ കബറിൽ അഭി. ബനഡിക്റ്റ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായുടെ മുഖ്യകാർമ്മികത്വത്തിലും അഭി. സിറിൾ മാർ ബസേലിയോസ്, പൗലോസ് മാർ ഫീലക്സിനോസ്, ലോറൻസ് മാർ അപ്രേം എന്നീ പിതാക്കന്മാരുടെ സഹകാർമ്മികത്വത്തിലും കത്തോലിക്കാ സഭയിലെയും സഹോദരീ സഭകളിലെയും പിതാക്കന്മാരുടെ സാന്നിദ്ധ്യത്തിലും കബറടക്കി. ചങ്ങനാശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പ് അഭി. മാർ ജോസഫ് പവ്വത്തിൽ തിരുമേനി ചരമ പ്രസംഗം നടത്തി. മാർ യൂഹാനോൻ പിതാവ് തന്റെ സഭയുടെ വിശ്വാസം സംരക്ഷിക്കുന്നതിനും വ്യക്തിത്വം ഉയർത്തിപ്പിടിക്കുന്നതിനും അക്ഷീണം പരിശ്രമിച്ചിരുന്ന മേലദ്ധ്യക്ഷനായിരുന്നു എന്ന് അഭി. പവ്വത്തിൽ പിതാവ് പ്രസംഗത്തിൽ വ്യക്തമാക്കി. അനവധി അഭി. പിതാക്കന്മാരുടെയും സാമൂഹ്യ രാഷ്ട്രിയ നേതാക്കന്മാരുടെയും സമുദായ നേതാക്കന്മാരുടെയും സംഘടനാ നേതാക്കന്മാരുടെയും സാന്നിദ്ധ്യവും ജനസഹസ്രങ്ങളുടെ പങ്കാളിത്തവും മാർ യൂഹാനോൻ പിതാവിന് ജനഹൃദയങ്ങളിലും സഭയിലും സമൂഹത്തിലും ഉണ്ടായിരുന്ന സ്വീകാര്യതയുടെ പ്രകടമായ തെളിവായിരുന്നു.



www.malankaralibrary.com

# 'കേരളത്തിന്റെ പൊതുബോധം' ആരുടെ നിർമ്മിതിയാണ്?



ഫാ. വർഗീസ് വള്ളിക്കാട്ട്

'കേരളത്തിന്റെ പൊതുബോധം' എന്നത് പൊതുരംഗത്തു പ്രവർത്തിക്കുന്നവർ സാധാരണ പരാമർശിക്കാറുള്ള ഒന്നാണ്. എന്താണീ പൊതുബോധം? ഞാൻ മനസ്സിലാക്കുന്നിടത്തോളം, അത് വിശാലമായ സാമൂഹ്യ, രാഷ്ട്രീയ, സാമ്പത്തിക, നൈയ്യാമിക യാഥാർഥ്യങ്ങളുമായി ബന്ധപ്പെട്ടതും, പ്രദേശിക സാംസ്കാരിക സാമൂഹിക യഥാർഥ്യങ്ങളിൽനിന്ന് ഉരുത്തിരിയുന്നതുമായ ഒരു പരികല്പനയാണ്. ഇതിന്റെ അടിസ്ഥാനമായി നിലകൊള്ളുന്നത്, ദേശീയവും അന്തർദേശീയവുമായ മൂല്യങ്ങളും നിയമങ്ങളും രാഷ്ട്രീയ സാമൂഹ്യ സാഹചര്യങ്ങളും, ഒപ്പം സമൂഹവുമായി സംവദിക്കുന്ന വ്യക്തികളുടെ ബോധമണ്ഡലവുമാണ്. സമൂഹത്തിലെ അംഗങ്ങൾ എന്ന നിലയിൽ ഇതര വ്യക്തികളെയും സമുദായങ്ങളെയും പ്രസ്ഥാനങ്ങളെയും സ്ഥാപനങ്ങളെയുംകുറിച്ച് വ്യത്യസ്ത വ്യക്തികളുടെ ബോധമണ്ഡലത്തിൽ രൂപപ്പെടുന്ന ചിത്രമാണ് അവയെ സംബന്ധിച്ച പൊതുബോധം എന്ന് പറയാം.

കഴിഞ്ഞ രണ്ടു പതിറ്റാണ്ടിലേറെയായി, 'കേരള സമൂഹത്തിന്റെ പൊതുബോധം' ഇവിടത്തെ ക്രൈസ്തവ സഭകൾക്കും സമുദായത്തിനും എതിരാണ് എന്ന് സമർഥിക്കാൻ ബോധപൂർവമായ ചില ശ്രമങ്ങൾ അടുത്ത കാലത്ത് സമൂഹ മാധ്യമങ്ങളിലും ചില മുഖ്യധാരാ മാധ്യമങ്ങളിലും നടക്കുന്നത് ശ്രദ്ധയിൽ പെട്ടു. ഇപ്രകാരം ഒരു 'ക്രൈസ്തവ വിരുദ്ധത' (അങ്ങിനെയൊന്നുണ്ടെങ്കിൽ) എങ്ങിനെ കേരള സമൂഹത്തിന്റെ പൊതുബോധത്തിന്റെ ഭാഗമായി എന്ന ആലോചനയാണ് ഇപ്പോൾ ഈ കുറിപ്പെഴുതാൻ പ്രേരണ നൽകിയത്.

### 'ക്രൈസ്തവവിരുദ്ധ പൊതുബോധ'ത്തിന്റെ പശ്ചാത്തലം

തൊണ്ണൂറുകളുടെ ആരംഭം മുതൽ കേരള സമൂഹത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന ധൃതഗതിയിലുള്ള മാറ്റങ്ങൾ സമൂഹത്തിന്റെ എല്ലാ തലങ്ങളെയും ആഴമായിത്തന്നെ സ്വാധീനിച്ചിട്ടുണ്ട്. ദൃശ്യമാധ്യമങ്ങളുടെ കടന്നുവരവ് കാഴ്ചയുടെ ലോകത്തെ എല്ലാ അർത്ഥത്തിലും പ്രശ്നവൽക്കരിച്ചു. വാർത്തകൾ വായിച്ചറിയുന്നതല്ല, കണ്ടു ബോധ്യപ്പെടുന്നതാണ് എന്ന ഒരു ധാരണ സർവഥാ സംജാതമായി. കാണുന്നതാണ് സത്യം എന്ന് വന്നപ്പോൾ, ആരു കാണുന്നതാണ് സത്യം എന്ന ചോദ്യം പ്രസക്തമായി. ഓരോരുത്തരും അവരവരുടെ പരിപ്രേക്ഷ്യത്തിലുള്ള കാഴ്ചയെ സത്യമെന്നു വിളിച്ചു. സത്യം സ്ഥാപിച്ചെടുക്കാൻ പരസ്പരം മത്സരിക്കുന്ന കാഴ്ചകളും കാഴ്ചപ്പാടുകളും ജനങ്ങൾക്കുമുൻപിൽ വിശദീകരിക്കാനും വിശകലനം ചെയ്യാനും വ്യാഖ്യാനിക്കാനുമായി സാമൂഹ്യ, രാഷ്ട്രീയ നിരീക്ഷകരുടെയും വിശകലന വിശാരദരുടെയും ഒരു നിരതന്നെ രൂപപ്പെട്ടുവന്നു. മുടങ്ങാതെ നടക്കുന്ന മാധ്യമ വിശകലനങ്ങൾ കാഴ്ചയുടെ അരങ്ങിലെ മുഖ്യ ഇനമായി മാറി. അവതാരകരിൽ ചിലർ ക്രമേണ ചാനൽ ജഡ്ജിമാരും, നിരീക്ഷകരിൽ നല്ലൊരു ഭാഗം പ്രത്യേക അജണ്ടകൾക്കൊത്തു കരുക്കൾ നീക്കുന്ന പ്രോസിക്യൂട്ടർമാരുമായി മാറി. അവരിൽ പലരും, ചാനൽ ചർച്ചകൾക്ക് പുറമേ സ്വന്തം ഓൺലൈൻ ചാനലും, യു ട്യൂബ് ചാനലും ഒക്കെയായി 'കേരളത്തിന്റെ പൊതുബോധം' നിർമ്മിച്ചെടുക്കാൻ മത്സരിച്ചുകൊണ്ടിരിക്കുന്നു. ആരെയും തുണിയും തൊലിയുമുരിഞ്ഞു സമൂഹത്തിനു മുമ്പിൽ നിർത്താനും കെട്ടിത്തൂക്കിയിടാനും അധികാരമുള്ള നിയമ കോടതികളായി ദൃശ്യ മാധ്യമങ്ങൾ സ്വയം അവരോധിക്കുന്ന കാഴ്ചയുടെ ആഘോഷത്തിലൂടെയാണ് ഇന്നു നമ്മൾ കടന്നുപോകുന്നത്.



www.malankaralibrary.com

**പൊതുബോധത്തിലെ ക്രൈസ്തവ വിരുദ്ധതക്ക് ഉദാഹരണമായി ചൂണ്ടിക്കാട്ടുന്ന പ്രധാന സംഭവങ്ങളും വസ്തുതകളും**

കേരളത്തിന്റെ പൊതുബോധം ക്രൈസ്തവ സഭകൾക്കെതിരാണ് എന്നു തെളിയിക്കാൻ ഏറ്റവും കൂടുതൽ ഉപയോഗിച്ചു കാണുന്നത് 'അഭയാകേസ്' തന്നെയാണ്. 1992 മാർച്ച് 27 നാണ് കോട്ടയം പയസ് ടെൻത് ലേഡീസ് ഹോസ്റ്റലിന്റെ കിണറ്റിൽ അഭയ എന്ന കന്യാസ്ത്രീ അസ്വാഭാവികമായി മരണപ്പെട്ടതായി കണ്ടെത്തിയത്. തുടർന്ന് നടന്ന അന്വേഷണങ്ങളുടെ ഭാഗമായി 2008 നവംബർ 19 നു രണ്ടു വൈദികരെയും ഒരു കന്യാസ്ത്രീയെയും സി. ബി. ഐ. അറസ്റ്റു ചെയ്തു. 28 വർഷങ്ങൾ നീണ്ട അന്വേഷണങ്ങൾക്കും വിചാരണയ്ക്കുമൊടുവിൽ 2020 ഡിസംബർ 21 നു അവരിൽ



രണ്ടുപേർ കുറ്റക്കാരെന്നു വിചാരണക്കോടതി കണ്ടെത്തുകയും 22നു ഇരുവരെയും ജീവപര്യന്തം തടവിന് ശിക്ഷിക്കുകയും ചെയ്തു.നിഷ്പക്ഷവും കാര്യക്ഷമവുമായ അന്വേഷണം ഉറപ്പുവരുത്താൻ സി. ബി. ഐയെക്കൊണ്ടുതന്നെ അന്വേഷിപ്പിക്കണം എന്ന് ആവശ്യപ്പെട്ട സന്യാസ സമൂഹത്തെയും കത്തോലിക്കാസഭയെയും പുകമറയിൽ നിർത്തി, മാധ്യമങ്ങളും നിരീക്ഷകരും വിശകലന വിദഗ്ധരും ആക്ഷൻ കൗൺസിലും, കളം നിറഞ്ഞുനിന്ന മൂന്നു പതിറ്റാണ്ടുകാലം! സത്യം സംശയാതീതമായി സ്ഥാപിക്കപ്പെടുന്നതുവരെ, നീതി നടപ്പായി എന്നു കരുതാൻ കഴിയാത്ത സാഹചര്യം ഈ കേസിൽ ഇപ്പോഴും നിലനിൽക്കുന്നു!

കേരളം ഇരുപത്തിയൊന്നാം നൂറ്റാണ്ടിനെ വരവേറ്റത്, ഉന്നത വിദ്യാഭ്യാസരംഗത്ത് ഒരു പരീക്ഷണത്തിന് വഴി തുറന്നുകൊണ്ടായിരുന്നല്ലോ. കേരളത്തിന്റെ അയൽസംസ്ഥാനങ്ങൾ ഏറെക്കാലംമുമ്പേ പ്രയോഗത്തിൽ വരുത്തിയ 'ഉന്നത വിദ്യാഭ്യാസരംഗത്ത് സ്വാശ്രയത്വം' എന്ന ആശയം കേരളത്തിൽ പരീക്ഷിക്കാനുള്ള തീരുമാനം കൈക്കൊണ്ടത് കോൺഗ്രസ്സ് നേതൃത്വം കൊടുത്ത യു. ഡി. എഫ്. സർക്കാരാണ്. അതിന്റെ ചരിത്രം ആദ്യന്തം കയ്പു നിറഞ്ഞതാണ്. ശരിയായ തീരുമാനങ്ങൾ എടുക്കാനും നടപ്പാക്കാനും ഭരണത്തിലിരുന്നവർക്കു കഴിയാതെ പോയതാണ്, യഥാർത്ഥത്തിൽ ടി. എം എ. പൈ കേസിന്റെ വിധിയെത്തുടർന്ന് ഈ രംഗത്ത് പ്രതിസന്ധി രൂപപ്പെടാൻ കാരണം. ഇക്കാര്യം മറച്ചുവച്ച്, മുൻപുണ്ടായിരുന്ന ഉണ്ണികൃഷ്ണൻ കേസിന്റെ മറപിടിച്ചു ഫിഫ്റ്റി + ഫിഫ്റ്റി ഫോർമുലയിൽ, കേരളത്തിലെ ഇടതു വലതു മുന്നണികൾ ഉന്നത വിദ്യാഭ്യാസരംഗത്ത് സോഷ്യലിസം നടപ്പാക്കുന്നതായി ഭാവിച്ചു. ഇതിനു പിന്നിൽ ഒളിച്ചിരുന്ന അനധികൃതവും നിയമ വിരുദ്ധവുമായ ധാരണകൾ, അങ്ങേയറ്റം അഴിമതിയുടേത് മാത്രമായിരുന്നു എന്ന് ഇപ്പോൾ ആർക്കാണ് മനസ്സിലാകാത്തത്!

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേരള സമൂഹത്തിന് അനിവാര്യമാണെന്ന തിരിച്ചറിവിൽ, മുമ്പേ പറക്കുന്ന പക്ഷിക



www.malankaralibrary.com

ളെപോലെ സ്വാശ്രയ വിദ്യാഭ്യാസരംഗത്തേക്ക് കടന്നുവന്ന ക്രൈസ്തവ മാനേജുമെന്റുകളെ' വിദ്യാഭ്യാസ കച്ചവടക്കാർ' എന്ന് മുദ്രയടിക്കുന്നതിൽ ചാനലുകൾ തമ്മിലും നിരീക്ഷകരും വിശകലന വിദഗ്ധരും രാഷ്ട്രീയ പാർട്ടികളും തമ്മിലും മത്സരിച്ചു. 'കച്ചവടക്കാർ' എന്ന ലേബൽ തങ്ങൾക്കു ചേരുന്നതല്ല എന്നു ക്രൈസ്തവ മാനേജുമെന്റുകൾ അർത്ഥശങ്കക്കിടയില്ലാത്ത വിധം വസ്തുനിഷ്ഠമായ കണക്കുകൾ നിരത്തി വ്യക്തമാക്കിയിരുന്നു. ഇന്നിപ്പോൾ, തിരിഞ്ഞുനോക്കുമ്പോൾ, സഭയുടെമേൽ കെട്ടിവയ്ക്കാൻ മത്സരിച്ച ലേബലുകൾ ആർക്കാണ് നന്നായി ചേരുന്നതെന്ന്, അന്ന് സമരം നടത്തി സ്ഥാപനങ്ങൾ തല്ലിത്തകർത്ത രാഷ്ട്രീയ പാർട്ടികൾക്കും കേരള സമൂഹത്തിനും അറിയാം. എങ്കിലും, ഇപ്പോഴും അവസരം കിട്ടുമ്പോഴൊക്കെ, സ്വാശ്രയ ഏണിവച്ചു ക്രൈസ്തവ സമൂഹത്തെ താറടിക്കാനാണ് മിക്ക മാധ്യമക്കാർക്കും നിരീക്ഷകർക്കും താൽപര്യം!

ഇരുപത്തൊന്നാം നൂറ്റാണ്ടിലെ രണ്ടാം ദശകത്തിന്റെ ആരംഭത്തിലുണ്ടായ മറ്റൊരു സംഭവവും വിദ്യാഭ്യാസവുമായി ബന്ധപ്പെട്ടതുതന്നെയായിരുന്നു: 2010 ജൂലൈ 4 നു തൊടുപുഴ ന്യൂമാൻ കോളേജിലെ മലയാളം പ്രൊഫസറായ ടി. ജെ. ജോസഫ് എന്ന അധ്യാപകന്റെ വലതു കൈപ്പത്തി വെട്ടിമാറ്റുകയും ഇടതു കാല്പാദം കൊത്തിയരിയുകയും ചെയ്തു. പ്രസ്തുത അധ്യാപകൻ തയ്യാറാക്കിയ ചോദ്യപേപ്പറിൽ 'പ്രവാചകനിന്ദയും മതനിന്ദയുമുണ്ട്' എന്നാരോപിച്ചായിരുന്നു ആക്രമണം. 2010 മാർച്ച് 23 നു തൊടുപുഴ ന്യൂമാൻ കോളേജിൽ നടന്ന രണ്ടാം സെമസ്റ്റർ ബി.കോം മലയാളം ഇന്റേണൽ പരീക്ഷയിൽ ചിഹ്നങ്ങൾ ചേർത്തെഴുതാൻ നൽകിയ ഒരു ചോദ്യത്തിൽനിന്നായിരുന്നു സംഭവങ്ങളുടെ തുടക്കം. ഇതേത്തുടർന്നു ചില മുസ്ലിം സംഘടനകളുടെ ഭാഗത്തുനിന്നുണ്ടായ പ്രതിഷേധങ്ങളുടെ പശ്ചാത്തലത്തിൽ നടത്തിയ അന്വേഷണത്തിൽ, 'അധ്യാപകന്റെ ഭാഗത്തുനിന്നു വിവേകക്കുറവുണ്ടായി' എന്നു കണ്ടെത്തിയ കോളേജധികൃതർ, അധ്യാപകനെ സസ്പെൻഡു ചെയ്യുകയും, യൂണിവേഴ്സിറ്റി നിയമങ്ങൾ അനുസരിച്ചുള്ള ശിക്ഷണ നടപടികൾ സ്വീകരിക്കുകയും, തങ്ങളുടെ സ്ഥാപനത്തിൽനിന്നുണ്ടായ അവിവേകത്തിനു മുസ്ലിം സമൂഹത്തോട് മാപ്പു പറയുകയും ചെയ്തു. എങ്കിലും, ഇസ്ലാമിക തീവ്രവാദികൾ 'പ്രവാചക നിന്ദക്ക്' 'മതനിയമം' അനുശാസിക്കുന്ന ശിക്ഷ നേരിട്ട് നടപ്പാക്കി. അങ്ങനെ, സ്വതന്ത്ര ഇന്ത്യയിൽ, രാജ്യത്തിന്റെ നിയമങ്ങൾക്കു സമാന്തരമായി മറ്റൊരു നിയമവ്യവസ്ഥ നിലനിൽക്കുന്നു എന്ന് പ്രഖ്യാപിച്ചു! അധ്യാപകന്റെ പ്രവൃത്തിയിലെ 'അവിവേകം' കണ്ടെത്തിയ കോളേജധികൃതരും സഭാധികാരികളും, സാമൂഹിക ഐക്യവും സമാധാനവും സമൂഹത്തിൽ നിലനിർത്താനുള്ള ബാധ്യത ഏകപക്ഷീയമായി ഏറ്റെടുക്കുകയും, അത് കണ്ണിലെ കൃഷ്ണമണിപോലെ കാത്തുസൂക്ഷിക്കാനുള്ള തത്രപ്പാടിൽ, അധ്യാപകന്റെ മേൽ വിട്ടുവീഴ്ചയില്ലാതെ (കരുണയില്ലാതെ?) നീതി നടപ്പാക്കുകയും ചെയ്തു! അധ്യാപകൻ ഇട്ട ചോദ്യത്തിനും, അധ്യാപകന്റെമേൽ എടുത്ത ശിക്ഷണ നടപടിക്കും, അധ്യാപകന്റെ കൈകാലുകൾ വെട്ടിയതിനുപോലും, സഭയെ പ്രതിസ്ഥാനത്തു നിർത്തിക്കൊണ്ടുള്ള വിചാരണകൾ നടത്തുന്നതിൽ മാധ്യമങ്ങൾ തമ്മിൽ മത്സരിച്ചു! 'കേരളത്തിന്റെ പൊതുബോധത്തിൽ,' കത്തോലിക്കാ സഭ അങ്ങനെ വീണ്ടും പ്രതിരോധത്തിലായി! ഒരു ചോദ്യത്തെ വ്യാഖ്യാനിച്ചു മതനിന്ദയും പ്രവാചക നിന്ദയുമാക്കി, ഒരു വിദ്യാഭ്യാസ സ്ഥാപനത്തെ തല്ലിത്തകർക്കുകയും, അദ്ധ്യാപകന്റെമേൽ മത നിയമം അനുസരിച്ചുള്ള വിധി നടപ്പാക്കുകയും ചെയ്യാൻ കഴിയുന്നത്ര റാഡിക്കലൈസ് ചെയ്യപ്പെട്ട ഒരു വിഭാഗം, ഇവിടത്തെ മുസ്ലിം സമൂഹത്തിൽ ശക്തിപ്പെട്ടുകൊണ്ടിരിക്കുന്നു എന്ന യാഥാർത്ഥ്യത്തിനു നേരെ, മാധ്യമങ്ങളും നിരീക്ഷകരും സാംസ്കാരിക നായകരും രാഷ്ട്രീയ നേതാക്കളും കണ്ണടച്ചു!

ഇതേ ദശകത്തിന്റെ രണ്ടാം പാദം കൂടുതൽ കലുഷമായിരുന്നു. കത്തോലിക്കാസഭയ്ക്കുള്ളിൽനിന്നുയർന്നുകേട്ട ചില ഭിന്ന സ്വരങ്ങളും ചിലരുടെ വ്യക്തിജീവിതത്തിലെ വീഴ്ചകളും ഉപയോഗപ്പെടുത്തി, സഭക്കെതിരെയുള്ള നീക്കം ശക്തമാക്കിയെന്നു മാത്രമല്ല, മുമ്പു കാണാത്തവിധം സംഘടിതവുമായി. മാത്രവുമല്ല, ഈ നീക്കങ്ങളിൽ മുമ്പൊരിക്കലും രംഗത്തു വരാതിരുന്നവർ പ്രത്യക്ഷമായി രംഗത്തെത്തുകയും ചെയ്തു! ഇതേകാലത്ത്, ജലന്ധർ രൂപതയിലെ ഒരു ബിഷപ്പിനെതിരെ, അദ്ദേഹത്തിന്റെ രൂപതയിലെതന്നെ കന്യാസ്ത്രീകളിൽ ഒരു വിഭാഗത്തിനുണ്ടായിരുന്ന തർക്കങ്ങളും ഭിന്നതയും നീറിപ്പുകഞ്ഞ്, ഒരു അഗ്നിപർവതംപോലെ കേരളത്തിൽ വന്നു പൊട്ടിത്തെറിച്ചതിന്റെ പശ്ചാത്തലവും ഇതിനോടു ചേർത്തു വായിക്കാവുന്നതാണ്.

പരസ്പര ബന്ധമില്ലാതിരുന്ന പല വിഷയങ്ങളെ ബന്ധിപ്പിക്കുന്ന ആഖ്യാനങ്ങളിലൂടെ, കേരളത്തിലെ കത്തോലിക്കാ സഭാസമൂഹങ്ങൾക്കു നേരെയുള്ള, വിശിഷ്യാ അതിന്റെ നേതൃതലത്തിലുള്ള



www.malankaralibrary.com

വർക്ക് നേരെയുള്ള ഒരു സംഘടിത പ്രക്ഷോഭമാക്കി അതിനെ മാറ്റാൻ, അതിന്റെ സോഷ്യൽ എൻജിനിയറിങ്ങിന് നേതൃത്വം നൽകിയവർക്ക് കഴിഞ്ഞു. പൊതുസമൂഹത്തിൽ മാത്രമല്ല, സഭക്കുള്ളിൽപോലും അതു വലിയതോതിലുള്ള അസ്വസ്ഥതകൾ ഇളക്കിവിടുകയും ചെയ്തു. അങ്ങനെ, മൂന്നു പതിറ്റാണ്ടോളം, 'കേരളത്തിന്റെ പൊതുബോധത്തിൽ' 'പ്രതിരോധത്തിൽ' നിർത്തപ്പെട്ടിരുന്ന സഭ, ശരിക്കും 'പ്രതി'സ്ഥാനത്തേക്കു മാറ്റപ്പെടുന്ന കാഴ്ചയാണ് തുടർന്നു കണ്ടത്!

**ക്രൈസ്തവ വിരുദ്ധ പൊതുബോധ നിർമ്മിതിയുടെ ബാക്കിപത്രം**

സഭയുടെ നിശബ്ദതയും, സത്യം താനേ വെളിപ്പെടുമെന്ന വിശ്വാസവും, മാറിയ സാഹചര്യത്തിൽ ഒന്നിനും പരിഹാരമല്ല എന്ന തിരിച്ചറിവ് സഭയിലുണ്ടാക്കാൻ ഒരു പരിധി വരെ കഴിഞ്ഞു എന്നതാണ് ഇത്തരം സംഭവങ്ങളിൽനിന്നു സഭയിലെ ഉത്തരവാദിത്വപ്പെട്ടവർ പൊതുവെ ഉൾക്കൊണ്ട പാഠം. ചില സത്യങ്ങൾ തുറന്നു പറയുമ്പോൾ, ഇപ്പോൾ ചിലർക്ക് അങ്കലാപ്പാണ്! മതത്തെയും മതരാഷ്ട്രത്തെയും കൂട്ടിക്കെട്ടുന്ന ചിന്താധാരകളും പ്രത്യയശാസ്ത്രങ്ങളും സംഘടിത പ്രസ്ഥാനങ്ങളും മുഖ്യധാരാ രാഷ്ട്രീയപാർട്ടികളുടെ തന്നെ കടിഞ്ഞാൺ കരസ്ഥമാക്കുന്ന അപകടകരമായസ്ഥിതിവിശേഷം ചൂണ്ടിക്കാട്ടിയാൽ, അത് ഏതെങ്കിലുമൊരു മതത്തിനുനേരെയുള്ള വിദ്വേഷ പ്രചാരണമാകുന്നതെങ്ങനെ? ക്രൈസ്തവ സമൂഹത്തിൽനിന്ന് ആരെങ്കിലും ന്യൂനപക്ഷ അവകാശങ്ങളെപ്പറ്റി സംസാരിച്ചാൽ, അതിൽ മറ്റു ന്യൂനപക്ഷങ്ങൾ അസ്വസ്ഥരാകുന്നതെന്തിന്? സമൂഹത്തിൽ ശക്തിപ്പെട്ടുകൊണ്ടിരിക്കുന്ന ചില മതാധിപത്യ പ്രവണതകൾ ചൂണ്ടിക്കാട്ടുന്നത്, അനാവശ്യ ഭീതി വളർത്താനാണെന്നു പറയുന്നതിന് എന്തടിസ്ഥാനമാണുള്ളത്? ഇടതുവലതു രാഷ്ട്രീയ മുന്നണികൾ തീവ്രവാദ മതരാഷ്ട്രീയത്തെ തങ്ങൾക്കു നേട്ടമുണ്ടാക്കാൻ ഒളിഞ്ഞും തെളിഞ്ഞും ഉപയോഗിച്ചു വന്നിട്ടുണ്ട് എന്നതും വാസ്തവമല്ലേ? വാസ്തവം ഇതായിരിക്കേ, കേരളത്തിലെ ചില ദൃശ്യമാധ്യമങ്ങളും ചാനൽ ജഡ്ജിമാരും, നിരീക്ഷകരും, ഓൺലൈൻ, യു ട്യൂബ് വിദഗ്ധരും സമർത്ഥിക്കാൻ ശ്രമിക്കുംവിധം, കേരളത്തിന്റെ പൊതുബോധ'ത്തിൽ പ്രതിസ്ഥാനത്തു നിർത്തപ്പെടേണ്ടണ്ടഎന്ത് പാതകമാണ് കേരള ക്രൈസ്തവ സമൂഹം കേരളത്തിലെ ജനങ്ങളോട് ചെയ്തിട്ടുള്ളത്? യഥാർത്ഥത്തിൽ ഇവർ 'കേരളത്തിന്റെ പൊതുബോധം' എന്ന പേരിൽ പ്രചരിപ്പിക്കുന്നത് ഒരു വ്യാജ നിർമ്മിതിയാണ്. കളവാണ്. കേരളത്തിന്റെ പൊതുബോധം അതല്ല.

**പൊതുബോധ നിർമ്മിതി ആരുടെ ചുമതലയാണ്?**

'പൊതുബോധം' എന്നത് 'പൊതുനന്മ' എന്ന ലക്ഷ്യത്തിലേക്കുള്ള ഒരു സമൂഹത്തിന്റെ ബോധപൂർവമായ ചുവടുവയ്പ്പിന്റെ പ്രതിഫലനമാണ്. അത് മാധ്യമങ്ങളുടെ മാത്രം സൃഷ്ടിയല്ല, നന്മയുള്ള മനുഷ്യരിൽ നിന്നും അവരുടെ ത്യാഗോജ്വലമായ ജീവിതങ്ങളിൽനിന്നും സമൂഹ മനസാക്ഷി സ്വാംശീകരിച്ചെടുക്കുന്നതാണ് എന്ന തിരിച്ചറിവ് സമൂഹത്തിൽ വളർത്തിക്കൊണ്ടുവരേണ്ടത് അനിവാര്യമായിരിക്കുന്നു.

മനുഷ്യസമൂഹങ്ങളിലെ നന്മ, തലമുറകളിലേക്ക് കൈമാറുന്നതിൽ ആധുനിക മാധ്യമങ്ങളെക്കാൾ ഔപചാരിക വിദ്യാഭ്യാസത്തിനു ക്രിയാത്മകമായ പങ്കു വഹിക്കാനുണ്ട്. എല്ലാ മതങ്ങളിലെയും സ്വയം നവീകരണ ശക്തിയെ ഉണർത്തുന്നതിൽ ഔപചാരിക വിദ്യാഭ്യാസത്തിനും മത വിദ്യാഭ്യാസത്തിനുമുള്ള പങ്കു കുറച്ചുകണ്ടാൽ, സമൂഹത്തിൽ നിലനിൽക്കുന്ന സമാധാന, സൗഹൃദ അന്തരീക്ഷത്തിനു പരിഹരിക്കാനാവാത്ത പിഴവ് സംഭവിച്ചു എന്നു വരും. ഈ രംഗത്ത്, കേരളത്തിന്റെ കലാ സാഹിത്യ സാംസ്കാരിക രംഗങ്ങൾക്കും തനതായ പങ്കു വഹിക്കാനുണ്ട്. മതങ്ങളുടെയും മനുഷ്യന്റെയും പാരസ്പരികതക്കും മാനുഷിക മൂല്യങ്ങൾക്കും മനുഷ്യസഹനത്തിന്റെ വിമലീകരണ ശക്തിക്കും ഊന്നൽ നൽകിക്കൊണ്ടുള്ള കലാ സാഹിത്യ സൃഷ്ടികൾ മനുഷ്യവംശത്തിന്റെ ഈടു വയ്പ്പുകളാണ്. അതിന്റെ ശക്തി തിരിച്ചറിയുന്നിടത്താണ് സാംസ്കാരിക നായകർ സമൂഹത്തിന്റെ ക്രിയാത്മക പരിവർത്തനത്തിനുള്ള പാതകൾ ജനങ്ങൾക്കു മുൻപിൽ വെട്ടിത്തുറന്നു വയ്ക്കുന്നത്. നമ്മുടെ സാംസ്കാരികരംഗം ഈ കർത്തവ്യം നിർവഹിക്കുന്നതിൽ നിന്നു പിന്നോക്കം പോയിട്ടുണ്ടോ എന്ന് ആത്മശോധന നടത്തേണ്ടതില്ലേ?

**ഉപസംഹാരം**

ദൃശ്യമാധ്യമങ്ങൾ ഒരുവിധത്തിൽ സമൂഹത്തിന്റെ അനുഗ്രഹമാണ്. എന്നാൽ, അതിന്റെ തള്ളിച്ചയിൽ, സമൂഹത്തെ അതിന്റെ സന്തുലിതാവസ്ഥയിൽ നിലനിർത്തുന്ന മറ്റു തൂണുകൾ ദുർബലമാക്കി തകർന്നുവീഴാൻ ഇടയാക്കിയാൽ, ഏതെങ്കിലും ഒരു മതത്തിനോ സമുദായത്തിനോ മാത്രമല്ല, എല്ലാ മത സമുദായ രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്കും, അവയുടെ നന്മകൾ നിലനിർത്താനും സമൂഹത്തെ സേവിക്കാനുമുള്ള കഴിവ് നഷ്ടമാകും. ഇതു സമൂഹത്തിന് അപരിഹാര്യമായ നഷ്ടമുണ്ടാക്കും.



www.malankaralibrary.com

# സുറിയാനി പഠനം (മൂന്നാം ഭാഗം)



ഫാ. ഡോ. രാജു പറക്കോട്ട്
(SEERI, കോട്ടയം)

## പാഠം 2
## ഹെ-വാവ്-സയ്ൻ

സുറിയാനി അക്ഷരമാലയിലെ ആദ്യത്തെ 4 അക്ഷരങ്ങളെത്തുടർന്നുള്ള 3 അക്ഷരങ്ങളും, നാലാമത്തെ സ്വരവും, രണ്ടാമത്തെ മുഖ്യ ഉച്ചാരണ നിയമവും, ചെറിയ ഉച്ചാരണ നിയമവും, വാവ് (ܘ) എന്ന അക്ഷരവുമായി ബന്ധപ്പെട്ട നാല് ഉച്ചാരണനിയമങ്ങളും, വാവ് (ܘ) എന്ന അക്ഷരത്തിന്റെ പ്രത്യേക ഉപയോഗവുമാണ് ഈ പാഠത്തിന്റെ ഉള്ളടക്കം.

**അക്ഷരങ്ങൾ**

| അക്കം | ഉച്ചാരണം | പേര് | അക്ഷരം |
|---|---|---|---|
| 5 | ഹ് | ഹെ | ܗ |
| 6 | വ്/ഉ | വാവ് | ܘ |
| 7 | സ് | സയ്ൻ | ܙ |

**അക്ഷരങ്ങൾ എഴുതുന്ന വിധം**



**അക്ഷരങ്ങൾക്കുണ്ടാകുന്ന രൂപഭേദങ്ങൾ**

ഓരോ അക്ഷരവും ഒരു വാക്കിന്റെ ആദ്യം, ഇടയിൽ, അവസാനം വരുന്നതനുസരിച്ചു താഴെ ചേർക്കുന്നു.

| അവസാനം | ഇടയിൽ | ആദ്യം | തനിച്ച് | അക്ഷരം |
|---|---|---|---|---|
| ـܗ | ـܗـ | ܗـ | ܗ | ഹെ |
| ـܘ | ـܘـ | ܘـ | ܘ | വാവ് |
| ـܙ | ـܙـ | ܙـ | ܙ | സയ്ൻ |



www.malankaralibrary.com

**ശ്രദ്ധിക്കുക**

1. ഓലാഫും (ܐ) സയ്നും (ܙ) തമ്മിൽ രൂപസാദൃശ്യമുണ്ട്. ഇവ തമ്മിലുള്ള വ്യത്യാസം വലുപ്പത്തിൽ മാത്രമാണ്.

2. ഈ മൂന്ന് അക്ഷരങ്ങളും വലതുവശത്തെ അക്ഷരങ്ങളുമായി മാത്രമെ ബന്ധിപ്പിച്ച് എഴുതുകയുള്ളൂ.

3. ഈ മൂന്ന് അക്ഷരങ്ങൾക്കും പ്രത്യേകിച്ച് രൂപമാറ്റം ഒന്നും തന്നെ സംഭവിക്കുന്നില്ല.

**നാലാമത്തെ സ്വരം**

| ഉച്ചാരണം | പേര് | സ്വരം |
|---|---|---|
| ഉ, ഊ | അസോസോ | ܘ݁ |

**സ്വരം എഴുതുന്ന വിധം**



ഉ ഊ

**വായനാ പരിശീലനം**

| | | |
|---|---|---|
| സ, സാ = ܙܵ | വ, വാ = ܘܵ | ഹ, ഹാ = ܗܵ |
| സൊ, സോ = ܙܿ | വൊ, വോ = ܘܿ | ഹൊ, ഹോ = ܗܿ |
| സെ, സേ = ܙܹ | വെ, വേ = ܘܹ | ഹെ, ഹേ = ܗܹ |
| സു, സൂ = ܙܼ | വു, വൂ = ܘܼ | ഹു, ഹൂ = ܗܼ |

**രണ്ടാമത്തെ മുഖ്യ ഉച്ചാരണനിയമം**

**ഒരു പദത്തിലെ അന്ത്യാക്ഷരത്തിന് സ്വരം ഇല്ലെങ്കിൽ അതിന്റെ തൊട്ടുമുൻപിലെ അക്ഷരത്തിന്റെ സ്വരം ദീർഘമായി (long) ഉച്ചരിക്കും.**

ܗܵܘ - ഹാവ്. ܒܓܵܘ - ബ്ഗാവ്. ܗܵܒ - ഹാബ്.

**രണ്ടാമത്തെ ചെറിയ ഉച്ചാരണനിയമം**

**ഒരു പദത്തിലെ ഒരു സ്വരത്തിന് ഒരേ സമയം ഒന്നാമത്തെയും രണ്ടാമത്തെയും മുഖ്യ ഉച്ചാരണ നിയമം ബാധകമായി വന്നാൽ രണ്ടാമത്തെ നിയമമനുസരിച്ചാണ് വായിക്കുന്നത്.**

ഉദാ. ܐܵܚܹ



www.malankaralibrary.com

ഈ പദത്തിലെ ബേത്ത് (ܒ) എന്ന അക്ഷരത്തിന്റെ ◌ܰ (അ) എന്ന സ്വരത്തിന് ഒന്നാമത്തെ ഉച്ചാരണ നിയമവും, രണ്ടാമത്തെ ഉച്ചാരണ നിയമവും ഒരുപോലെ ബാധകമാണ്. ഇവിടെ രണ്ടാമത്തെ നിയമമനുസരിച്ച് ബേത്ത് (ܒ) എന്ന അക്ഷരം 'ബാ' എന്ന് ദീർഘമായി ഉച്ചരിച്ച് 'എബാദ്' എന്ന് വായിക്കുന്നു.

**വാവ് (ܘ) എന്ന അക്ഷരവുമായി ബന്ധപ്പെട്ട ഉച്ചാരണനിയമങ്ങൾ**

1. **◌ܽ (ഉ) എന്ന സ്വരത്തിനുശേഷം വരുന്ന വാവ് (ܘ) എന്ന അക്ഷരം ഉച്ചരിക്കുന്നില്ല.**

ܓܽܘܒܳܐ ഈ വാക്ക് 'ഗൂബൊ' എന്നാണ് ഉച്ചരിക്കുന്നത്. 'ഗുവ്ബൊ' എന്നല്ല.

◌ܽ (ഉ) എന്ന സ്വരത്തിനുശേഷം വരുന്ന വാവ് (ܘ) ഉച്ചരിക്കുന്നില്ലാത്തതിനാൽ ഈ അക്ഷരം ഇല്ല എന്ന് കരുതി ഒന്നാമത്തെ ഉച്ചാരണനിയമമനുസരിച്ച് അതായത് അക്ഷരങ്ങൾക്ക് തുടർച്ചയായി സ്വരങ്ങൾ വരുന്ന പദങ്ങളെപ്പോലെ വായിക്കുന്നു.

2. **◌ܳ (ഒ) എന്ന സ്വരത്തിനുശേഷം വരുന്ന വാവ് (ܘ) എന്ന അക്ഷരം ഉച്ചരിക്കുന്നില്ല.**

ܐܳܘ ഒ

◌ܳ (ഒ) എന്ന സ്വരത്തിനുശേഷം വരുന്ന വാവ് (ܘ) ഉച്ചരിക്കുന്നില്ലാത്തതിനാൽ ܐܳܘ എന്ന ഈ വാക്ക് 'ഒവ്' എന്നല്ല 'ഒ' എന്നാണ് ഉച്ചരിക്കുന്നത്.

3. **◌ܰ (അ) എന്ന സ്വരത്തിനുശേഷം വരുന്ന വാവ് (ܘ) എന്ന അക്ഷരം 'അവ്' എന്ന് ഉച്ചരിക്കുന്നു.**

ܓܰܘܣܳܐ ഗവ്സൊ

എന്നാൽ ഒരു പദത്തിന്റെ അന്ത്യാക്ഷരമായി ◌ܰ (അ) എന്ന സ്വരത്തിനുശേഷം വരുന്ന വാവ് (ܘ) രണ്ടാമത്തെ മുഖ്യ ഉച്ചാരണ നിയമമനുസരിച്ച് തന്നെയാണ് വായിക്കുന്നത്.

ܗܰܘ - ഹാവ്. ܒܓܰܘ - ബ്ഗാവ്.

4. **ഒരു പദത്തിലെ അവസാനത്തെ അക്ഷരം വാവ് (ܘ) വരികയും ആ വാവിനും അതിനു തൊട്ടു മുൻപുള്ള അക്ഷരത്തിനും സ്വരം ഇല്ലാതിരിക്കുകയും ചെയ്താൽ ആ വാവ് (ܘ) ഉച്ചരിക്കുന്നില്ല.**

എബാദ് ܐܶܒܰܕܘ

**വാവ് (ܘ) എന്ന അക്ഷരത്തിന്റെ പ്രത്യേക ഉപയോഗം**

പദങ്ങളും വാചകങ്ങളും തമ്മിൽ ബന്ധിപ്പിക്കുന്നതിന് 'ഉം' (and) എന്ന അർത്ഥത്തിൽ സമുച്ചയം (conjunction) ആയി വാവ് (ܘ) ഉപയോഗിക്കുന്നു.

(father and baby) പിതാവും ശിശുവും ܐܳܒܳܐ ܘܒܳܒܳܐ



www.malankaralibrary.com

**ശ്രദ്ധിക്കുക**

രണ്ട് പദങ്ങൾ തമ്മിൽ ബന്ധിപ്പിക്കുമ്പോൾ രണ്ടാമത്തെ പദത്തിന്റെ മുൻപിലായിട്ടാണ് വാവ് (ܘ) ചേർക്കുന്നത്. ഇങ്ങനെ രണ്ട് പദങ്ങൾ തമ്മിൽ ബന്ധിപ്പിക്കുമ്പോൾ വാവ് (ܘ) ഉ എന്നാണ് ഉച്ചരിക്കുന്നത്.

**പദപരിചയം**

(well) കിണർ ܓܘܒܐ

(nut) കായ് ܓܘܙܐ

(give) തരൂ, നൽകൂ ܗܒ

(inside) അകത്ത് ܓܘ

(oh) അല്ലയോ ܐܘ

**പരിശീലനം 2.1 സുറിയാനിയിൽ എഴുതുക**

1. ഹ - ഹാ, ഹൊ - ഹോ, ഹു - ഹൂ, ഹെ - ഹേ
2. വ - വാ, വൊ - വോ, വു - വൂ. വെ - വേ
3. സ - സാ, സൊ - സോ, സു - സൂ, സെ - സേ

**പരിശീലനം 2.2**
**സ്വരങ്ങൾ നല്കി അർത്ഥം എഴുതുക**

1. ܐܘ ✥ 2. ܓܘ ✥ 3. ܗܒ ✥ 4. ܓܘܙܐ ✥ 5. ܓܘܒܐ ✥

**പരിശീലനം 2.3 വിവർത്തനം ചെയ്യുക**

1. ܓܘܙܐ ܘܓܘܒܐ ✥
2. ܐܒܐ ܘܒܒܐ ܘܙܘܙܐ ܘܕܒܐ ܓܘ ܓܘܒܐ ✥
3. ܐܒܐ ܗܒ ܓܘܙܐ ✥

**പരിശീലനം 2.4 സുറിയാനിയിൽ എഴുതുക**

1. അമ്മാവാ കായ തരൂ
2. കിണറ്റിനകത്ത് കരടി
3. അല്ലയോ പിതാവേ കുട്ടി കിണറ്റിനകത്ത്



www.malankaralibrary.com



# TEACHER, ARE YOU A MENTOR ?



**Laiju Koshy Mathew**
(President, MCYM, Archdiocese of Thiruvalla)

Mentoring is a word which is very familiar in the educational world and it is never a new word too. This piece of writing aims at a self reflection of the teaching career based on a thought, 'Are we a mentor for our children?". In my perspective, mentoring is the best, and much needed teaching strategy in the post-covid school education. We might have learnt this concept in our theory classes of B.Ed, but it is very important to make it practical through our deeds as new generation is watching us. It is the need of the hour.

**Who is a mentor? What is mentoring ?**

Google defines a mentor as "an experienced and trusted adviser". Cambridge dictionary also states it in a similar manner : "a person who gives a younger or less experienced person help and advice over a period of time, especially at work or school." According to John Crosby, "mentoring is a brain to pick, an ear to listen, and a push in the right direction." Oprah Winfrey defines, "A mentor is someone who allows you to see the hope inside yourself." The etymology of this word is rooted to Homer's Odyssey. Mentor was a friend and trusted counselor of Odysseus. When Odysseus left for the Trojan War, he placed Mentor to take care of him, guide and teach him. This is how the word 'mentor' came into the use. In short, mentoring is a process where a more experienced person supports another's development outside the normal system.

**What are the differences between a teacher and a mentor ?**

Though we may feel that these words can be used interchangeably, it is important for us to understand the difference between these two words. There are a lot of difference between these two terms. A teacher shares from knowledge and a mentor shares from experience. A teacher focus on WHAT whereas a mentor focus on HOW or WHY. If instruction is the priority of a teacher, it is personal development for a mentor. Many often, teaching becomes a process of brain whereas mentoring is the process from the heart. Students will listen more attentively and convey active responses in a mentor's session



www.malankaralibrary.com

than in a teacher's session. Selfishness turns to selflessness in mentoring. A teacher always punish but a mentor always reinforce. A teacher touches a class whereas a mentor touches an individual life. In mentoring, students are often referred as 'my children' whereas in teaching, it may be 'their children'. I hope these difference will help a teacher to reflect upon his/her career. It is a wonderful experience to be a mentor.

**How Mentoring?**

This is another important question that can come to our mind. I would like to explain mentoring as a multi-dimensional process of TEACHING, GUIDING, INSPIRING, INFLUENCING & SUPPORTING. I believe these are the integral constituents of this process. If you want to be a mentor, you are not just suppose to teach the student, but you should be able to guide the ward in the right direction. If your presence and words inspire and influence your children, you are on that track of mentoring. When our children is down, we must be the scaffolding support for them. Here, a student loves his beloved teacher and it is not just the 'like'. At this context, I would like to point out the difference between three words which are always used in same sense. Those words are Staff, Teacher and Guru. Have you ever felt any difference between these words? Staff is a 'management' word and



teaches only. A teacher teaches from his knowledge, brain and text. A guru inspires and teaches from his experience and heart. Guru always guides, influences and supports his disciples. That was the reason why Christ was called as 'Rabbi'. A good teacher is always a guru and this is mentoring. A Guru is always with his disciples and



www.malankaralibrary.com

similarly a mentor will be available for 24 hours for the children. A teacher or staff may available only from 9 am to 4 pm.

**Why a teacher must be a mentor?**

A teacher must be a mentor because it is the need of the hour. As we know we are meeting up with the so called 'new generation' who is now affected with the effects of covid-19 pandemic too. In order to meet up with the developmental task of the children, we have to be mentors. Many schools and classrooms are going to face children who are addicted to electronic gadgets and other virtual interactive equipment. Today mobile phones have become very common and its effect is going to make our classrooms entirely different from pre covid classrooms. To bring back our children to better effective study habits, it is important for a teacher to change his or her role to mentoring where proper guidance, good influence and careful support is provided.

The over screen time usage and mobile online games have affected our children psychologically also. They became more aggressive, depressed, violent, impatient, less concentrating, lazy, passive etc. They can't manage any sort of stress too. In such psychological crisis, it is the duty of a teacher to bring back them to the normal as the hours in the school will be the only time in which students are free from mobile and games. Parents and teachers also have to realise that punishment and over strictness won't benefit much for this new generation.

Along with these insights, it is important for us to understand more about this generation and their features. According to various demographic studies, particularly to the Australian Demographer Mark McCrindle, Today's generation mainly belongs to Generation Z and Generation Alpha. Generation Z is the group of people who are born between 1996 and 2009 whereas Generation Alpha is the group of people who are born between 2010 and 2025 (cf. THE ABC OF XYZ : Understanding generations). I would like to call these generations as smart generation in together as they are born to the smart world where everything is smart. Touch phones are the basic entertainment of the kids of this generation, especially for Alpha. Their perspectives of world are also different and they love the leadership strategies of empowering and inspiring rather than controlling and guiding of the old generation. For them, a teacher (leader) must be a collaborator and co-creator rather than commanding. Thus, in this context, mentoring is the best teaching strategy.

**To Conclude**

Teachers need to upskill and renew our thoughts in this post covid world. Mentoring is the art of strengthening and developing a child to his/her full potential. It includes all round development. Mentoring is an extra-care and extra-support for children. This strategy can be applied in all sections of the society irrespective of school, family, church, youth ministry, catechism etc.

Dear, Teacher Are You A Mentor ?



www.malankaralibrary.com

## ഒരു നോമ്പുകാല ഗാനം



ടോമി ഈപ്പൻ വാളക്കുഴി
ആലപ്പുഴ

കാൽവരിക്കുന്നിലെ കനൽ  കാറ്റേ
കേൾക്കുന്നുവോ കന്യാജാതൻ  തൻ കദന സ്വരം,
ഇന്നും നിറയുന്നാ കാറ്റിൽ വേദന തിങ്ങും മർമരങ്ങളായി.
തിരുത്താനാവില്ല മനുജാ നിൻ കുരുതി,
മാനവരാശിക്കെന്നും അഭിശപ്തി.
കാൽവരിക്കുന്നിലെ കനൽ  കാറ്റേ....

തിരുമുറിവുകൾ അഞ്ചുണ്ടാ  തിരുമേനിയിൽ,
തിരുരക്തമൊഴുകിയ പാടുകൾ നീരുറവയായി ഒഴുകുന്നു,
തിരുത്താനാവില്ല മനുജാ നിൻ കുരുതി,
മാനവരാശിക്കെന്നും അഭിശപ്തി.
കാൽവരിക്കുന്നിലെ കനൽ  കാറ്റേ...

ശിരസ്സിലേറിയ മുൾക്കിരീട വടുക്കളും,
പാദ പാണികളിലെ  ആണിപ്പാടും,
തിരുമേനിയിലാകെ  നൊമ്പര കാഴ്ചയായി.
തിരുത്താനാവില്ല മനുജാ നിൻ കുരുതി.
മാനവരാശിക്കെന്നും അഭിശപ്തി.
കാൽവരിക്കുന്നിലെ കനൽ  കാറ്റേ...

## അഞ്ചാം ചരമവാർഷികം

25 മാർച്ച് 2021



## ഒ.പി. യോഹന്നാൻ

ഏദൻവില്ല, കുമ്പനാട്

പ്രാർത്ഥനയോടെ
ട്രീസ ജിബി
ഷെറിൻ, ജിറ്റി, നിമ്യാ
ജസ്റ്റിൻ, നിക്കോൾ ടെസ്സാ

## പാവനസ്മരണയ്ക്ക്



ദേവസ്യ മത്തായി
വാളംപറമ്പിൽ
1-ാം ചരമവാർഷികം
2021 മാർച്ച് 19



ത്രേസ്യാമ്മ ദേവസ്യ
വാളംപറമ്പിൽ
3-ാം ചരമവാർഷികം
2021 മാർച്ച് 6



www.malankaralibrary.com


# പുസ്തക പ്രകാശനം



കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവാ എഡിറ്റു ചെയ്ത, ദൈവദാസൻ മാർ ഇവാനിയോസ് പിതാവിന്റെ ജീവിതദർശനങ്ങളുടെ നേർകാഴ്ച, 'ദൈവസമ്പാദനം' എന്ന പുസ്തകം അത്യഭിവന്ദ്യ കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവാ പരിശുദ്ധ സുന്നഹദോസിൽവച്ച് പ്രകാശനം ചെയ്യുന്നു.



കോട്ടയം സീരിയിൽനിന്ന് ബഹു. ഡോ. രാജു പറക്കോട്ട് തയ്യാറാക്കിയ ഈസ്റ്റ് സിറിയക് ഗ്രാമ്മർ പുസ്തകം, കാക്കനാട്ട് സെന്റ് തോമസ് മൗണ്ടിൽ നടന്ന ചടങ്ങിൽവച്ച് കർദ്ദിനാൾ ജോർജ് ആലഞ്ചേരി പ്രകാശനം ചെയ്യുന്നു.




ഫാ. മാത്യു ചിറയിൽ രചിച്ച യേശുവിന്റെ പീഢാസഹനം, മരണം, ഉത്ഥാനം എന്ന പുസ്തകത്തിന്റെ പ്രകാശനം അഭിവന്ദ്യ തോമസ് മാർ കൂറിലോസ് പിതാവ് നിർവ്വഹിക്കുന്നു.



www.malankaralibrary.com

# അഭിനന്ദനങ്ങൾ....ആശംസകൾ....



2021 ലെ രാജീവ് ഗാന്ധി നാഷണൽ എക്സലൻസ് അവാർഡ് നേടിയ ഗുഡ്ഗാവ് ഭദ്രാസനാദ്ധ്യക്ഷൻ **ജേക്കബ് മാർ ബർണബാസ് തിരുമേനിക്ക്** തിരുവല്ല അതിഭദ്രാസനത്തിന്റെയും ഐക്യദീപം കുടുംബത്തിന്റെയും അഭിനന്ദനങ്ങൾ...ആശംസകൾ



എം.ജി. യൂണിവേഴ്സിറ്റി എം.എ. സുറിയാനിയ്ക്ക് ഒന്നാം റാങ്ക് കരസ്ഥമാക്കിയ തിരുവല്ല അതിഭദ്രാസനത്തിലെ **ഫാ. സെബാസ്റ്റ്യൻ കുന്നുംപുറത്തിന്** അതിഭദ്രാസനത്തിന്റെയും ഐക്യദീപം കുടുംബത്തിന്റെയും അഭിനന്ദനങ്ങൾ.



എം.ജി. യൂണിവേഴ്സ്റ്റിയിൽ സൈക്കോളജിയിൽ എട്ടാം റാങ്ക് കരസ്ഥമാക്കിയ തിരുവല്ല അതിഭദ്രാസനത്തിലെ കടമാൻകുളം ഇടവകാംഗമായ പുലിപ്രയിൽ **ദയ മേരി വർഗീസിന്** അതിഭദ്രാസനത്തിന്റെയും ഐക്യദീപം കുടുംബത്തിന്റെയും അഭിനന്ദനങ്ങൾ.



**പൗരോഹിത്യ സ്വീകരണത്തിന്റെ രജതജൂബിലി ആഘോഷിച്ച ഫാ. വിൽസൺ നിറകണ്ടത്തിൽ, ഫാ. ജോസ് മണ്ണൂർകിഴക്കേതിൽ, ഫാ. ജയിംസ് കുമ്പന്താനത്ത്, ഫാ. ഏബ്രഹാം കുളങ്ങര എന്നിവർ അഭിവന്ദ്യ പിതാവിനോടൊപ്പം. സമ്മേളനത്തിൽ പങ്കെടുക്കുവാൻ സാധിക്കാതിരുന്ന ഫാ. ജോർജ് തേക്കടയിൽ ഉൾപ്പെടെ ഏവർക്കും അഭിനന്ദനങ്ങളും ആശംസകളും.**



**ഹൈസ്കൂൾ വിഭാഗത്തിൽ മികച്ച അദ്ധ്യാപകനുള്ള സംസ്ഥാന അവാർഡ് നേടിയ ഷാജി മാത്യു കൂളിയാട്ടിന് കേരള ഡപ്യൂട്ടി സ്പീക്കർ മെമന്റോ നൽകുന്നു. തിരുവല്ല സെന്റ് ജോൺസ് കത്തീഡ്രൽ ഇടവകാംഗമായ ശ്രീ.ഷാജി മാത്യു, ഇരുവള്ളിപ്ര സെന്റ് തോമസ് ഹൈസ്കൂൾ പ്രഥമാദ്ധ്യാപകനാണ്.**



**യു.എ.ഇ. യിലെ മലങ്കര കത്തോലിക്കാസഭയുടെ കോർഡിനേറ്ററായി നിയമിതനായിരിക്കുന്ന ഫാ. ഡോ. വർഗീസ് മനയ്ക്കലേട്ടിന് തിരുവല്ല അതിഭദ്രാസനത്തിന്റെയും ഐക്യദീപത്തിന്റെയും അഭിനന്ദനങ്ങളും, ആശംസകളും.**



www.malankaralibrary.com

# REMEMBRANCE - APRIL

**Fr L. John**
04 April 1973




**Fr Samuel Nilackal**
08 April 2002



**Fr Thomas**
Elavunkal
09 April 1998



**Fr. Behanan**
Cherupalathil
10 April 2016




**Fr Mathew**
Chempothinal
15 April 2002

**ഏപ്രിൽ 08**
**ലോറൻസ് മാർ അപ്രേം**
**തിരുമേനിയുടെ ഓർമ്മ (1997)**



**ഏപ്രിൽ 28**
**ഐസക് മാർ യൂഹാനോൻ**
**തിരുമേനിയുടെ ഓർമ്മ (1987)**



## ഉപകാരസ്മരണ

**യൂദാശ്ലീഹായോടുള്ള പ്രാർത്ഥന**

മിശിഹായുടെ ചാർച്ചക്കാരനും/വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ് വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും/മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും/അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ. നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക്/അങ്ങയുടെ മദ്ധ്യസ്ഥതയിൽ (ഇവിടെ ആവശ്യം പറയുക)/ ഈ അനുഗ്രഹം സാധിച്ചു തരണമെ./എന്റെ എല്ലാ ആവശ്യങ്ങളിലും/ വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും/ എന്നെ പ്രത്യേകം സംരക്ഷിക്കണമേ./ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും/ എന്റെ പ്രത്യേക മദ്ധ്യസ്ഥനായി/അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും/ഞാൻ വാഗ്ദാനം ചെയ്യുന്നു.

**ഒരു വിശ്വാസി**

## ഉപകാരസ്മരണ

**യൂദാശ്ലീഹായോടുള്ള പ്രാർത്ഥന**

മിശിഹായുടെ ചാർച്ചക്കാരനും/വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ് വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും/മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും/അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ. നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക്/അങ്ങയുടെ മദ്ധ്യസ്ഥതയിൽ (ഇവിടെ ആവശ്യം പറയുക)/ ഈ അനുഗ്രഹം സാധിച്ചു തരണമെ./എന്റെ എല്ലാ ആവശ്യങ്ങളിലും/ വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും/ എന്നെ പ്രത്യേകം സംരക്ഷിക്കണമേ./ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും/ എന്റെ പ്രത്യേക മദ്ധ്യസ്ഥനായി/അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും/ഞാൻ വാഗ്ദാനം ചെയ്യുന്നു.

**ഒരു വിശ്വാസി**

## ഉപകാരസ്മരണ

**യൂദാശ്ലീഹായോടുള്ള പ്രാർത്ഥന**

മിശിഹായുടെ ചാർച്ചക്കാരനും/വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ് വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും/മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും/അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ. നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക്/അങ്ങയുടെ മദ്ധ്യസ്ഥതയിൽ (ഇവിടെ ആവശ്യം പറയുക)/ ഈ അനുഗ്രഹം സാധിച്ചു തരണമെ./എന്റെ എല്ലാ ആവശ്യങ്ങളിലും/ വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും/ എന്നെ പ്രത്യേകം സംരക്ഷിക്കണമേ./ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും/ എന്റെ പ്രത്യേക മദ്ധ്യസ്ഥനായി/അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും/ഞാൻ വാഗ്ദാനം ചെയ്യുന്നു.

**ഒരു വിശ്വാസി**



www.malankaralibrary.com



**ഹോളിസ്പിരിറ്റ് സിസ്റ്റേഴ്സിന്റെ (OSS) റീജണൽ ലീഡർ ആയി തിരഞ്ഞെടുക്കപ്പെട്ട സി. അന്നമ്മ ഒ.എസ്.എസ്. നും സി. കൊച്ചുത്രേസ്യാ, സി. മെർലിൻ, സി. ലിസിയ, സി. മേരി ജോ എന്നീ കൗൺസിലേഴ്സിനും ആശംസകൾ.**




**ഉപകാരസ്മരണ**

**യൂദാശ്ലീഹായോടുള്ള പ്രാർത്ഥന**

മിശിഹായുടെ ചാർച്ചക്കാരനും/വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ് വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും/മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും/അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ. നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക്/അങ്ങയുടെ മദ്ധ്യസ്ഥതയിൽ (ഇവിടെ ആവശ്യം പറയുക)/ ഈ അനുഗ്രഹം സാധിച്ചു തരണമെ./എന്റെ എല്ലാ ആവശ്യങ്ങളിലും/ വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും/ എന്നെ പ്രത്യേകം സംരക്ഷിക്കണമേ./ഈ ഉപകാരം ഞാൻ എന്നും ഓർത്തു കൊള്ളാമെന്നും/ എന്റെ പ്രത്യേക മദ്ധ്യസ്ഥനായി/അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും/ഞാൻ വാഗ്ദാനം ചെയ്യുന്നു.

**ജോളി ജോർജ്, ഗുജറാത്ത്**




**ഉപകാരസ്മരണ**

**യൂദാശ്ലീഹായോടുള്ള പ്രാർത്ഥന**

മിശിഹായുടെ ചാർച്ചക്കാരനും/വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ് വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും/മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും/അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ. നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക്/അങ്ങയുടെ മദ്ധ്യസ്ഥതയിൽ (ഇവിടെ ആവശ്യം പറയുക)/ ഈ അനുഗ്രഹം സാധിച്ചു തരണമെ./എന്റെ എല്ലാ ആവശ്യങ്ങളിലും/ വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും/ എന്നെ പ്രത്യേകം സംരക്ഷിക്കണമേ./ഈ ഉപകാരം ഞാൻ എന്നും ഓർത്തു കൊള്ളാമെന്നും/ എന്റെ പ്രത്യേക മദ്ധ്യസ്ഥനായി/അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും/ഞാൻ വാഗ്ദാനം ചെയ്യുന്നു.

**ജോളി ജോർജ്, ഗുജറാത്ത്**

**ഉദ്ദിഷ്ടകാര്യത്തിന് ഉപകാരസ്മരണ**



**ലീലാമ്മ ഏബ്രഹാം**
**ചെമ്പനാൽ,**
**കുമ്പനാട്**

## പ്രധാനപ്പെട്ട ദിവസങ്ങൾ - ഏപ്രിൽ 2021

ഏപ്രിൽ 01 - പെസഹാ വ്യാഴം
ഏപ്രിൽ 02 - ദുഃഖവെള്ളി
ഏപ്രിൽ 04 - കൃംതാ (ഉയിർപ്പു പെരുന്നാൾ)
ഏപ്രിൽ 08 - ലോറൻസ് മാർ അപ്രേം തിരുമേനിയുടെ ഓർമ്മ (1997)
ഏപ്രിൽ 11 - പുതുഞായറാഴ്ച, സെമിനാരി ദിനം
ഏപ്രിൽ 12 - അഭിവന്ദ്യ എബ്രഹാം മാർ യൂലിയോസ് തിരുമേനിയുടെ നാമഹേതുക തിരുനാൾ
ഏപ്രിൽ 28 - അഭിവന്ദ്യ ഐസക് മാർ യൂഹാനോൻ തിരുമേനിയുടെ ഓർമ്മ (1987)

## Matrimonial

**M-315**

പത്തനംതിട്ട രൂപതയിലെ മലങ്കര കത്തോലിക്കാ കുടുംബാംഗവും ഒന്നര വർഷമായി ഒമാനിൽ ഓഡിയോളജിസ്റ്റായി ജോലി ചെയ്യുന്ന, മേയിൽ അവധിയ്ക്കു നാട്ടിൽ വരുന്ന യുവതി (26 വയസ്സ്, 157 c.m.), ഗൾഫ് രാജ്യങ്ങൾ/ഓസ്ട്രേലിയ, ന്യൂസിലാൻഡ്, യു.കെ. എന്നീ രാജ്യങ്ങളിൽ സമാന തസ്തികയിൽ ജോലി ചെയ്യുന്നവരെയും എഞ്ചിനീയറിംഗ്/എം.ബി.എ. പാസ്സായിട്ടുള്ളതുമായ ദൈവഭയമുള്ള മലങ്കര കത്തോലിക്കാ/സീറോ മലബാർ കുടുംബാംഗങ്ങളിൽനിന്നും വിവാഹ ആലോചന ക്ഷണിയ്ക്കുന്നു.

Contact : 9496107171, 9946389984

**M-316**


തിരുവല്ല അതിഭദ്രാസനത്തിൽപെട്ട മലങ്കര കത്തോലിക്കാ യുവാവ്, 29 വയസ്സ് (Bcom Computer) യു.എ.ഇ.യിൽ LLC കമ്പനിയിൽ ജോലി ചെയ്യുന്നു. ഡിഗ്രിയോ, ജോലിയോ ഉള്ള പെൺകുട്ടികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.

Contact : 8943995424



www.malankaralibrary.com

# മതാദ്ധ്യാപകരത്നം




അരനൂറ്റാണ്ടുകാലം മതാദ്ധ്യാപകനായും അതിൽതന്നെ കാൽ നൂറ്റാണ്ടിലധികം പ്രധാനാദ്ധ്യാപകനായും മതബോധനരംഗത്തും, സെന്റ് വിൻസന്റ് ഡി പോൾ സൊസൈറ്റിയുടെ കോൺഫറൻസ്, ഏരിയാ കൗൺസിൽ, സെൻട്രൽ കൗൺസിൽ എന്നീ തലങ്ങളിൽ മൂന്ന് പതിറ്റാണ്ടിലധികം ഭാരവാഹിയായി സാധുജനസേവന രംഗത്തും, ക്ലാസ്സുകൾ, സംവാദങ്ങൾ, ലേഖനങ്ങൾ എന്നിവയിലൂടെ സുവിശേഷ പ്രഘോഷണരംഗത്തും തിളങ്ങി നിന്നിരുന്ന അയിരൂർ താഴമൺ ജോയിസാറിന്റെ ജീവിത സമർപ്പണത്തെയും സഭാസേവനത്തെയും ഒളിമങ്ങാതെ പ്രകാശിപ്പിക്കുന്ന അനുസ്മരണ ഗ്രന്ഥം, അതാണ് 'മതാദ്ധ്യാപകരത്നം'. ജോയിസാറിന്റെ ജീവിതത്തിൽ തെളിഞ്ഞു വിളങ്ങിയിരുന്ന സവിശേഷതകൾ അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിയും അഭിവന്ദ്യ പിതാക്കന്മാരും, ബഹുമാനപ്പെട്ട വൈദികരും, സന്യസ്തരും, സഹപ്രവർത്തകരും സ്നേഹിതരും ബന്ധുക്കളുമായ അല്മായരും അക്ഷരരൂപത്തിൽ അവതരിപ്പിച്ചിരിക്കുന്നു. സത്യവിശ്വാസത്തിന്റെ മഹത്വമറിഞ്ഞ വിശ്വാസി, മുൻഗണനാ ക്രമത്തിൽ എന്നും സഭയ്ക്ക് ഒന്നാം സ്ഥാനം നല്കിയിരുന്ന സഭാസ്നേഹി, അല്മായ പ്രേഷിതത്വത്തിന്റെ അർത്ഥതലങ്ങൾ ഉൾക്കൊണ്ട പ്രേഷിതൻ, എപ്പോഴും കർമ്മനിരതനായിരുന്ന കർമ്മയോഗി, ചരിത്രസ്നേഹി, ദൈവത്തിനു കടം കൊടുത്തവൻ, താഴ്മയുള്ള താഴമൺ ജോയിസാർ തുടങ്ങിയ അനേക വിശേഷണങ്ങളാൽ അദ്ദേഹത്തിന്റെ ജീവിതത്തിന്റെ വിവിധ വശങ്ങളെ ഗ്രന്ഥത്തിൽ പ്രതിപാദിച്ചിരിക്കുന്നു. ഇതുപോലൊരു സഭാസ്നേഹിയായ പ്രേഷിതനെ ഞാൻ കണ്ടിട്ടില്ല. അദ്ദേഹത്തിന്റെ ജീവിതം വരും തലമുറയ്ക്ക് പാഠപുസ്തകമാണ്; അല്മായ പ്രേഷിതത്വത്തിന്റെ സമ്പൂർണ്ണ മാതൃകയായി പിൻതലമുറ ധ്യാനിക്കേണ്ട ജീവിതമാണ് ജോയിസാറിന്റേത് എന്ന് അവതരണദൂതിൽ അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് പിതാവ് എഴുതുന്നു. ജോയിസാറിന്റെ ധന്യമായ ജീവിതത്തെപ്പറ്റിയുള്ള ഓർമ്മകൾ അനശ്വരമാക്കാൻ അദ്ദേഹത്തിന്റെ ദർശനവും ജീവിതവും മുൻനിർത്തി തിരുവല്ല അതിരൂപതയുടെ മുഖ്യവികാരി ജനറാൾ ബഹുമാനപ്പെട്ട ചെറിയാൻ താഴമൺ അച്ചൻ തയ്യാറാക്കിയതാണ് 'മതാദ്ധ്യാപകരത്നം'.

ജോയിസാർ വിവിധ വിഷയങ്ങളെ പുരസ്കരിച്ച് തയ്യാറാക്കിയ പതിനെട്ട് ലേഖനങ്ങളും ഇതിൽ ചേർത്തിരിക്കുന്നു. അദ്ദേഹത്തിന്റെ ജീവചരിത്രകുറിപ്പും ജോയിസാറിനോടൊപ്പം വിവിധ മേഖലകളിൽ സഹകരിച്ച് പ്രവർത്തിച്ചവരും അദ്ദേഹത്തെ ആഴത്തിൽ അറിയുന്നവരുമായ ഏതാനും വ്യക്തികളുടെ അനുസ്മരണയും ഗ്രന്ഥത്തിന്റെ മാറ്റ് വർദ്ധിപ്പിക്കുന്നു. മനോഹരമായി എഡിറ്റ് ചെയ്ത് പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഗ്രന്ഥം അനുവാചകർക്ക് ആവേശമാകും. വരും തലമുറ അത്ഭുതത്തോടെ ഈ ജീവിതത്തെ അറിയാൻ ഈ ഗ്രന്ഥം സഹായകമാകും എന്നതിൽ സംശയമില്ല. നല്ല വായനാനുഭവം നല്കുന്ന ഗ്രന്ഥം. വായിക്കാനും വാങ്ങി സുഹൃത്തുക്കൾക്ക് നല്കാനും ഒരു ഉത്തമ ഗ്രന്ഥം.

| | | |
|---|---|---|
| എഡിറ്റർ | : | ഫാ. ചെറിയാൻ താഴമൺ |
| പുസ്തകം ലഭിക്കുന്ന സ്ഥലങ്ങൾ | : | മേരിഗിരി, ശാന്തിനിലയം; തിരുവല്ല,<br>ഇഗ്നേഷ്യൻ ബുക്ക് സെന്റർ, പട്ടം;<br>തിരുവനന്തപുരം. |
| വില | : | 195 രൂപ. |



www.malankaralibrary.com

# മലങ്കരയുടെ മല്പാന് ആദരാഞ്ജലികൾ



മലങ്കര സുറിയാനി കത്തോലിക്കാസഭയിലെ സീനിയർ വൈദികനും മല്പാനും സുറിയാനി പണ്ഡിതനുമായ പത്തനംതിട്ട ഭദ്രാസനാംഗം **റവ. ഡോ. ഗീവർഗീസ് ചേടിയത്ത്** (76) ഫെബ്രുവരി 21–ാം തീയതി നിര്യാതനായി. പത്തനംതിട്ട ഭദ്രാസനത്തിന്റെ ചാൻസലർ, മൈനർ സെമിനാരി ആധ്യാത്മിക പിതാവ് എന്നീ നിലകളിലും ഓമല്ലൂർ–ആറ്റരികം സെന്റ് ജോർജ് പള്ളി വികാരിയുമായി പ്രവർത്തിക്കുകയായിരുന്നു. വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിലും (1979–1993) തുടർന്ന് 1993 മുതൽ തിരുവനന്തപുരം സെന്റ് മേരീസ് മലങ്കര മേജർ സെമിനാരിയിലും പ്രഫസറായിരുന്നു. നൂറ്റിപതിനെട്ട് ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. നിരവധി അന്തർദേശീയ അക്കാദമിക് സമിതികളിൽ അംഗമായിരുന്നു. വിയന്നായിലെ പ്രോ–ഓരിയന്തേ ഫൗണ്ടേഷനിൽ പതിറ്റാണ്ടുകളായി പ്രവർത്തിച്ചിരുന്ന അദ്ദേഹം കത്തോലിക്ക–മലങ്കര ഓർത്തഡോക്സ്, കത്തോലിക്ക–സിറിയൻ ഓർത്തഡോക്സ് അന്തർദേശീയ ദൈവശാസ്ത്ര കമ്മീഷനുകളിൽ പ്രതിനിധിയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്.

ഐക്യദീപം മാസികയുടെ അഭ്യുദയകാംക്ഷിയും, ഐക്യദീപത്തിന്റെ സ്ഥിരം ലേഖനകർത്താവുമായിരുന്ന മലങ്കരയുടെ വന്ദ്യ മല്പാനച്ചന് ആദരവോടെ വിട.

www.malankaralibrary.com

**AIKYADEEPAM MONTHLY**
Mar giri, Tiruvalla, Kerala
Ph : 0469-2600626, Fax : 0469-2600822

Date of Publication : 01.04.2021
Price : ₹10/-

R.N.I. 35982/80
April 2021




Printed and Published b Fr. Thomas Kodinattukunnel, Published from Mar giri, Archbishop's House, Tiruvalla, Kerala
and Printed at Mangalam Web Media, Kotta am, Kerala, Chief Editor : Rev. Dr. Isaac Parappallil

www.malankaralibrary.com